# വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 27.03.2025 –ലെ യോഗത്തിന്റെ അജണ്ട


| ഖണ്ഡിക നമ്പർ | വിഷയം | പേജ് നമ്പർ |
|---|---|---|
| 4 | **പ്രത്യേക വിഷയം** | 5 |
| 4.1 | ആലപ്പുഴ ജില്ലാ പഞ്ചായത്ത് | 5 |
| 4.2 | കൊഴിഞ്ഞാമ്പാറ ഗ്രാമപഞ്ചായത്ത് | 5 |
| 4.3 | കവിയൂർ ഗ്രാമപഞ്ചായത്ത് | 6 |
| 4.4 | പൊന്നാനി മുനിസിപ്പാലിറ്റി | 6 |
| 4.5 | വനത്തോട് ചേർന്നുള്ള പ്രദേശത്ത് ഫെൻസിംഗ് , കിടങ്ങ് നിർമ്മാണം | 7 |
| 4.6 | Kerala Development And Innovation Strategic Council ( K-Disc) | 7 |
| 4.7 | Kerala Development And Innovation Strategic Council ( K-Disc) | 9 |
| 4.8 | കവളങ്ങാട് ഗ്രാമപഞ്ചായത്ത് | 9 |
| 4.9 | തച്ചമ്പാറ ഗ്രാമപഞ്ചായത്ത് | 10 |
| 4.10 | എരുമേലി ഗ്രാമപഞ്ചായത്ത് | 10 |
| 4.11 | കൊഴിഞ്ഞാമ്പാറ ഗ്രാമപഞ്ചായത്ത് | 10 |
| 4.12 | ദേവികുളം ഗ്രാമപഞ്ചായത്ത് | 11 |
| 4.13 | ദേവികുളം ഗ്രാമപഞ്ചായത്ത് | 11 |
| 4.14 | ഞീഴൂർ ഗ്രാമപഞ്ചായത്ത് | 11 |
| 4.15 | ചിറക്കടവ് ഗ്രാമപഞ്ചായത്ത് | 12 |
| 4.16 | ചങ്ങനാശ്ശേരി നഗരസഭ | 12 |
| 4.17 | അത്രൂർ ഗ്രാമപഞ്ചായത്ത് | 12 |
| 4.18 | വയനാട് ജില്ലാ പഞ്ചായത്ത് | 13 |
| 4.19 | വയനാട് ജില്ലാ പഞ്ചായത്ത് | 13 |
| 4.20 | ചെറുകുന്ന് ഗ്രാമപഞ്ചായത്ത് | 14 |
| 4.21 | പൊന്മള ഗ്രാമപഞ്ചായത്ത് | 14 |
| 4.22 | കോഴിക്കോട് ജില്ലാ പഞ്ചായത്ത് | 14 |
| 4.23 | മുണ്ടേരി ഗ്രാമപഞ്ചായത്ത് | 15 |
| 4.24 | കൊടകര ബ്ലോക്ക് പഞ്ചായത്ത് | 16 |
| 4.25 | പുലാമാന്തോൾ ഗ്രാമപഞ്ചായത്ത് | 16 |
| 4.26 | നൂൽപ്പുഴ ഗ്രാമപഞ്ചായത്ത് | 17 |
| 4.27 | ചെങ്ങന്നൂർ ബ്ലോക്ക്പഞ്ചായത്ത് | 17 |
| 4.28 | ആലപ്പുഴ ജില്ലാ പഞ്ചായത്ത് | 18 |
| 4.29 | അമ്പലപ്പുഴ ബ്ലോക്ക് പഞ്ചായത്ത് | 18 |
| 4.30 | അടിമാലി ബ്ലോക്ക് പഞ്ചായത്ത് | 18 |
| 4.31 | അടിമാലി ബ്ലോക്ക് പഞ്ചായത്ത് | 19 |
| 4.32 | എറണാകുളം ജില്ലാ പഞ്ചായത്ത് | 19 |
| 4.33 | കുടുംബശ്രീ | 19 |
| 4.34 | മുക്കം നഗരസഭ | 20 |
| 4.35 | നീണ്ടൂർ ഗ്രാമപഞ്ചായത്ത് | 21 |
| 4.36 | ഇളമാട് ഗ്രാമപഞ്ചായത്ത് | 21 |
| 4.37 | ബാലരാമപുരം ഗ്രാമപഞ്ചായത്ത് | 22 |
| 4.38 | പള്ളിക്കൽ ഗ്രാമപഞ്ചായത്ത് | 22 |
| 4.39 | നന്മണ്ട ഗ്രാമപഞ്ചായത്ത് | 22 |
| 4.40 | ദേലംപാടി ഗ്രാമപഞ്ചായത്ത് | 23 |
| 4.41 | Behaviour and Occupational Thereppy - ശ്രീമതി. മിഷ ചന്ദ്രൻ | 23 |

| | | |
|---|---|---|
| 4.42 | ഇടുക്കി ജില്ലാ പഞ്ചായത്ത് | 24 |
| 4.43 | പഴയന്നൂർ ബ്ലോക്ക് പഞ്ചായത്ത് | 24 |
| 4.44 | പത്തനംതിട്ട ജില്ലാ പഞ്ചായത്ത് | 25 |
| 4.45 | ആതിരപ്പള്ളി ഗ്രാമപഞ്ചായത്ത് | 25 |
| 4.46 | പാറശ്ശാല ബ്ലോക്ക് പഞ്ചായത്ത് | 25 |
| 4.47 | കതിരൂർ ഗ്രാമപഞ്ചായത്ത് | 26 |
| 4.48 | കണ്ണൂർ ജില്ലാ പഞ്ചായത്ത് | 26 |
| 4.49 | മക്കരപ്പറമ്പ് ഗ്രാമപഞ്ചായത്ത് | 27 |
| 4.50 | മലപ്പുറം ജില്ലാപഞ്ചായത്ത് | 27 |
| 4.51 | കൊണ്ടോട്ടി മുനിസിപ്പാലിറ്റി | 29 |
| 4.52 | കോതമംഗലം ബ്ലോക്ക് പഞ്ചായത്ത് | 30 |
| 4.53 | കുന്നംകുളം നഗരസഭ | 30 |
| 4.54 | കൊട്ടുവായൂർ ഗ്രാമപഞ്ചായത്ത് | 31 |
| 4.55 | താഴെക്കോട് ഗ്രാമപഞ്ചായത്ത് | 31 |
| 4.56 | കൊട്ടുങ്ങല്ലൂർ മുനിസിപ്പാലിറ്റി | 31 |
| 4.57 | കണ്ണൂർ കോർപ്പറേഷൻ | 32 |
| 4.58 | കോഴിക്കോട് ജില്ലാപഞ്ചായത്ത് | 33 |
| 4.59 | കായംകുളം നഗരസഭ | 33 |
| 4.60 | അഞ്ചരക്കണ്ടി ഗ്രാമപഞ്ചായത്ത് | 33 |
| 4.61 | മുളക്കുഴ ഗ്രാമപഞ്ചായത്ത് | 34 |
| 4.62 | മുളക്കുഴ ഗ്രാമപഞ്ചായത്ത് | 34 |
| 4.63 | വയനാട് ജില്ലാ പഞ്ചായത്ത് | 34 |
| 4.64 | അതിദരിദ്ര നിർമ്മാർജ്ജന പദ്ധതി – കെയർഫണ്ട് | 35 |
| 4.65 | ആലപ്പുഴ ജില്ലാ പഞ്ചായത്ത് | 35 |
| 4.66 | കോട്ടയം ജില്ലാ ആസൂത്രണസമിതി | 35 |
| 4.67 | പഴയന്നൂർ ബ്ലോക്ക് പഞ്ചായത്ത് | 35 |
| 4.68 | തളിക്കുളം ഗ്രാമപഞ്ചായത്ത് | 36 |
| 4.69 | മലപ്പുറം ജില്ലാ ആസൂത്രണസമിതി | 36 |
| 4.70 | വെളിയനാട് ബ്ലോക്ക് പഞ്ചായത്ത് | 36 |
| 4.71 | നന്ദിയോട് ഗ്രാമപഞ്ചായത്ത് | 37 |
| 4.72 | കുത്തുപ്പറമ്പ് നഗരസഭ | 37 |
| 4.73 | തെക്കുംഭാഗം ഗ്രാമപഞ്ചായത്ത് | 37 |
| 4.74 | ഉണ്ണിക്കുളം ഗ്രാമപഞ്ചായത്ത് | 38 |
| 4.75 | ആലപ്പുഴ ജില്ലാ പഞ്ചായത്ത് | 38 |
| 4.76 | ദേവികുളം ഗ്രാമപഞ്ചായത്ത് | 38 |
| 4.77 | പറപ്പൂക്കര ഗ്രാമപഞ്ചായത്ത് | 39 |
| 4.78 | പട്ടുവം ഗ്രാമപഞ്ചായത്ത് | 39 |
| 4.79 | ഊർങ്ങാട്ടിരി ഗ്രാമപഞ്ചായത്ത് | 40 |
| 4.80 | തൂണേരി ബ്ലോക്ക് പഞ്ചായത്ത് | 40 |
| 4.81 | എറണാകുളം ജില്ലാ പഞ്ചായത്ത് | 40 |
| 4.82 | Embrit – Infotech | 40 |
| 4.83 | പത്തനംതിട്ട ജില്ലാ പഞ്ചായത്ത് | 41 |
| 4.84 | ഷോളയാർ ഗ്രാമപഞ്ചായത്ത് | 41 |
| 4.85 | അഗളി ഗ്രാമപഞ്ചായത്ത് | 42 |
| 4.86 | ചടയമംഗലം ബ്ലോക്ക് പഞ്ചായത്ത് | 42 |
| 4.87 | കുറ്റിപ്പുറം ബ്ലോക്ക് പഞ്ചായത്ത് | 43 |
| 4.88 | മണിയൂർ ഗ്രാമപഞ്ചായത്ത് (അദാലത്ത്) | 43 |

| | | |
|---|---|---|
| 4.89 | ള്ളുണേരി ബ്ലോക്ക് പഞ്ചായത്ത് | 43 |
| 4.90 | ള്ളുണേരി ബ്ലോക്ക് പഞ്ചായത്ത് | 44 |
| 4.91 | ദേവികുളം ഗ്രാമപഞ്ചായത്ത് | 44 |
| 4.92 | പള്ളിക്കൽ ഗ്രാമപഞ്ചായത്ത് | 44 |
| 4.93 | വെള്ളനാട് ഗ്രാമപഞ്ചായത്ത് | 45 |
| 4.94 | പറവൂർ ബ്ലോക്ക് പഞ്ചായത്ത് | 45 |
| 4.95 | ചിറയിൻകീഴ് ബ്ലോക്ക് പഞ്ചായത്ത് | 45 |
| 4.96 | പൂതാടി ഗ്രാമപഞ്ചായത്ത് | 46 |
| 4.97 | അരിക്കുളം ഗ്രാമപഞ്ചായത്ത് | 46 |
| 4.98 | ദേവികുളം ഗ്രാമപഞ്ചായത്ത് | 46 |
| 4.99 | Vegitable and Fruit Promotion Council – Keralam | 50 |
| 4.100 | ദി കേരള സ്റ്റേറ്റ് കോപ്പറേറ്റീവ് മാർക്കറ്റിംഗ് ഫെഡറേഷൻ ലിമിറ്റഡ് ( കേരള മാർക്കറ്റ് ഫെഡ്) | 50 |
| 4.101 | കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ് | 51 |
| 4.102 | ടെക്നോളജി ആന്റ് ഗവേർണൻസ് സപ്പോർട്ട് ഫോറം | 52 |
| 4.103 | പിറവന്തൂർ ഗ്രാമപഞ്ചായത്ത് | 52 |
| 4.104 | വയലാർ ഗ്രാമപഞ്ചായത്ത് | 52 |
| 4.105 | താനാളൂർ ഗ്രാമപഞ്ചായത്ത് | 53 |
| 4.106 | കുട്ടിക്കൽ ഗ്രാമപഞ്ചായത്ത് | 53 |
| 4.107 | കടപ്പുറം ഗ്രാമപഞ്ചായത്ത് | 53 |
| 4.108 | വെള്ളനാട് ഗ്രാമപഞ്ചായത്ത് | 54 |
| 4.109 | ചെങ്ങന്നൂർ ബ്ലോക്ക് പഞ്ചായത്ത് | 54 |
| 4.110 | എറണാകുളം ജില്ലാ പഞ്ചായത്ത് | 54 |
| 4.111 | മൂന്നിലവ് ഗ്രാമപഞ്ചായത്ത് | 55 |
| 4.112 | അട്ടപ്പാടി ബ്ലോക്ക് പഞ്ചായത്ത് | 55 |
| 4.113 | അമ്പലവയൽ ഗ്രാമപഞ്ചായത്ത് | 55 |
| 4.114 | മങ്കട ബ്ലോക്ക് പഞ്ചായത്ത് | 56 |
| 4.115 | കേരള ഖാദി വ്യവസായ ബോർഡ് | 56 |
| 4.116 | മണ്ണഞ്ചേരി ഗ്രാമപഞ്ചായത്ത് | 57 |
| 4.117 | മണക്കാട് ഗ്രാമപഞ്ചായത്ത് | 57 |
| 4.118 | പന്തളം ബ്ലോക്ക് പഞ്ചായത്ത് | 58 |
| 4.119 | ചങ്ങനാശ്ശേരി നഗരസഭ | 58 |
| 4.120 | ചങ്ങനാശ്ശേരി നഗരസഭ | 58 |
| 4.121 | JOB CAFE | 59 |
| 4.122 | ഏഴോം ഗ്രാമപഞ്ചായത്ത് | 59 |
| 4.123 | എറണാകുളം ജില്ലാ പഞ്ചായത്ത് | 59 |
| 4.124 | കടത്തനാട് കോക്കനട്ട് പ്രൊഡ്യൂസർ കമ്പനി | 60 |
| 4.125 | പാമ്പാടി ബ്ലോക്ക് പഞ്ചായത്ത് | 61 |
| 4.126 | വെളിയം ഗ്രാമപഞ്ചായത്ത് | 61 |
| 4.127 | കോഴിക്കോട് ബ്ലോക്ക് പഞ്ചായത്ത് | 62 |
| 4.128 | മങ്കട ബ്ലോക്ക് പഞ്ചായത്ത് | 62 |
| 4.129 | മങ്കട ബ്ലോക്ക് പഞ്ചായത്ത് | 62 |
| 4.130 | അരീക്കോട് ബ്ലോക്ക് പഞ്ചായത്ത് | 63 |
| 4.131 | കണ്ണൂർ ജില്ലാ പഞ്ചായത്ത് | 63 |
| 4.132 | കുറ്റിപ്പുറം ബ്ലോക്ക് പഞ്ചായത്ത് | 63 |
| 4.133 | മാവേലിക്കര ബ്ലോക്ക് പഞ്ചായത്ത് | 64 |
| 4.134 | എറണാകുളം ജില്ലാ പഞ്ചായത്ത് | 64 |

| | | |
|---|---|---|
| 4.135 | എറണാകുളം ജില്ലാ പഞ്ചായത്ത് | 64 |
| 4.136 | വോർക്കാടി ഗ്രാമപഞ്ചായത്ത് | 65 |
| 4.137 | ചവറ ബ്ലോക്ക് പഞ്ചായത്ത് | 65 |
| 1.138 | നീലേശ്വരം ബ്ലോക്ക് പഞ്ചായത്ത് | 65 |
| 4.139 | തിരുവനന്തപുരം കോർപ്പറേഷൻ | 66 |
| 4.140 | പൂതക്കുളം ഗ്രാമപഞ്ചായത്ത് | 66 |
| 4.141 | ഏറാമല ഗ്രാമപഞ്ചായത്ത് | 67 |
| 4.142 | കടലുണ്ടി ഗ്രാമപഞ്ചായത്ത് | 67 |
| 4.143 | മൃഗസംരക്ഷണ വകുപ്പ് | 67 |
| 4.144 | പനങ്ങാട് ഗ്രാമപഞ്ചായത്ത് | 68 |
| 4.145 | ആരക്കുഴ ഗ്രാമപഞ്ചായത്ത് | 68 |
| 4.146 | വണ്ടൂർ ബ്ലോക്ക് പഞ്ചായത്ത് | 69 |

No./400/2024/SRG/LSGD/CC(7)

## വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയോഗം
## 27.03.2025 (വ്യാഴാഴ്ച) രാവിലെ 11.30 മണിക്ക്
## നവകൈരളി ഹാൾ, അനക്സ് II, സെക്രട്ടേറിയറ്റ്
## അജണ്ട

### 4. പ്രത്യേക വിഷയം

1

### 4.1 ആലപ്പുഴ ജില്ലാ പഞ്ചായത്ത്

ആലപ്പുഴ ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ 14.01.2025-ലെ കത്തും ശുചിത്വ മിഷൻ ജില്ലാ കോഓർഡിനേറ്ററുടെ കത്തുകളും (2 എണ്ണം) അനുബന്ധരേഖകളും (SRG/92/25 – CC/842/2023)

വിഷയം:- ആലപ്പുഴ ജില്ലയെ സമ്പൂർണ്ണ ശുചിത്വ ജില്ലയാക്കി മാറ്റുന്നതിന്റെ ഭാഗമായി DPR തയ്യാറാക്കുന്നത് സംബന്ധിച്ച്

| | | |
|---|---|---|
| *പ്രോ.നം:* 500/25 | *അടങ്കൽ* | *10,00,000 രൂപ* |
| | | *തനത് ഫണ്ട്* |
| *പേര്* | *ആലപ്പുഴ ജില്ലാ പഞ്ചായത്ത് 2023-24 മാലിന്യമുക്ത ജില്ലാ ക്യാമ്പയിൻ ഫോർ റിജുവനേഷൻ ഓഫ് ഡ്രെയിനേജ് നെറ്റ് വർക്ക് ഇൻ ആലപ്പുഴ തയ്യാറാക്കൽ* | |

ആലപ്പുഴ ജില്ലയെ സമ്പൂർണ്ണ ശുചിത്വ ജില്ലയാക്കി മാറ്റുന്നതിനായി ജില്ലാപഞ്ചായത്ത് തയ്യാറാക്കിയിട്ടുള്ള പ്രത്യേക പദ്ധതിക്കും, ഖരമാലിന്യ ശുചിത്വ പ്രോജക്റ്റുകൾക്കും ദ്രവമാലിന്യ മാനേജ്മെന്റ് പഠനം നടത്തി DPR തയ്യാറാക്കാൻ ഉദ്ദേശിക്കുന്നു. ക്യാമ്പയിൻ ഫോർ റിജുവനേഷൻ ഓഫ് ഡ്രെയിനേജ് നെറ്റ് വർക്ക് ഇൻ ആലപ്പുഴ എന്ന പേരിലാണ് ജില്ലാ പഞ്ചായത്ത് പദ്ധതി ഏറ്റെടുത്തിട്ടുള്ളത്. ഗാർഹിക ദ്രവ മാലിന്യ മാനേജ്മെന്റ്, വേലിയേറ്റ വെള്ളപ്പൊക്ക മാനേജ്മെന്റ്, നീർവാഴ്ച എന്നിവയാണ് പ്രധാന ജനകീയ ക്യാമ്പയിനുകൾ. ഇതിന്റെ ഭാഗമായാണ് DPR തയ്യാറാക്കുന്നത്. DPR തയ്യാറാക്കുന്നതിനായി അക്രഡിറ്റേഷനുള്ള Centre for Socio Economic Environmental Studies (CSES) എന്ന സ്ഥാപനത്തെ ചുമതലപ്പെടുത്താൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

2

### 4.2 കൊഴിഞ്ഞാമ്പാറ ഗ്രാമപഞ്ചായത്ത്

പാലക്കാട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 04.10.2024-ലെ കത്തും കൊഴിഞ്ഞാമ്പാറ ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 23.07.2024-ലെ 4-ാം നമ്പർ തീരുമാനവും 29.01.2025-ലെ 1(2)-ാം നമ്പർ തീരുമാനവും അനുബന്ധരേഖകളും (SRG/ 1003/24 – CC/593/2024)

വിഷയം:- ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടത്തിൽ കുടുംബശ്രീ യൂണിറ്റ് നടത്തിയ നിർമ്മാണ പ്രവൃത്തികൾക്ക് തുക നൽകുന്നത് സംബന്ധിച്ച്.

കൊഴിഞ്ഞാമ്പാറ ഗ്രാമപഞ്ചായത്തിന്റെ ഉപയോഗിക്കാതെ കിടന്നിരുന്ന പഴയ ഓഫീസ് കെട്ടിടം കുടുംബശ്രീ യൂണിറ്റിന്റെ **'മിൽക്കോ'** എന്ന സംരംഭത്തിന്റെ പ്രവർത്തനത്തിനായി വിട്ടു നൽകിയിരുന്നു. പാലിൽ നിന്ന് മൂല്യവർദ്ധിത ഉല്പന്നങ്ങൾ നിർമ്മിക്കുന്ന യൂണിറ്റാണ് **'മിൽക്കോ'**. ഗ്രാമപഞ്ചായത്തിന്റെ കെട്ടിടം ഉപയോഗ്യമാക്കുന്നതിന് കുടുംബശ്രീ യൂണിറ്റ് സ്വന്തം ചെലവിൽ അറ്റകുറ്റപ്പണി നടത്തി. കുടുംബശ്രീ യൂണിറ്റ് ഉടനെ തന്നെ ആരംഭിക്കേണ്ടതുള്ളതിനാൽ ഗ്രാമപഞ്ചായത്ത് ചുമതലപ്പെടുത്താതെ കുടുംബശ്രീ നേരിട്ട് അറ്റകുറ്റപ്പണി നടത്തുകയായിരുന്നു. ഗ്രാമപഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയർ തയ്യാറാക്കിയ വാല്യുവേഷൻ പ്രകാരം 10,21,000 രൂപയുടെ അറ്റകുറ്റപ്പണിയാണ് നടത്തിയത്. കുടുംബശ്രീക്ക് സാമ്പത്തികശേഷി ഇല്ലാത്തതിനാൽ ഗ്രാമപഞ്ചായത്തിൽ നിന്ന് ഈ തുക കുടുംബശ്രീ യൂണിറ്റിനു തിരികെ നൽകാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു. Solid Block ഉപയോഗിച്ച്

മതിലിന്റ ഉയരം കൂട്ടുക, GI പൈപ്പ് ഉപയോഗിച്ച് GI ഷീറ്റ് ഇടുക, നിലം കോൺക്രീറ്റ് ചെയ്ത് ടൈൽ ഇടുക , PVC വാട്ടർ ടാങ്ക് സ്ഥാപിക്കൽ തുടങ്ങിയവയാണ് നടത്തിയിട്ടുള്ള പ്രവൃത്തുകൾ.

3

## 4.3 കവിയൂർ ഗ്രാമപഞ്ചായത്ത്

കവിയൂർ ഗ്രാമപഞ്ചായത്ത് 10-ാം വാർഡ് മെമ്പറുടെ 12.11.2024-ലെ കത്തും കോഓർഡിനേഷൻ കമ്മിറ്റിയുടെ 13.08.2024-ലെ യോഗ തീരുമാനവും അനുബന്ധരേഖകളും (SRG/ 1095/24)

വിഷയം:- കവിയൂർ ഗ്രാമപഞ്ചായത്തിൽ ഭവന നിർമ്മാണത്തിനുള്ള പ്രോജക്ട് നടപ്പാക്കുന്നത് സംബന്ധിച്ച്.

കവിയൂർ ഗ്രാമപഞ്ചായത്ത് 2023-24 വർഷം വീട് വാസയോഗ്യമാക്കുന്നതിന് 112/24, 118/24 എന്നീ നമ്പറുകളിലായി രണ്ട് പ്രോജക്ട് ഏറ്റെടുത്തിരുന്നു. 112/24-ാം നമ്പർ (ഭവന പുനരുദ്ധാരണം) പ്രോജക്ടിന് ഒരു ഗുണഭോക്താവിന് 50,000 രൂപ വീതവും 10-ാം വാർഡിലേയ്ക്ക് മാത്രമായി എടുത്തിട്ടുള്ള 118/24-ാം നമ്പർ (വീട് വാസയോഗ്യമാക്കൽ) പ്രോജക്ടിന് ഒരു ഗുണഭോക്താവിന് 1.00 ലക്ഷം രൂപ വീതവും പരമാവധി നൽകാവുന്ന രീതിയിലാണ് പ്രോജക്ട് തയ്യാറാക്കിയിരിക്കുന്നത്. ഒരേ സ്വഭാവമുള്ള പ്രോജക്ടിന് രണ്ട് നിരക്കിൽ സബ്സിഡി നൽകുന്നത് നീതിയല്ലെന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ അറിയിച്ചതനുസരിച്ച് ഇതിന്മേൽ വ്യക്തത വരുത്താൻ ജില്ലാ ആസൂത്രണസമിതി മുഖേന കോഓർഡിനേഷൻ കമ്മിറ്റിയോട് ആവശ്യപ്പെട്ടിരുന്നു. ഇത് പരിശോധിച്ച് റിപ്പോർട്ട് നൽകാൻ 06.03.2024-ലെ കോഓർഡിനേഷൻ കമ്മിറ്റി യോഗം പത്തനംതിട്ട തദ്ദേശസ്വയംഭരണ വകുപ്പ് ജോയിന്റ് ഡയറക്ടറെ ചുമതലപ്പെടുത്തുകയും ജോയിന്റ് ഡയറക്ടർ റിപ്പോർട്ട് നൽകുകയും ചെയ്തു. ജോയിന്റ് ഡയറക്ടറുടെ റിപ്പോർട്ടിന്റെ കൂടി അടിസ്ഥാനത്തിൽ ഇനി പറയും പ്രകാരം 13.08.2024-ലെ കോഓർഡിനേഷൻ കമ്മിറ്റി യോഗം ഗ്രാമപഞ്ചായത്തിനോട് നിർദ്ദേശിക്കുകയും ചെയ്തിരുന്നു.

"ഗ്രാമപഞ്ചായത്തിനെ മൊത്തമായി ഒരു യൂണിറ്റായി കണ്ട് മാർഗ്ഗരേഖയിൽ പറയുന്ന നിരക്കിൽ പ്രോജക്ട് തയ്യാറാക്കി നിർമ്മാണ പ്രവൃത്തിയുടെ വാല്യുവേഷൻ പ്രകാരം മാർഗ്ഗരേഖയിലെ നിരക്കിൽ പരിമിതപ്പെടുത്തി അർഹമായ ധനസഹായം നൽകണം. ഒരു പ്രോജക്ടിൽ മാർഗ്ഗരേഖ പ്രകാരമുള്ള നിരക്കും ഇതേ ആവശ്യത്തിനുള്ള മറ്റൊരു പ്രോജക്ടിൽ കുറഞ്ഞ നിരക്കിലും പ്രോജക്ട് തയ്യാറാക്കിയത് വീഴ്ചയാണെന്നും ഇത്തരം വീഴ്ചകൾ ഇനി ആവർത്തിക്കരുതെന്നും" കോഓർഡിനേഷൻ കമ്മിറ്റി നിർദ്ദേശിച്ചിരുന്നു.

ഈ വർഷം (2024-25) വീട് മെയിന്റനൻസിന് 84/25-ാം നമ്പറായി പ്രോജക്ട് എടുത്തിട്ടുണ്ട്. 38 ഗുണഭോക്താക്കൾക്ക് 50,000 രൂപ വീതം നൽകുന്ന രീതിയിൽ 19.00 ലക്ഷം രൂപ വികസനഫണ്ട് (ജനറൽ) വകയിരുത്തി പ്രോജക്ട് എടുത്തിട്ടുണ്ട്. മാർഗ്ഗരേഖയിൽ പറയുന്ന പ്രകാരം ഒരു ഗുണഭോക്താവിന് പരമാവധി 1.00 ലക്ഷം രൂപ ലഭിക്കുന്ന വിധം പ്രോജക്ട് ഭേദഗതി ചെയ്ത് വേണം നടപ്പാക്കേണ്ടതെന്ന് നിർദ്ദേശം നൽകണമെന്നാവശ്യപ്പെട്ടിരിക്കുന്നു.

4

## 4.4 പൊന്നാനി മുനിസിപ്പാലിറ്റി

പൊന്നാനി മുനിസിപ്പൽ ചെയർമാന്റെ 20.03.2024-ലെ കത്തും പൊന്നാനി നഗരസഭാ കൗൺസിലിന്റെ 15.03.2024-ലെ 10-ാം നമ്പർ തീരുമാനവും അനുബന്ധരേഖകളും (SRG/ 39/25 - DA1/416/2024 - LSGD)

വിഷയം:- പൊന്നാനി നഗരസഭയിലെ മാതൃ-ശിശു ആശുപത്രിയിലേയ്ക്ക് താൽക്കാലിക ജീവനക്കാരെ നിയമിക്കുന്നത് സംബന്ധിച്ച്

പൊന്നാനി നഗരസഭയിലെ മാതൃ-ശിശു ആശുപത്രിയിലേയ്ക്ക് അധികമായി 24 സ്റ്റാഫിനെ പൊന്നാനി നഗരസഭയും പൊന്നാനി താലൂക്കിലെ മറ്റു തദ്ദേശഭരണ സ്ഥാപനങ്ങളും ചേർന്ന് 31.03.2024 വരെ നിയമിക്കാൻ 17.11.2023-ലെ DB/2262/2023/LSGD

നമ്പർ ഉത്തരവ് പ്രകാരം സർക്കാർ അനുമതി നൽകിയിരുന്നു. താഴെപ്പറയും പ്രകാരമാണ് ജീവനക്കാരെ നിയമിച്ചിരുന്നത്.

| | |
|---|---|
| നേഴ്സിംഗ് ഓഫീസർ | 15 |
| നേഴ്സിംഗ് അസിസ്റ്റന്റ് | 5 |
| ഡേറ്റാ എൻട്രി ഓപ്പറേറ്റർ | 2 |
| OT ടെക്നീഷ്യൻ | 1 |
| ഇലക്ട്രീഷ്യൻ | 1 |
| **ആകെ** | **24** |

പൊന്നാനി നഗരസഭയും പൊന്നാനി ബ്ലോക്ക് പഞ്ചായത്തും 10.00 ലക്ഷം രൂപ വീതവും പൊന്നാനി താലൂക്കിലെ ഗ്രാമപഞ്ചായത്തുകൾ 5 ലക്ഷം രൂപ വീതവും വകയിരുത്താനാണ് അനുമതി നൽകിയിരുന്നത്. ഇതേ രീതിയിൽ 2024-25 വർഷവും മുകളിൽ പറഞ്ഞ പ്രകാരം നിയമിക്കാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

5

**4.5 വനത്തോടു ചേർന്നുള്ള പ്രദേശത്ത് ഫെൻസിംഗ്, കിടങ്ങ് നിർമ്മാണം**

ബഹു. വനവും വന്യജീവി സംരക്ഷണവും വകുപ്പ് മന്ത്രി 07.08.2023-ന് ബഹു.മുഖ്യമന്ത്രിക്ക് നൽകിയ കുറിപ്പ്. (SRG/ 26/25 – EPA3/436/2023 – LSGD)

വിഷയം:- വനത്തോടു ചേർന്നുള്ള പ്രദേശത്ത് ഫെൻസിംഗ് കിടങ്ങ് എന്നിവയുടെ നിർമ്മാണത്തിന് തദ്ദേശഭരണ സ്ഥാപനങ്ങളുടെ വിഹിതം വകയിരുത്തുന്നത് സംബന്ധിച്ച്

**(1)** വനാതിർത്തി പങ്കിടുന്ന തദ്ദേശഭരണസ്ഥാപനങ്ങളെ വന്യജീവിയിൽ നിന്ന് സംരക്ഷണം ഒരുക്കുന്നതിന് ഫെൻസിംഗും കിടങ്ങും നിർമ്മിക്കേണ്ടതുണ്ട്. ഏകദേശം 3000 കിലോ മീറ്ററോളം വരുന്ന സ്ഥലത്ത് കിടങ്ങും ഫെൻസിംഗും നിർമ്മിക്കാൻ വനം വകുപ്പിന്റെ വിഹിതം തികയില്ല. അതിനാൽ വനാതിർത്തിയിൽ കിടങ്ങ്, ഫെൻസിംഗ് എന്നിവ നിർമ്മിക്കുന്നതിന് തദ്ദേശഭരണ സ്ഥാപനങ്ങളുടെ വിഹിതം ഉപയോഗിക്കാൻ അനുമതി നൽകണമെന്നാവശ്യപ്പെട്ടിരിക്കുന്നു. മനുഷ്യ- വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിന് സംസ്ഥാനത്ത് 8 റാപ്പിഡ് റെസ്പോൺസ് ടീം (RRT) രൂപീകരിച്ചിട്ടുണ്ട്. RRT ക്ക് ആവശ്യമായ വാഹനങ്ങൾ നൽകുന്നതിന് തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഫണ്ട് ഉപയോഗിക്കാൻ അനുമതി നൽകണമെന്നാവശ്യപ്പെട്ടിരിക്കുന്നു.

**(2)** കാട്ടുപന്നിയെ വെടിവയ്ക്കുന്നതിനുള്ള പ്രതിഫല തുക 1000 രൂപയിൽ നിന്ന് 2000 ആക്കുന്നതിനും (ഒന്നിന്) പന്നിയുടെ ജഡം സംസ്കരിക്കുന്നതിന് 1500 രൂപ വീതം ചെലവഴിക്കാനും തദ്ദേശഭരണ സ്ഥാപനങ്ങളുടെ തനത് ഫണ്ട് ഉപയോഗിക്കുന്നതിന് നിർദ്ദേശം നൽകണമെന്ന് ആവശ്യപ്പെട്ടിരിക്കുന്നു.

6

**4.6 Kerala Development and Innovation Strategic Council ( K- Disc)**

Kerala Development and Innovation Strategic Council മെമ്പർ സെക്രട്ടറിയുടെ 18.02.2025-ലെ 683/2025/K-DISC നമ്പർ കത്ത് (SRG/186/25)

വിഷയം:- ഒരു തദ്ദേശ സ്വയം ഭരണ സ്ഥാപനം ഒരാശയം എന്ന പദ്ധതിയിലൂടെ കണ്ടെത്തുന്ന നൂതനാശയങ്ങൾ ഉൾക്കൊള്ളുന്ന പ്രോജക്ടുകളുടെ അംഗീകാരം സംബന്ധിച്ച്

'ഒരു തദ്ദേശ സ്വയംഭരണ സ്ഥാപനം ഒരാശയം' പദ്ധതിയിലൂടെ കണ്ടെത്തുന്ന നൂതനാശയങ്ങൾ സമയബന്ധിതമായി തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ നടപ്പിലാക്കുന്നതിന്റെ ഭാഗമായി താഴെപ്പറയുന്നവ കോഓർഡിനേഷൻ കമ്മിറ്റിയുടെ പരിഗണനയ്ക്കായി നൽകിയിരിക്കുന്നു.

തദ്ദേശ സ്വയംഭരണ സ്ഥാപനതലത്തിൽ ഇന്നൊവേഷൻ പ്രോത്സാഹിപ്പിക്കുന്നതിന് വേണ്ടി സുസ്ഥിരമായ ഒരു സംവിധാനം ലക്ഷ്യമിട്ടുകൊണ്ട് 'ഒരു തദ്ദേശസ്വയംഭരണസ്ഥാപനം ഒരാശയം' (ഒ.എൽ.ഒ.ഐ) എന്ന പദ്ധതി പ്രഖ്യാപിച്ചിട്ടുണ്ട്. പതിനാലാം പഞ്ചവത്സര പദ്ധതിയിൽ നൂതനമായ ആശയങ്ങൾ**,** നവീന സാങ്കേതികവിദ്യകൾ**,** പുതിയ പ്രക്രിയകൾ**,**

പുതിയ നിർവഹണ രീതികൾ, പുതിയ പങ്കാളിത്ത മാതൃകകൾ, പുതിയ മൂലധന നിക്ഷേപ രീതികൾ എന്നിവ അവലംബിച്ചു കൊണ്ടുള്ള നൂതന പ്രോജക്ടുകൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഏറ്റെടുക്കുക എന്നതാണ് ലക്ഷ്യം.

ഒരു തദ്ദേശസ്വയംഭരണ സ്ഥാപനം ഒരാശയം (OLOI) പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ 215 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തങ്ങളുടെ വികസനപ്രശ്നങ്ങൾ നൂതനാശയ രൂപീകരണ പ്രക്രിയയിലൂടെ പരിഹാരം തേടുന്നതിനായി 'സുലേഖ' ഓൺലൈൻ പോർട്ടൽ സംവിധാനത്തിലൂടെ സമർപ്പിച്ചിട്ടുണ്ട്. പൈലറ്റ് ഘട്ടത്തിലേയ്ക്ക് നൂറോളം തദ്ദേശഭരണ സ്ഥാപനങ്ങൾ ഒൻപത് വിഷയമേഖലകളിലായി സമർപ്പിച്ച പ്രോജക്ടുകൾ അതത് വിഷയ മേഖലയിലെ അക്കാദമിക/ഗവേഷണ സ്ഥാപനങ്ങളായ ഐ.ഐ.ടി ബോംബെ, കുഫോസ്, കേരള ശാസ്ത്ര സാങ്കേതിക സർവകലാശാല, ഇന്റഗ്രേറ്റഡ് റൂറൽ ടെക്നോളജി സെന്റർ, ഡി.സി.എസ്. മാറ്റ് എന്നീ അക്കാദമിക ഗവേഷണ സ്ഥാപനങ്ങളെ ഉൾപ്പെടുത്തി നൂതനാശയ രൂപീകരണ പ്രക്രിയ നടത്തി വിശദമായ പദ്ധതിരേഖകൾ തയ്യാറാക്കി അവ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. ഇപ്രകാരം തയ്യാറാക്കിയവയിൽ താഴെപ്പറയുന്ന പ്രോജക്ടുകൾ കോഓർഡിനേഷൻ കമ്മിറ്റിയുടെ പരിഗണനയ്ക്ക് നൽകിയിരിക്കുന്നു.

| ക്രമ നം | പ്രോജക്ടിന്റെ പേര് | അടങ്കൽ തുക(രൂപ) |
|---|---|---|
| | ഇന്നോവേഷൻ കമ്മിറ്റി പദ്ധതി അംഗീകരിക്കുകയും കോഓർഡിനേഷൻ കമ്മിറ്റിയുടെ അനുമതിക്കായി സമർപ്പിക്കാൻ നിർദ്ദേശിക്കുകയും ചെയ്തവ | |
| 1 | ഇളകമൺ പഞ്ചായത്തിലെ കുടിവെള്ള പ്രശ്നം പരിഹരിക്കുന്നതിന് ഐഐടി ബോംബെ തയ്യാറാക്കിയ 'ഷാഫ്റ്റ്' ടെക്നോളജി | 25 ലക്ഷം രൂപ |
| | വെറ്റിംഗ് പൂർത്തിയായി, ഇന്നൊവേഷൻ കമ്മിറ്റിയുടെ പരിഗണനയിലേക്ക് ശുപാർശ ചെയ്ത പ്രോജക്ട്. | |
| 2 | ശാസ്ത്രീയമായി കക്ക ഇറച്ചി സംസ്കരിച്ചു മൂല്യവർദ്ധിത ഉല്പന്നങ്ങൾ ഉണ്ടാക്കുന്നതിനും കയറ്റുമതി കൂട്ടുന്നതിനും ആയി കുഫോസ് മുന്നോട്ടുവച്ച മാതൃകയുടെ പദ്ധതി രേഖ. | 50.26 ലക്ഷം രൂപ |
| | ഡിപിസി പരിശോധിച്ചശേഷം വെറ്റിംഗിനായി വിഷയാടിസ്ഥാനത്തിൽ വിവിധ വെറ്റിങ് ഓഫീസർക്ക് സമർപ്പിച്ചിട്ടുള്ള പ്രോജക്ട്. | |
| 3 | ശ്രീനാരായണപുരം ഗ്രാമപഞ്ചായത്ത് നേരിട്ടുവരുന്ന കഠിനമായ കുടിവെള്ള പ്രശ്നത്തിന്റെ അടിയന്തിര പരിഹാരമെന്നോണം ഒരു ഹൈ TDS റിവേഴ്സ് ഓസ്മോസിസ് പ്ലാന്റ് സ്ഥാപിച്ച് കുടിവെള്ളം വിതരണം ചെയ്യാനുള്ള വിശദാംശങ്ങളും, ദീർഘകാല പ്ലാൻ എന്ന നിലയിൽ അവിടുത്തെ അക്വിഫർ പഠിച്ച് 'നിയന്ത്രിത അക്വിഫർ റീചാർജിങ് നടപ്പിലാക്കാനുള്ള മാസ്റ്റർ പ്ലാൻ തയ്യാറാക്കാൻ നിർദ്ദേശിച്ചു കൊണ്ടുള്ള പദ്ധതി രേഖ | 12.96 ലക്ഷം |
| | 2025-26 ലെ പദ്ധതിയിൽ ഉൾപ്പെടുത്താൻ തദ്ദേശഭരണ സ്ഥാപനതല വികസന സെമിനാറിൽ അംഗീകാരം ലഭിച്ച പദ്ധതികൾ | |
| 4 | പൈവളികെ ഗ്രാമപഞ്ചായത്ത് കാലങ്ങളായി നേരിട്ട് വരുന്ന കുടിവെള്ള പ്രശ്നം പരിഹരിക്കുന്നതിന്, 'ആസൂത്രിത മഴവെള്ള സംഭരണവും നിയന്ത്രിത അക്വിഫർ റീചാർജിംഗും' നടപ്പിലാക്കാനും തുടർച്ചയായ നിരീക്ഷണം നടത്തി | 30 ലക്ഷം രൂപ |

| | | |
|---|---|---|
| | വരുന്നതിനുമുള്ള പദ്ധതി രേഖ | |
| 5 | കുമരകം ഗ്രാമപഞ്ചായത്തിലെ ജലാശയങ്ങളിൽ നിന്നും നീക്കം ചെയ്യുന്ന ചെളി/എക്കൽ ഉപയോഗിച്ച് പാടശേഖരങ്ങളുടെ ചുറ്റും ബണ്ട് നിർമ്മിക്കുന്നതും ഇതുവഴി ബണ്ടുകൾ ബലപ്പെടുത്താനും ജലാശയങ്ങളുടെ ആഴം കൂട്ടുന്നതിനും പ്രളയം തടയുന്നതിനും - ബയോ ബണ്ട് മൂലേപ്പാടം പാടശേഖരത്തിന് ചുറ്റും നിർമ്മിക്കുന്നതിനുള്ള പദ്ധതി രേഖ | 2.99 കോടി രൂപ |

മുകളിൽപ്പറഞ്ഞവയുടെ സാങ്കേതികവിദ്യകളിൽ ബഹുഭൂരിപക്ഷവും തന്നെ സംസ്ഥാനത്തിനകത്തും പുറത്തുമുള്ള സ്റ്റാർട്ടപ്പുകളുടെ സഹായത്തോടെ കണ്ടെത്തിയവയാണ്. ആയതിനാൽ അവ നടപ്പിലാക്കുന്നതിനും അത്തരം സ്റ്റാർട്ടപ്പുകൾക്ക് മാത്രമേ പലപ്പോഴും സാധിക്കുകയുള്ളൂ. നിലവിലുള്ള മാർഗ്ഗരേഖയുടേയും നിബന്ധനകളുടെയും അടിസ്ഥാനത്തിലുള്ള പരിശോധനകളും അംഗീകാര നടപടികളും പ്രായോഗികമല്ല.

ആയതിനാൽ OLOI പദ്ധതിയിലൂടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൽ തയ്യാറാക്കി സമർപ്പിക്കുന്ന നവീനാശയ പ്രോജക്ടുകൾ നടപ്പാക്കാനും തുക ചെലവഴിക്കാനും പരമ്പരാഗത നടപടികൾ ഒഴിവാക്കി പദ്ധതിരേഖയിൽ സൂചിപ്പിച്ചിട്ടുള്ള സ്റ്റാർട്ടപ്പുകളുടെ സഹായത്തോടെ പദ്ധതി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നടപ്പിലാക്കുവാനുമുള്ള അനുമതി കോഓർഡിനേഷൻ കമ്മിറ്റി നൽകണമെന്ന് ആവശ്യപ്പെട്ടിരിക്കുന്നു.

7

**4.7 Kerala Development and Innovation Strategic Council ( K-DISC)**

Kerala Development and Innovation Strategic Council (K-DISC) മെമ്പർ സെക്രട്ടറിയുടെ 14.03.2025-ലെ 1022/2025/കെ-ഡിസ്ക് നമ്പർ കത്തും 15.03.2025-ലെ 1022/2025/കെ-ഡിസ്ക്/L-68-ാം നമ്പർ കത്തും (SRG/249/25, SRG/259/25)

(i) വിഷയം:- തൊഴിൽ മേളയിൽ പങ്കെടുക്കുന്ന ഉദ്യോഗാർത്ഥികൾക്ക് യാത്രാക്രമീകരണം ഏർപ്പെടുത്തുന്നത് സംബന്ധിച്ച്.

വിജ്ഞാന കേരളം പരിപാടിയോടനുബന്ധിച്ച് നടത്തുന്ന തൊഴിൽ മേളകളിൽ/മെഗാ ജോബ് ഫെയറുകളിൽ DWMS പ്ലാറ്റ് ഫോമിൽ രജിസ്റ്റർ ചെയ്ത ഉദ്യോഗാർത്ഥികൾ പങ്കെടുക്കുമ്പോൾ ഇവർക്ക് യാത്രാ സൗകര്യങ്ങൾ ഒരുക്കേണ്ടതുണ്ട്. ഇവർക്ക് പൊതുവായ യാത്രാസൗകര്യ മൊരുക്കുന്നതിനുള്ള വാഹനത്തിന്റെ ചെലവ് അതത് ഗ്രാമപഞ്ചായത്ത്/നഗരസഭകളുടെ പദ്ധതി വിഹിതത്തിൽ നിന്ന് ചെലവഴിക്കാൻ നിർദ്ദേശം നൽകണമെന്നാവശ്യപ്പെട്ടിരിക്കുന്നു.

(ii) വിഷയം:- വിജ്ഞാന കേരളം ജോബ് സ്റ്റേഷനുകൾ പ്രവർത്തനക്ഷമമാക്കുന്നതിനുള്ള ചെലവുകൾ കണ്ടെത്തുന്നത് സംബന്ധിച്ച്

വിജ്ഞാന കേരളം പരിപാടിയുടെ ഭാഗമായ ജോബ് സ്റ്റേഷനുകളുടെ പ്രവർത്തനങ്ങൾ ഉൾപ്പെടെയുള്ള കാര്യങ്ങൾ പ്രവർത്തനക്ഷമമാക്കുന്നതിനാവശ്യമായ തുക 2024-25 വർഷത്തെ വികസനഫണ്ട് (ജനറൽ)/തനത് ഫണ്ടിൽ നിന്ന് ജി.ഒ പ്രോജക്ട് എന്ന നിലയിൽ ചെലവഴിക്കാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു

8

**4.8 കവളങ്ങാട് ഗ്രാമപഞ്ചായത്ത്**

ബഹു. കോതമംഗലം എം.എൽ.എ യുടെ 15.01.2025-ലെ കത്തും കവളങ്ങാട് ഗ്രാമ പഞ്ചായത്ത് പ്രസിഡന്റിന്റെ 15.01.2025-ലെ കത്തുകളും (2 എണ്ണം) ഊന്നുകൽ വെറ്ററിനറി സർജന്റെ 12.11.2024-ലെ AHD/EKM/VH/158/24-ാം നമ്പർ കത്തും (SRG/ 53/25)

വിഷയം:- ഗ്രാമപഞ്ചായത്തിലെ വിവിധ പ്രോജക്ടുകൾ വനിതാ ഘടക പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പാക്കുന്നത് സംബന്ധിച്ച്

കവളങ്ങാട് ഗ്രാമപഞ്ചായത്ത് താഴെപ്പറയുന്ന പ്രോജക്ടുകൾ 2024-25 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

| പ്രോ.നം. | പ്രോജക്ടിന്റെ പേര് | അടങ്കൽ |
|---|---|---|
| 155/25 | വനിതാ മുട്ടക്കോഴി വിതരണം - ജനറൽ | 3,99,750 രൂപ |
| 158/25 | കിടാരി വിതരണം - വനിത (ജനറൽ) | 17,82,000 രൂപ |
| 159/25 | കിടാരി വിതരണം - വനിത (എസ്.റ്റി) | 1,76,000 രൂപ |
| 383/25 | പോത്തുകുട്ടി വിതരണം - ജനറൽ | 21,56,000 രൂപ |

മുകളിൽ പറഞ്ഞ പ്രോജക്ടുകൾ വനിതകൾക്കും പുരുഷൻമാർക്കും ഒരുപോലെ പ്രയോജനം ലഭിക്കുന്ന പ്രോജക്ടായതിനാൽ പദ്ധതി ആസൂത്രണ മാർഗ്ഗരേഖ പ്രകാരം ഇവ വനിതാ ഘടക പദ്ധതിയിൽ നടപ്പാക്കാൻ കഴിയില്ല എന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ അറിയിച്ചിട്ടുണ്ട്. ഇവ വനിതാ ഘടക പദ്ധതിയിൽ തന്നെ ഉൾപ്പെടുത്തി നടപ്പാക്കാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

9

## 4.9 തച്ചമ്പാറ ഗ്രാമപഞ്ചായത്ത്

പാലക്കാട് ജില്ലാപ്ലാനിംഗ് ഓഫീസറുടെ 17.12.2024-ലെ കത്തും തച്ചമ്പാറ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 19.10.2024-ലെ SC - 2-22/24-ാം നമ്പർ കത്തും (SRG/8/2025 CC/694/24)

വിഷയം:- പശു വളർത്തുന്നതിനുള്ള ധനസഹായവും മുട്ടക്കോഴി വിതരണത്തിനുള്ള പ്രോജക്ടും വനിതാ ഘടക പദ്ധതിയിൽ ഉൾപ്പെടുത്തണമെന്നതു സംബന്ധിച്ച്

| | | |
|---|---|---|
| (i) *പ്രോ.നം:* 27/25 | *അടങ്കൽ* | *12,50,000 രൂപ* |
| | | *വികസനഫണ്ട് - ജനറൽ - 6,25,000 രൂപ* |
| | | *ഗുണഭോക്തൃ വിഹിതം - 6,25,000 രൂപ* |
| *പേര്* | *പശു വളർത്തൽ - വനിത* | |
| (ii) *പ്രോ.നം:* 29/25 | *അടങ്കൽ* | *3,25,000 രൂപ* |
| | | *വികസനഫണ്ട് - ജനറൽ - 3,00,000 രൂപ* |
| | | *ഗുണഭോക്തൃവിഹിതം - 25,000 രൂപ* |
| *പേര്* | *മുട്ടക്കോഴി വിതരണം - വനിത* | |

പശു വളർത്തലിന് ധനസഹായം, മുട്ടക്കോഴി വിതരണം എന്നിവയ്ക്കായി തച്ചമ്പാറ ഗ്രാമപഞ്ചായത്ത് പ്രോജക്ട് ഏറ്റെടുത്തിട്ടുണ്ട്. ഈ പ്രോജക്ടുകൾ വനിത ഘടക പദ്ധതിയിൽ ഉൾപ്പെടുത്താൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

10

## 4.10 എരുമേലി ഗ്രാമപഞ്ചായത്ത്

എരുമേലി ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 18.01.2025-ലെ കത്ത് (SRG/161/25)

വിഷയം:- മൃഗസംരക്ഷണ മേഖലയിലെ വിവിധ പ്രോജക്ടുകൾ വനിതാ ഘടക പദ്ധതിയിൽ നടപ്പാക്കുന്നത് സംബന്ധിച്ച്

എരുമേലി ഗ്രാമപഞ്ചായത്ത് 2024-25 വർഷം മുട്ടക്കോഴി വിതരണത്തിനായി 2.76 ലക്ഷം രൂപയുടെ (വികസനഫണ്ട് ജനറൽ) പ്രോജക്ട് എടുത്തിട്ടുണ്ട്. ഈ പ്രോജക്ടുകൾ വനിതാ ഘടക പദ്ധതിയിലാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. വനിതാ ഘടക പദ്ധതിയിൽ തന്നെ ഈ പ്രോജക്ടുകൾ നടപ്പാക്കാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

11

## 4.11 കൊഴിഞ്ഞാമ്പാറ ഗ്രാമപഞ്ചായത്ത്

പാലക്കാട് ജില്ലാപ്ലാനിംഗ് ഓഫീസറുടെ 25.01.2025-ലെ കത്തും കൊഴിഞ്ഞാമ്പാറ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 13.01.2025-ലെ കത്തും (SRG/136/25 - CC/29/25)

വിഷയം:- കറവ പശുവിനെ നൽകാനുള്ള പ്രോജക്ട് വനിതാഘടക പദ്ധതിയിൽ നടപ്പാക്കുന്നത് സംബന്ധിച്ച് .

| | | |
|---|---|---|
| പ്രോ.നം. 39/25 | അടങ്കൽ | 32,40,000 രൂപ |
| | | വികസനഫണ്ട് ജനറൽ – 16,20,000 രൂപ |
| | | ഗുണഭോക്തൃ വിഹിതം – 16,20,000 രൂപ |
| പേര് | കറവ പശു വിതരണം – വനിത | |

കറവ പശു വിതരണത്തിനുള്ള മുകളിൽ പറഞ്ഞ പ്രോജക്ട് വനിതാ ഘടക പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പാക്കാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

12

**4.12 ദേവികുളം ഗ്രാമപഞ്ചായത്ത്**

ഇടുക്കി ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 11.09.2024 -ലെ കത്ത് (SRG/ 901/24 – CC/492/2024)

വിഷയം:- വനിതാ ഘടക പദ്ധതിയിലെ പ്രോജക്ട് നടപ്പാക്കുന്നത് സംബന്ധിച്ച്.

| | | |
|---|---|---|
| പ്രോ.നം. 12/25 | അടങ്കൽ | 49,50,000 രൂപ (എസ്.സി.പി) |
| *പേര്:-* | വനിതാ കർഷകർക്ക് ശീതകാല പച്ചക്കറി വിത്തും ജൈവവള വിതരണവും – എസ്.സി.പി | |

ദേവികുളം ഗ്രാമപഞ്ചായത്ത് എസ്റ്റേറ്റ് മേഖലയാണ് എന്നത് പരിഗണിച്ച് ശീതകാല കൃഷിക്ക് പച്ചക്കറി വിത്തും ജൈവവള വിതരണവും എന്ന പ്രോജക്ട് (എസ്.സി.പി) വനിതാ ഘടക പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പാക്കാൻ അനുമതി നൽകണമെന്നാവശ്യപ്പെട്ടിരിക്കുന്നു. മുകളിൽ പറഞ്ഞ പ്രോജക്ട് സ്ത്രീകൾക്കും പുരുഷൻമാർക്കും ഒരുപോലെ പ്രയോജനപ്പെടുന്നതാണ് എന്നത് പരിഗണിച്ച് ഇത് വനിതാ ഘടക പദ്ധതിയിൽ ഉൾപ്പെടുത്താൻ ജില്ലാ ആസൂത്രണസമിതി അനുമതി നൽകിയില്ല.

13

**4.13 ദേവികുളം ഗ്രാമപഞ്ചായത്ത്**

ഇടുക്കി ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 11.09.2024 -ലെ കത്ത് (SRG/ 900/224 – CC/491/2024)

വിഷയം:- വനിതാ ഘടക പദ്ധതിയിലെ പ്രോജക്ട് നടപ്പാക്കുന്നത് സംബന്ധിച്ച്

| | | |
|---|---|---|
| പ്രോ.നം. 11/25 | അടങ്കൽ | 55,00,000 രൂപ |
| | വികസനഫണ്ട് ജനറൽ | 48,00,000 രൂപ |
| | ഗുണഭോക്തൃ വിഹിതം | 7,00,000 രൂപ |
| *പേര്:-* | വനിതാ കർഷകർക്ക് ശീതകാല പച്ചക്കറി വിത്തും ജൈവവള വിതരണവും – ജനറൽ | |

ദേവികുളം ഗ്രാമപഞ്ചായത്ത് എസ്റ്റേറ്റ് മേഖലയാണ് എന്നത് പരിഗണിച്ച് ശീതകാല കൃഷിക്ക് പച്ചക്കറി വിത്തും ജൈവവള വിതരണവും എന്ന പ്രോജക്ട് വനിതാ ഘടക പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പാക്കാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു. ഈ പ്രോജക്ട് വനിതകൾക്കും പുരുഷൻമാർക്കും ഒരു പോലെ പ്രയോജനപ്പെടുന്നതാണ് എന്നതു പരിഗണിച്ച് ഇത് വനിതാ ഘടക പദ്ധതിയിൽ ഉൾപ്പെടുത്താൻ ജില്ലാ ആസൂത്രണസമിതി അനുമതി നൽകിയില്ല.

14

**4.14 ഞീഴൂർ ഗ്രാമപഞ്ചായത്ത്**

കോട്ടയം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 31.08.2024-ലെ കത്തും ഞീഴൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 12.06.2024-ലെ 1(6)-ാം നമ്പർ നമ്പർ തീരുമാനവും അനുബന്ധരേഖകളും (SRG/162/25 – CC/369/24)

വിഷയം:- സൗരോർജ്ജ ഡ്രയർ വ്യക്തികൾക്ക് നൽകുന്നത് സംബന്ധിച്ച്

| പ്രോ.നം: 32/25 | അടങ്കൽ | 9,33,334 രൂപ |
|---|---|---|
| | | വികസനഫണ്ട് -4,00,000 രൂപ |
| | | CFC റൈറ്റഡ് ഗ്രാന്റ്- 3,00,000 രൂപ |
| | | ഗുണഭോക്തൃ വിഹിതം 2,33,334 രൂപ |
| പേര് | സൗരോർജ്ജ ഡ്രയറുകളുടെ വിതരണം - വനിത | |

ഞീഴൂർ ഗ്രാമപഞ്ചായത്തിൽ ജാതി, കൊക്കോ, ഗ്രാമ്പൂ, ഇഞ്ചി, മഞ്ഞൾ തുടങ്ങിയ സുഗന്ധവ്യഞ്ജനങ്ങൾ വ്യാപകമായി കൃഷി ചെയ്യുന്നുണ്ട് എന്ന് അറിയിച്ചിരിക്കുന്നു. ഇവക്ക് നല്ല വില കിട്ടണമെങ്കിൽ ഇവ ഉണക്കി നൽകണം. ഇതിനായി 10,000 രൂപ വിലവരുന്ന സോളാർ ഡ്രയറുകൾ 75% സബ്സിഡിയോടെ വ്യക്തിഗത ഗുണഭോക്താക്കൾക്ക് നൽകാൻ ഉദ്ദേശിക്കുന്നു. 70 സോളാർ ഡ്രയറുകളാണ് നൽകുന്നത്. വനിതാ ഘടക പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്ന ഈ പ്രോജക്ട് മാർഗ്ഗരേഖയിൽ ഇല്ല എന്ന് ചൂണ്ടി കാണിച്ച് ജില്ലാ ആസൂത്രണസമിതി അനുമതി നിരസിച്ചു. ഈ പ്രോജക്ട് നടപ്പാക്കാൻ പ്രത്യേക അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

15

**4.15 ചിറക്കടവ് ഗ്രാമപഞ്ചായത്ത്**

ബഹു.ഗവ.ചീഫ് വിപ്പിന്റെ 12.02.2025-ലെ 52/GCW/**2025** –ാം നമ്പർ കത്തും ചിറക്കടവ് ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 24.01.2025-ലെ 6(1)–ാം നമ്പർ തീരുമാനവും LSGD/ DB1/54/2025 –ാം നമ്പർ കത്തും **(SRG**/200/25**)**

വിഷയം:- ചിറക്കടവ് ഗ്രാമപഞ്ചായത്തിൽ കൾച്ചറൽ കോംപ്ലക്സ് കം കൺവെൻഷൻ സെന്റർ നിർമ്മിക്കുന്നത് സംബന്ധിച്ച്

കോട്ടയം ജില്ലയിലെ ചിറക്കടവ് ഗ്രാമപഞ്ചായത്തിലെ മഹാത്മാഗാന്ധി ടൗൺ ഹാൾ വളരെപ്പഴക്കമുള്ളതാണ്. ഈ ടൗൺഹാൾ പൊളിച്ചുമാറ്റി കേന്ദ്ര സാംസ്കാരിക മന്ത്രാലയത്തിന്റെ ടാഗോർ കൾച്ചറൽ കോംപ്ലക്സ് എന്ന പദ്ധതി പ്രകാരമുള്ള ഫണ്ടും ചിറക്കടവ് ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടും ഉപയോഗിച്ച് ടാഗോർ കൾച്ചറൽ കോപ്ലക്സ് കം കൺവെൻഷൽ സെന്റർ പണിയാനുദ്ദേശിക്കുന്നു. ഇപ്രകാരം കൺവെൻഷൻ സെന്റർ നിർമ്മിക്കാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

16

**4.16 ചങ്ങനാശ്ശേരി നഗരസഭ**

കോട്ടയം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 12.03.2025 -ലെ കത്തും ചങ്ങനാശ്ശേരി നഗരസഭാ കൗൺസിലിന്റെ 10.03.2025 ലെ 3–ാം നമ്പർ തീരുമാനവും (SRG/242/25 – CC/143/2025)

വിഷയം:- കുടിവെള്ള കുടിശ്ശിക കേരള വാട്ടർ അതോറിറ്റിക്ക് നൽകുന്നത് സംബന്ധിച്ച്

| പ്രോ.നം. 153/25 | അടങ്കൽ | 69,64,731 രൂപ<br>(സി.എഫ്.സി. റൈറ്റഡ് ഗ്രാന്റ് – 69,61,366 രൂപ<br>സി.എഫ്.സി. ബേസിക് ഗ്രാന്റ് – 2,065 രൂപ<br>തനത് ഫണ്ട് 1,300 രൂപ) |
|---|---|---|
| പേര് | കുടിവെള്ള കുടിശ്ശിക വാട്ടർ അതോറിറ്റിക്കു നൽകൽ | |

കേരള വാട്ടർ അതോറിറ്റിക്കു കുടിവെള്ള കുടിശ്ശിക നൽകാനുള്ള പ്രോജക്ടിൽ 69,61,366 സി.എഫ്.സി റൈറ്റഡ് ഗ്രാന്റ് ആണ് ഉൾപ്പെടുത്തിയിരിക്കുന്നത്. ഈ പ്രോജക്ട് നടപ്പാക്കാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

17

**4.17 അരൂർ ഗ്രാമപഞ്ചായത്ത്**

ആലപ്പുഴ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 20.11.2024-ലെ കത്തും അരൂർ അസിസ്റ്റന്റ് എഞ്ചിനീയറുടെ 30.10.2024-ലെ കത്തും (SRG/ 1124/ 24 – CC/509/24 )

വിഷയം:- എസ്റ്റിമേറ്റിൽ നിന്നു മാറി മറ്റു പ്രവൃത്തി ചെയ്തതിന് തുക നൽകുന്നതിന് അനുമതി സംബന്ധിച്ച്

| | | |
|---|---|---|
| പ്രോ.നം.448/21 | അടങ്കൽ | 1,70,000 രൂപ<br>(തനത് ഫണ്ട് ) |
| *പേര്:-* | *കാരത്തറക്കളം ഫുട്പാത്ത് ഫോർമേഷൻ ( വാർഡ് 20)* | |

ആത്രർ ഗ്രാമപഞ്ചായത്ത് 20-ാം വാർഡിൽ കാരത്തറക്കളം ഭാഗത്ത് ഫുട്പാത്ത് നിർമ്മിക്കുന്നതിനായി 2018-19 വർഷം പ്രോജക്ട് എടുത്തിരുന്നു. ഈ പ്രോജക്ട് സ്പിൽ ഓവറായി തുടർന്നിരുന്നു. എസ്റ്റിമേറ്റ് തയ്യാറാക്കിയത് നടപ്പാത നിർമ്മാണത്തിനാണെങ്കിലും കനത്ത മഴയും വേലിയേറ്റവും ഉണ്ടായിരുന്നതിനാൽ പ്രദേശവാസികളുടെ ആവശ്യം കൂടി പരിഗണിച്ച് ഫുട്പാത്ത് നിർമ്മാണത്തിനു പകരം പാതയുടെ സൈഡിലുള്ള തോടിന് കല്ലുകെട്ടുന്ന പ്രവൃത്തിയാണ് ചെയ്തത്. ഇതിന് സാധൂകരണം നൽകണമെന്നാവശ്യപ്പെട്ടിരിക്കുന്നു. ഈ പ്രവൃത്തി ചെയ്ത സമയത്തെ 2016 DSOR നിരക്കും 54.90 ശതമാനം കോസ്റ്റ് ഇൻഡക്സും പ്രകാരം ഈ പ്രവൃത്തിയുടെ വാല്യുവേഷൻ തുക 94,080 രൂപയാണെന്ന് ഗ്രാമപഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയർ അറിയിച്ചിട്ടുണ്ട്. ബിൽ തുക നൽകിയിട്ടില്ല.

18

## 4.18 വയനാട് ജില്ലാ പഞ്ചായത്ത്

വയനാട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 16.10.2024-ലെ കത്തും വയനാട് ജില്ലാ പഞ്ചായത്ത് ഭരണസമിതിയുടെ 12.09.2024-ലെ 1(2) -ാം നമ്പർ തീരുമാനവും (SRG/ 1049/24 - cc/573/24)

വിഷയം:- സമഗ്ര ആയുർവേദ പെയിൻ ആന്റ് പാലിയേറ്റീവ് കെയർ പദ്ധതി നടപ്പാക്കുന്നതിന് അനുമതി സംബന്ധിച്ച്.

| | | |
|---|---|---|
| പ്രോ.നം. 77/25 | അടങ്കൽ | 25,00,000 രൂപ |
| | | വികസനഫണ്ട് - ജനറൽ |
| *പേര്:-* | *സമഗ്ര പെയിൻ പാലിയേറ്റീവ് കെയർ പദ്ധതി* | |

കിടപ്പിലായ പാലിയേറ്റീവ് രോഗികൾക്കായി ആയുർവേദ പെയിൻ & പാലിയേറ്റീവ് കെയർ നടപ്പാക്കുന്നതിനാണ് പ്രോജക്ട്. ഹോം കെയറിലൂടെയും കിടത്തി ചികിത്സയിലൂടെയുമാണ് പാലിയേറ്റീവ് കെയർ നടപ്പാക്കുന്നത്. ആയുർവേദ പഞ്ചകർമ്മ ഔഷധങ്ങൾ, യോഗ, പ്രാണായാമം, മെഡിറ്റേഷൻ ഫിസിയോ തെറാപ്പി തുടങ്ങിയ ചികിത്സാ രീതികളാണ് പാലിയേറ്റീവ് രോഗികൾക്കു നൽകുന്നത്. മുകളിൽ പറഞ്ഞ പ്രോജക്ട് ഹോം കെയറിനു വേണ്ടിയാണ്. ഇതിനായി വർഷം മുഴുവനും ജീവനക്കാർക്ക് ഓണറേറിയം നൽകണം. ഈ പ്രോജക്ട് നടപ്പാക്കാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

19

## 4.19 വയനാട് ജില്ലാ പഞ്ചായത്ത്

വയനാട് ജില്ലാപഞ്ചായത്ത് പ്രസിഡന്റിന്റ 02.12.2024-ലെ കത്തും വയനാട് ജില്ലാപഞ്ചായത്ത് ഭരണസമിതിയുടെ 12.09.2024-ലെ 1(3)-ലെ നമ്പർ തീരുമാനവും (SRG/1170/24)

വിഷയം:- ഭിന്നശേഷിയുള്ള കുട്ടികൾക്ക് ആയുർവേദ ചികിത്സയും തെറാപ്പിയും നൽകുന്നത് സംബന്ധിച്ച്.

| | | |
|---|---|---|
| *പ്രോ.നം: 92/25* | *അടങ്കൽ* | *30,00,000 രൂപ<br>(വികസനഫണ്ട് - ജനറൽ)* |
| *പേര്* | *ആയുർ സ്പർശം* | |

ജില്ലാ പഞ്ചായത്ത് 2024-25 വർഷം ജില്ലാ മെഡിക്കൽ ഓഫീസർ (ആയുർവേദം) നിർവ്വഹണ ഉദ്യോഗസ്ഥനായി വളർച്ചാവൈകല്യങ്ങളുള്ള കുട്ടികൾക്കായി ആയുർ സ്പർശം എന്ന പ്രോജക്ട് കല്പറ്റ ജില്ലാ ആയുർവേദ ആശുപത്രി കേന്ദ്രീകരിച്ച്

തയ്യാറാക്കിയിട്ടുണ്ട്. സെറിബ്രൽ പാൾസി, ഓട്ടിസം, സംസാര വൈകല്യം, ബുദ്ധിമാന്ദ്യം, പഠനവൈകല്യം, പെരുമാറ്റ വൈകല്യം, ജനിതക പ്രശ്നങ്ങൾ, അപസ്മാരം തുടങ്ങിയവയ്ക്ക് ആയുർവേദ ചികിത്സയും അനുബന്ധ തെറാപ്പികളായ സ്പീച്ച് തെറാപ്പി, ഫിസിയോതെറാപ്പി, സൈക്കോ തെറാപ്പി, സ്പെഷ്യൽ എഡ്യുക്കേഷൻ, ഒക്യുപേഷണൽ തെറാപ്പി, ക്ലിനിക്കൽ യോഗ എന്നിവ നൽകുന്നതിനാണ് പ്രോജക്ട്. ഇതിനായി താഴെപ്പറയും പ്രകാരം വിദഗ്ധരെ നിയമിക്കണം.

| | | |
|---|---|---|
| 1 | മെഡിക്കൽ ഓഫീസർ (2 എണ്ണം) | 1455 രൂപ പ്രതിദിന വേതനം |
| 2 | സൈക്കോളജിസ്റ്റ് | 1100 രൂപ " " |
| 3 | സ്പീച്ച് തെറാപ്പിസ്റ്റ് | 1205 രൂപ " " |
| 4 | ഫിസിയോ തെറാപ്പിസ്റ്റ് | 1205 രൂപ " " |
| 5 | ഫാർമസിസ്റ്റ് | 780 രൂപ " " |
| 6 | പഞ്ചകർമ്മ തെറാപ്പിസ്റ്റ് (2 എണ്ണം) | 755 രൂപ " " |
| 7 | മൾട്ടി പർപ്പസ് വർക്കർ | 675 രൂപ " " |

നൂതന പ്രേജക്ടുകൾക്ക് വേണ്ടിയുള്ള ജില്ലാ തല കമ്മിറ്റിയുടെ അംഗീകാരത്തോടെ മുകളിൽപറഞ്ഞവരെ 6 മാസത്തേക്ക് നിയമിച്ച് വേതനം നൽകി. ഇവരുടെ സേവനം തുടർന്നും ലഭ്യമാക്കി പ്രോജക്ട് തുടരാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു. ജില്ലാ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കേണിച്ചിറ കയ്യാലമുക്കിലുള്ള വനിതാ തൊഴിൽ പരിശീലന കേന്ദ്രത്തിലാണ് ഈ സേവനം നൽകുന്നത്.

20

## 4.20 ചെറുകുന്ന് ഗ്രാമപഞ്ചായത്ത്

കണ്ണൂർ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 08.10.2024-ലെ കത്ത് (SRG/ 1005/24 - CC/543/24)

വിഷയം:- ലൈഫ് പദ്ധതിയിൽ ഭൂമിയുള്ള ഭവന രഹിത ലിസ്റ്റിൽപ്പെട്ട വ്യക്തിയെ ഭൂരഹിത ഭവനരഹിത ലിസ്റ്റിലേയ്ക്ക് മാറ്റുന്നത് സംബന്ധിച്ച്.

ചെറുകുന്നം ഗ്രാമപഞ്ചായത്തിലെ ഒൻപതാം വാർഡിലെ താമസക്കാരിയായ ശ്രീമതി. ഗീത തട്ടാൻകട എന്ന വ്യക്തി ലൈഫ് ഭവന പദ്ധതിയിലെ ലിസ്റ്റിലും അതിദരിദ്ര കുടുംബത്തിന്റെ ലിസ്റ്റിലും ഉൾപ്പെട്ടിട്ടുണ്ട്. ഇവരുടെ നിലവിലെ വീടിന്റെ സമീപത്ത് ശക്തമായ മഴയിൽ മണ്ണിടിച്ചിൽ ഉണ്ടാകുകയും വീട് വാസയോഗ്യമല്ലാതാകുകയും ചെയ്തു. മണ്ണിടിച്ചിലിന് സാധ്യതയുള്ള പ്രദേശമായതിനാൽ ഇവിടെ വീട് നിർമ്മിച്ചാൽ അപകട സാധ്യതയുണ്ടെന്ന് സാങ്കേതിക വിഭാഗം റിപ്പോർട്ട് നൽകിയിട്ടുണ്ട്. ആയതിനാൽ ഇവർക്ക് അനുയോജ്യമായ വേറെ ഭൂമി കണ്ടെത്തുന്നതിനായി ഈ വ്യക്തിയെ ഭൂമിയുള്ള ഭവനരഹിതരുടെ ലിസ്റ്റിൽ നിന്നും ഭൂരഹിത ഭവനരഹിതരുടെ ലിസ്റ്റിലേയ്ക്ക് മാറ്റുന്നതിന് അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

21

## 4.21 പൊന്മള ഗ്രാമപഞ്ചായത്ത്

മലപ്പുറം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 09.10.2022 -ലെ കത്തും പൊന്മള ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 07.09.2024-ലെ 1(3)-ാം നമ്പർ തീരുമാനവും (SRG/ 1045/24 - CC/570/2024)

വിഷയം:- ട്രാൻസ്ഫോർമർ മാറ്റി സ്ഥാപിക്കുന്നതിന് KSEB ക്ക് തുക അടയ്ക്കുന്നത് സംബന്ധിച്ച്.

| | | |
|---|---|---|
| പ്രോ.നം. 295/25 | അടങ്കൽ | 1,71,800രൂപ (CFC ബേസിക് ഗ്രാന്റ്) |
| *പേര്:-* | ട്രാൻസ്ഫോർമർ മാറ്റി സ്ഥാപിക്കൽ | |

പൊന്മള ഗ്രാമപഞ്ചായത്തിൽ 11 -ാം വാർഡിലുള്ള KSEB യുടെ ട്രാൻസ്ഫോർമർ ഇപ്പോൾ വാഹന ഗതാഗതത്തിന് തടസ്സമുണ്ടാക്കുംവിധമാണിരിക്കുന്നത്. അപകട സാധ്യത നിലനിൽക്കുന്ന സ്ഥലത്തുള്ള ഈ ട്രാൻസ്ഫോർമർ മാറ്റി സ്ഥാപിക്കുന്നതിന് 1,71,800 രൂപയുടെ എസ്റ്റിമേറ്റ് KSEB നൽകിയിട്ടുണ്ട്. ഈ തുക KSEB യ്ക്ക് ഡിപ്പോസിറ്റ് ചെയ്ത് ട്രാൻസ്ഫോർമർ മാറ്റി സ്ഥാപിക്കാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

22

## 4.22 കോഴിക്കോട് ജില്ലാ പഞ്ചായത്ത്

കോഴിക്കോട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 18.02.2025-ലെ കത്തും കോഴിക്കോട് ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ 14.02.2025-ലെ കത്തും കോഴിക്കോട് ജില്ലാ ആസൂത്രണസമിതിയുടെ 16.08.2024-ലെ യോഗ തീരുമാനവും അനുബന്ധരേഖകളും (SRG/165/25 – CC/93/2025)

വിഷയം:- കോഴിക്കോട് ജില്ലയിൽ തദ്ദേശഭരണ സ്ഥാപനങ്ങൾ സംയുക്തമായി നടപ്പാക്കുന്ന സ്നേഹസ്പർശം പദ്ധതിക്ക് അനുമതി സംബന്ധിച്ച്

| | | |
|---|---|---|
| പ്രോ.നം. 372/25 | അടങ്കൽ | 50,00,000 രൂപ (വികസനഫണ്ട് ജനറൽ) |
| *പേര്* | *സ്നേഹ സ്പർശം* | |

കോഴിക്കോട് ജില്ലയിലെ മുഴുവൻ തദ്ദേശഭരണ സ്ഥാപനങ്ങളെയും ഉൾപ്പെടുത്തി 2012 മുതൽ ജില്ലാ പഞ്ചായത്ത് നടപ്പാക്കുന്ന ആരോഗ്യ പരിരക്ഷാ പദ്ധതിയാണ് 'സ്നേഹസ്പർശം'. ഈ പദ്ധതി 2017-18 മുതൽ സർക്കാരിന്റെ അനുമതിയോടെയാണ് നടപ്പാക്കുന്നത്. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ചെയർമാനും, ജില്ലാ കളക്ടർ ചീഫ് കോഓർഡിനേറ്ററും ജില്ലാ പഞ്ചായത്ത് സെക്രട്ടറി കൺവീനറുമായ സ്നേഹസ്പർശം കിഡ്നി പേഷ്യന്റ് വെൽഫയർ സൊസൈറ്റി എന്ന സംഘടനയാണ് ഈ പദ്ധതി നടപ്പാക്കുന്നത്. ഡയാലിസിസ് രോഗികൾക്ക് ധനസഹായം, വൃക്ക മാറ്റി വച്ചവർക്ക് സൗജന്യമായി മരുന്ന്, മാനസിക രോഗികൾക്ക് ചികിത്സയും മരുന്നും, എച്ച്.ഐ.വി. ബാധിതർക്ക് കെയർ സെന്റർ, വൃക്കരോഗ-അവയവദാന ബോധവൽക്കരണം, ഏർലി ഡിറ്റക്ഷന് വേണ്ടിയുള്ള മെഡിക്കൽ ക്യാമ്പ് എന്നിവയാണ് ഈ പദ്ധതിയുടെ പ്രധാന പ്രവർത്തനങ്ങൾ. ഇവയ്ക്ക് പുറമെ സ്വകാര്യ ആശുപത്രിയുമായി സഹകരിച്ച് വൃക്ക മാറ്റിവയ്ക്കൽ ശസ്ത്രക്രിയ 'ജീവജ്യോതി' എന്ന പദ്ധതിയിലൂടെ പൂർണ്ണമായും സൗജന്യമായി നടത്തുന്നു. ഈ പ്രോജക്ട് ഈ വർഷവും നടപ്പാക്കിക്കൊണ്ടിരിക്കുകയാണ്. കഴിഞ്ഞ വർഷം കോഓർഡിനേഷൻ കമ്മിറ്റി അംഗീകാരം നൽകിയ രീതിയിൽ ഈ വർഷവും (2024-25) താഴെപ്പറയും പ്രകാരം വിഹിതം വകയിരുത്തുന്നതിന് ജില്ലാ ആസൂത്രണസമിതിയുടെ 16.08.2024 -ലെ യോഗം അനുമതി നൽകിയിട്ടുണ്ട്.

| **തദ്ദേശഭരണ സ്ഥാപനം** | **ഈ വർഷത്തെ വഹിതം** |
|---|---|
| 1. ഗ്രാമപഞ്ചായത്ത് | 4.00 ലക്ഷം രൂപ വീതം |
| 2. ബ്ലോക്ക് പഞ്ചായത്ത് | 7.00 ലക്ഷം രൂപ വീതം |
| 3. ജില്ലാ പഞ്ചായത്ത് | 50.00 ലക്ഷം രൂപ |
| 4. നഗരസഭ | 7.00 ലക്ഷം രൂപ വീതം |
| 5. കോർപ്പറേഷൻ | 1.00 കോടി രൂപ |

ജില്ലയിലെ തദ്ദേശഭരണ സ്ഥാപനങ്ങളിൽ നിന്ന് വിഹിതം സ്വീകരിച്ച് ഈ പ്രോജക്ട് നടപ്പാക്കാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

23

## 4.23 മുണ്ടേരി ഗ്രാമപഞ്ചായത്ത്

കണ്ണൂർ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 11.02.2025 ലെ കത്തും അനുബന്ധ രേഖകളും (SRG/157/25-CC/43/2025)

**വിഷയം:-** കൃഷി സ്ഥലം ഒരുക്കുന്നതിനുള്ള കൂലിചെലവ് പ്രവൃത്തി ചെയ്ത അഗ്രോ സർവ്വീസ് സെന്ററിനു നൽകുന്നതു സംബന്ധിച്ച്.

| | | | |
|---|---|---|---|
| | പ്രോജക്ട് നമ്പർ : 132/2025 | അടങ്കൽ | 26,64,000 രൂപ<br>(വികസന ഫണ്ട് ജനറൽ – 10,82,081 രൂപ<br>ബ്ലോക്ക് പഞ്ചായത്ത് വിഹിതം – 9,00,000 രൂപ<br>ജില്ലാ പഞ്ചായത്ത് വിഹിതം – 6,81,919 രൂപ) |
| | *പേര്* | *സമഗ്ര നെൽകൃഷി വികസന പദ്ധതി* | |

ഈ വർഷം പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്ന നെൽകൃഷി വികസനത്തിനുള്ള പ്രോജക്ടിൽ നെൽകൃഷിയ്ക്ക് സ്ഥലം ഒരുക്കുന്നതിനുള്ള പ്രവൃത്തി മുണ്ടേരി അഗ്രോ സർവ്വീസ് സെന്ററിനെയാണ് ഏല്പിച്ചിരുന്നത്. ഇതിന്റെ കൂലി ചെലവ് ഗുണഭോക്താവായ കർഷകനു നൽകുന്നതിനു പകരം സബ്സിഡി തുക മുണ്ടേരി അഗ്രോ സർവ്വീസ് സെന്ററിന് നേരിട്ടു നൽകി.

മാർഗ്ഗരേഖ പ്രകാരം ഒരു ഹെക്ടറിനു പരമാവധി 25,000 രൂപയാണ് ധനസഹായം നൽകാവുന്നത്. ഒരു ഹെക്ടറിൽ 80 കിലോഗ്രാം വിത്തിന്റെ വിലയായ 3,360 രൂപയും ബാക്കിതുക കൂലിചെലവ് സബ്സിഡി ആയിട്ടുമാണ് നൽകുന്നത്. ഒരു മണിക്കൂറിന് 900 രൂപ എന്ന നിരക്കിലാണ് ഇന്ധന ചെലവ് സഹിതം ട്രാക്ടറിന്റെ വാടക കണക്കാക്കിയിരിക്കുന്നത്. കൂലിചെലവ് കർഷകനു നൽകുന്നതിനു പകരം അഗ്രോ സർവ്വീസ് സെന്ററിനു നേരിട്ടുനൽകിയതിന് സാധൂകരണം ആവശ്യപ്പെട്ടിരിക്കുന്നു.

കഴിഞ്ഞ വർഷം ഇതേ രീതിയിൽ നിലമൊരുക്കിയത് മുണ്ടേരി അഗ്രോസർവ്വീസ് സെന്റർ മുഖേനയാണ്. കർഷകനു നേരിട്ടു സബ്സിഡി നൽകുന്നതിനു പകരം അഗ്രോസർവ്വീസ് സെന്ററിന് സബ്സിഡി തുക നൽകിയതു സംബന്ധിച്ച് ഓഡിറ്റ് കുറിപ്പുണ്ട്. ഓഡിറ്റ് നടക്കുന്നതിനു മുൻപാണ് ഈ വർഷം പ്രോജക്ട് നടപ്പാക്കിയത്.

24

## 4.24 കൊടകര ബ്ലോക്ക് പഞ്ചായത്ത്

തൃശ്ശൂർ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 19.11.2024-ലെ കത്തും കൊടകര ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതിയുടെ 03.10.2024-ലെ 4(1) -ാം നമ്പർ തീരുമാനവും (SRG/1120/24 – CC/659/2024)

വിഷയം:– ബ്ലോക്ക് പഞ്ചായത്തിന്റെ ഷീ വർക്ക് സ്പേസിന്റെ നിർമ്മാണ കാലാവധി ദീർഘിപ്പിക്കുന്നത് സംബന്ധിച്ച്.

| | | |
|---|---|---|
| പ്രോ.നം. 83/22 | അടങ്കൽ | 1,77,04,325 രൂപ |
| | വികസന ഫണ്ട് ജനറൽ | 31,34,335 രൂപ |
| | ഗ്രാമപഞ്ചായത്ത് വിഹിതം | 31,20,000 രൂപ |
| | ജില്ലാ പഞ്ചായത്ത് വിഹിതം | 1,14,50,000 രൂപ |
| *പേര്:–* | കൊടകര ബ്ലോക്ക് പഞ്ചായത്ത് 2021-22 ഷീവർക്ക് സ്പേസ് | |

കൊടകര ബ്ലോക്ക് പഞ്ചായത്തിന്റെ ഷീവർക്ക് സ്പേസ് പദ്ധതിയുടെ നിർമ്മാണം ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോഓപ്പറേറ്റീവ് സൊസൈറ്റിയെയാണ് ഏല്പിച്ചത്. കരാർ പ്രകാരം 17.03.2024-ലാണ് ഇതിന്റെ നിർമ്മാണം പൂർത്തിയാക്കേണ്ടത്. ഈ ദിവസത്തിനകം നിർമ്മാണം പൂർത്തിയാക്കാത്തതിനാൽ 1 ശതമാനം പിഴയോടെ 6 മാസത്തേയ്ക്ക് കൂടി (17.09.2024 വരെ) കാലാവധി നീട്ടാൻ ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതി തീരുമാനമെടുത്തെങ്കിലും ULCCS യുമായി സപ്ലിമെന്ററി കരാർ വച്ചിരുന്നില്ല. പൂർത്തീകരണ സമയം ദീർഘിപ്പിച്ചു നൽകണമെന്ന് വീണ്ടും ULCCS ആവശ്യപ്പെട്ടിട്ടുണ്ട്. 17.09.2024 ന് പൂർത്തീകരിക്കാത്തതിനാൽ 2 ശതമാനം പിഴ ഈടാക്കി 6 മാസത്തേക്ക് കൂടി കരാർ പുതുക്കാൻ എക്സിക്യൂട്ടീവ് എഞ്ചിനീയർ ശുപാർശ ചെയ്തിട്ടുണ്ട്. ULCCS ന്റെതല്ലാത്ത കാരണം കൊണ്ടാണ് കാലപരിധിക്കകം നിർമ്മാണം പൂർത്തിയാക്കാൻ കഴിയാത്തത് എന്നറിയിച്ചിട്ടുണ്ട്. ഷീ വർക്ക് സ്പേസിന്റെ മറ്റ് ഫേസ് കൂടി ചേർത്ത് ആകെ 5.78 കോടി രൂപയുടെ പാർട്ട് ബില്ലുകൾ ULCCS നൽകിയെങ്കിലും അഡ്വാൻസ് തുകയായ 1.67 കോടി രൂപ കൂടാതെ ആകെ 80.00 ലക്ഷം രൂപ മാത്രമാണ് ബ്ലോക്ക് പഞ്ചായത്ത് നൽകിയത്. ഈ സാഹചര്യത്തിൽ പിഴയിൽ ഇളവു നൽകി പൂർത്തീകരണ തീയതി ദീർഘിപ്പിച്ചുകൊണ്ട് കരാറിൽ ഏർപ്പെടാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

25

## 4.25 പുലാമന്തോൾ ഗ്രാമപഞ്ചായത്ത്

പുലാമന്തോൾ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 25.01.2025-ലെ കത്ത്. (SRG/116/25)

വിഷയം:- ഇലക്ട്രിക് സ്കൂട്ടർ ഓപ്പൺ മാർക്കറ്റിൽ നിന്ന് വാങ്ങുന്നത് സംബന്ധിച്ച്

കോഓർഡിനേഷൻ കമ്മിറ്റിയുടെ 05.12.2024-ലെ യോഗ തീരുമാന പ്രകാരമുള്ള 31.12.2024-ലെ സർക്കാർ ഉത്തരവനുസരിച്ച് തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഓഫീസ് ഉപയോഗിത്തിന് നിർദ്ദിഷ്ട സ്പെസിഫിക്കേഷൻ പ്രകാരം ഇലക്ട്രിക് സ്കൂട്ടർ വാങ്ങാം. സർക്കാർ ഉത്തരവ് പ്രകാരമുള്ള സ്പെസിഫിക്കേഷനോടെയുള്ള ഇലക്ട്രിക് സ്കൂട്ടർ GEM പോർട്ടലിൽ ലഭ്യമല്ല. എന്നാൽ ഇത് ഓപ്പൺ മാർക്കറ്റിൽ ലഭ്യമാണ്. അതിനാൽ ഓപ്പൺ മാർക്കറ്റിൽ നിന്നും വാങ്ങാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

26

## 4.26 നൂൽപ്പുഴ ഗ്രാമപഞ്ചായത്ത്

വയനാട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 27.11.2024-ലെ കത്തും അനുബന്ധരേഖകളും (SRG/1177/24 - CC/124/2024)

വിഷയം:- വ്യായാമത്തിലൂടെ ജീവിത ശൈലീ രോഗ നിയന്ത്രണത്തിനുള്ള പദ്ധതിക്ക് അനുമതി സംബന്ധിച്ച്.

| | | |
|---|---|---|
| പ്രോ.നം. 42/22 | അടങ്കൽ | 2,40,000 രൂപ |
| *പേര്:-* | ഫിറ്റ്നസ് ഫസ്റ്റ് ജീവിതശൈലീ രോഗ നിയന്ത്രണ വ്യായാമ പദ്ധതി | |

വ്യായാമത്തിലൂടെ സ്ത്രീകളുടെ ജീവിതശൈലീ രോഗങ്ങൾ നിയന്ത്രിക്കുന്നതിന് 2023-24 വർഷം നൂൽപ്പുഴ ഗ്രാമപഞ്ചായത്ത് പ്രോജക്റ്റ് ഏറ്റെടുക്കുകയും കോഓർഡിനേഷൻ കമ്മിറ്റിയുടെ 25.04.2023 ലെ യോഗം ട്രെയിനറെ നിയമിച്ച് 2023-24 വർഷം പ്രോജക്റ്റ് നടപ്പാക്കാൻ അനുമതി നൽകുകയും ചെയ്തിരുന്നു. ഹോമിയോ മെഡിക്കൽ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായ ഈ പ്രോജക്റ്റ് ഈ വർഷവും തുടരുന്നുണ്ട്. ആരോഗ്യവകുപ്പ് ഡയറക്ടറുടെ റിപ്പോർട്ട് പ്രകാരം താഴെപ്പറയുന്ന യോഗ്യതയുള്ളവരെ നിയമിക്കാനാണ് കോഓർഡിനേഷൻ കമ്മിറ്റി അനുമതി നൽകിയത്. (സ്പോർട്സ് കേരള ഫെഡറേഷനിൽ നിയമിക്കുന്ന യോഗ്യത)

യോഗ്യത: -
1) സെക്കന്റ് ക്ലാസ്സിലുള്ള ഒരു യൂണിവേഴ്സിറ്റി ഡിഗ്രിയും
2) ജിം ട്രെയിനർ കോഴ്സ് സർട്ടിഫിക്കറ്റ്/പേഴ്സണൽ ട്രെയിനർ കോഴ്സ് സർട്ടിഫിക്കറ്റ്
3) സാധുതയുള്ള CPR/ACD ഫസ്റ്റ് എയ്ഡ് സർട്ടിഫിക്കറ്റ് അഭികാമ്യം.

പ്രവൃത്തി പരിചയം :- ഫിറ്റ്നസ് സെന്ററിൽ ജിം ട്രെയിനർ ആയി ചുരുങ്ങിയത് 2 വർഷം പ്രവൃത്തി പരിചയം

കൺസോളിഡേറ്റഡ് പേ :- 24, 520 രൂപ (പ്രതിമാസം)

വനിതാ ഘടക പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്ന ഈ പ്രോജക്റ്റ് 2024-25 ലും തുടർന്നുള്ള വർഷങ്ങളിലും നടത്താൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു. 2024 ഏപ്രിൽ മുതൽ ഈ പ്രോജക്റ്റ് തുടരുന്നുണ്ട്. 45 വനിതകൾ, 9 പുരുഷൻമാർ, 9 ആൺകുട്ടികൾ എന്നിവർക്കാണ് (ആകെ 63) കഴിഞ്ഞ വർഷം നാലു ബാച്ചുകളിലായി പരിശീലനം നൽകിയത്.

27

## 4.27 ചെങ്ങന്നൂർ ബ്ലോക്ക് പഞ്ചായത്ത്

ആലപ്പുഴ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 27.11.2024-ലെ കത്തും ചെങ്ങന്നൂർ ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതിയുടെ 13.09.2024-ലെ 2(5) -ാം നമ്പർ തീരുമാനവും (SRG/1179/24 - CC/707/2024)

വിഷയം:- ഹരിത കർമ്മസേനയ്ക്ക് കാറ്ററിംഗ് ഉപകരണങ്ങൾ നൽകുന്നത് സംബന്ധിച്ച്.

| | | |
|---|---|---|
| പ്രോ.നം. 144/25 | അടങ്കൽ | 6,00,000 രൂപ (വികസനഫണ്ട് ജനറൽ) |
| *പേര്:-* | ഹരിതോജ്ജ്വലം - മാലിന്യ മുക്ത ചെങ്ങന്നൂർ | |

പൊതു ചടങ്ങളുമായി ബന്ധപ്പെട്ട കാറ്ററിംഗിന് പ്ലാസ്റ്റിക് നിർമ്മിത വസ്തുക്കൾ ഒഴിവാക്കുന്നതിനും ഹരിത കർമ്മ സേനാംഗങ്ങൾക്ക് വരുമാനം വർദ്ധിപ്പിക്കുന്നതിനും ലക്ഷ്യമിട്ടുകൊണ്ടുള്ളതാണ് പ്രോജക്ട്. സ്റ്റീൽ/ക്രോക്കറി പ്ലേറ്റുകൾ, സ്റ്റീൽ ഗ്ലാസ്സുകൾ, കെറ്റിൽ, ട്രെ, സ്പൂൺ തുടങ്ങിയവ ഹരിത കർമ്മ സേനാംഗങ്ങൾക്ക് നൽകുന്നു. ഹരിത കർമ്മസേന മുഖേന ഇവ വാടകയ്ക്ക് നൽകാനാണ് ഉദ്ദേശിക്കുന്നത്. പ്ലാസ്റ്റിക് നിർമ്മിത വസ്തുക്കൾ ഒഴിവാക്കാനും ഹരിത കർമ്മസേനയ്ക്ക് വരുമാനം വർദ്ധിപ്പിക്കാനും ഇതു സഹായകമാകും. ഭാവിയിൽ ചെമ്പ്, ഉരുളി പോലുള്ള കാറ്ററിംഗിന് ആവശ്യമായ സാധനങ്ങളും നൽകാൻ ഉദ്ദേശിക്കുന്നു. ഈ ഉപകരണങ്ങൾക്ക് ഗ്രാമപഞ്ചായത്തുകളുടെ ഉടമസ്ഥതയിൽ സൂക്ഷിക്കുന്നു. ശുചിത്വ മേഖലയിലുള്ള ഉദ്യോഗസ്ഥൻ ഇത് മോണിറ്ററിംഗ് ചെയ്യുന്നു. ഈ പ്രോജക്ട് നടപ്പാക്കാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

28

### 4.28 ആലപ്പുഴ ജില്ലാ പഞ്ചായത്ത്

ആലപ്പുഴ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 12.12.2024-ലെ കത്തും ആലപ്പുഴ ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ 21.11.2024-ലെ LSGD/DP/491/2024 - PL നമ്പർ കത്തും (SRG/3/25 - CC/785/24)

വിഷയം:- കയർ സഹകരണ സംഘത്തിന് സ്ഥലം വാങ്ങുന്നത് സംബന്ധിച്ച്.

| | | |
|---|---|---|
| *പ്രോ.നം: 196/25* | *അടങ്കൽ* | *2,80,000 രൂപ* |
| | *വികസന ഫണ്ട് ജനറൽ* | *1,40,000 രൂപ* |
| | *ഗുണഭോക്തൃ വിഹിതം* | *1,40,000 രൂപ* |
| *പേര്* | *സഹകരണ സംഘങ്ങളുടെ ആധുനികവൽക്കരണത്തിന് സാമ്പത്തിക സഹായം* | |

ആലപ്പുഴ ജില്ലയിൽ കാർത്തികപ്പള്ളി ഗ്രാമപഞ്ചായത്തിലുള്ള മഹാദേവിക്കാട് പ്രിയദർശിനി മെമ്മോറിയൽ സംയോജിത കയർ വ്യവസായ സഹകരണ സംഘത്തിന് സ്വന്തമായി സ്ഥലമില്ല. ഈ സംഘത്തിന് 4.80 സെന്റ് സ്ഥലം വാങ്ങി നൽകാൻ ഉദ്ദേശിക്കുന്നു. സ്ഥലത്തിന്റെ വിലയായ 7.20 ലക്ഷം രൂപയിൽ പകുതി തുകയായ 3.60 ലക്ഷം രൂപ നൽകാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു. സഹകരണ സംഘങ്ങളും ആധുനികവൽക്കരണത്തിനായി ജില്ലാ പഞ്ചായത്ത് പ്രോജക്ട് തയ്യാറാക്കിയിട്ടുണ്ട്.

29

### 4.29 അമ്പലപ്പുഴ ബ്ലോക്ക് പഞ്ചായത്ത്

ആലപ്പുഴ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 27.11.2024-ലെ കത്തും അമ്പലപ്പുഴ ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതിയുടെ 08.10.2024-ലെ 2(1)-ാം നമ്പർ തീരുമാനവും (SRG/1180/24 - CC/722/24)

വിഷയം:- പട്ടികവർഗ്ഗ നഗറിലെ വീടും പരിസരവും മണ്ണിട്ടുയർത്തി കാന ശുചീകരിക്കുന്നത് സംബന്ധിച്ച്.

| | | |
|---|---|---|
| *പ്രോ.നം: 129/25* | *അടങ്കൽ* | *22,47,900 രൂപ* |
| | *സി.എഫ്. സി. റ്റൈഡ്* | *21,47,9000 രൂപ* |
| | *ഗ്രാമപഞ്ചായത്ത് വിഹിതം* | *1,00,000 രൂപ* |
| *പേര്* | *ആമയിട തോപ്പിൽ നഗർ സമഗ്ര വികസനം* | |

അമ്പലപ്പുഴ ബ്ലോക്ക് പഞ്ചായത്ത് പരിധിയിൽ വരുന്ന അമ്പലപ്പുഴ തെക്ക് ഗ്രാമപഞ്ചായത്തിലെ ആമയിട തോപ്പിൽ നഗറിൽ 13 പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട കുടുംബങ്ങൾ താമസിക്കുന്നു. ഈ നഗറിന്റെ സമീപത്തുകൂടി പോകുന്ന തോപ്പിൽ കോളനി തോടും നഗറിന് നടുവിലൂടെയുള്ള കാനയും മലിനമാണ്. ഈ നഗറിലെ വീടും പരിസരവും മണ്ണിട്ടുയർത്തി കാനയും തോടും ശുചീകരിച്ചാൽ മാത്രമേ നീരൊഴുക്ക് സുഗമമാക്കാൻ കഴിയൂ. വീടും പരിസരവും മണ്ണിട്ടുയർത്തി കാനയും തോടും ശുചീകരിക്കാൻ സി.എഫ്.സി റ്റൈഡ് ഗ്രാന്റ് ഉപയോഗിക്കാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

30

### 4.30 അടിമാലി ബ്ലോക്ക് ഗ്രാമപഞ്ചായത്ത്

ഇടുക്കി ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 28.11.2024 -ലെ കത്തും അനുബന്ധരേഖകളും (SRG/1183/24 -CC/677/24, SRG/1184/24 -CC/676/24, SRG/1185/24 -CC/678/24 )

വിഷയം:- വിവിധ എയ്ഡഡ് സ്കൂളുകളിൽ ടോയിലറ്റ് നിർമ്മിക്കുന്നത് സംബന്ധിച്ച്.

| | | | |
|---|---|---|---|
| **(i)** | പ്രോ.നം: 87/25 | അടങ്കൽ | 5,00,000 രൂപ (CFC Tied Grant**)** |
| | പേര് | സെന്റ് ആന്റണീസ് നേഴ്സറി സ്കൂൾ ടോയിലറ്റ് | |
| **(ii)** | പ്രോ.നം: 69/25 | അടങ്കൽ | 5,35,500 രൂപ **(**CFC Tied Grant**)** |
| | പേര് | അടിമാലി SNDP സ്കൂൾ ടോയിലറ്റ് | |
| **(iii)** | പ്രോ.നം: 212/25 | അടങ്കൽ | 5,00,000 രൂപ **(**CFC Tied Grant**)** |
| | പേര് | തോക്കുപാറ സെന്റ് സെബാസ്റ്റ്യൻ സ്കൂള് ടോയിലറ്റ് | |

മുകളിൽ പറഞ്ഞ എയ്ഡഡ് സ്കൂളിൽ ടോയിലറ്റ് നിർമ്മിക്കാൻ CFC Tied Grant ഉപയോഗിച്ച് പ്രോജക്ട് തയ്യാറാക്കിയിട്ടുണ്ട്. സർക്കാർ സ്കൂളുകളിൽ മതിയായ ടോയിലറ്റ് സൗകര്യം ഉണ്ട് എന്ന് District Education Officer സാക്ഷ്യപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിലാണ് പ്രോജക്ട് തയ്യാറാക്കിയിരിക്കുന്നത്. ഈ സ്കൂളുകളിൽ ടോയിലറ്റ് നിർമ്മിച്ച നൽകാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു. മറ്റ മാലിന്യ നിർമ്മാർജ്ജന പ്രോജക്ടുകൾ ബ്ലോക്ക് പഞ്ചായത്ത് പരിധിയിൽ എടുക്കാനുണ്ടെന്ന് ശുചിത്വ മിഷൻ ജില്ലാ കോഓർഡിനേറ്റർ അറിയിച്ചിട്ടുണ്ട്.

31

**4.31 <u>അടിമാലി ബ്ലോക്ക്പഞ്ചായത്ത്</u>**

ഇടുക്കി ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 28.11.2024 -ലെ കത്തും അനുബന്ധരേഖകളും (SRG/60/25 -CC/306/24 )

വിഷയം:- ചെങ്കുളം മേഴ്സി ഹോമിന് ടോയിലറ്റ് നിർമ്മിച്ച നൽകുന്നത് സംബന്ധിച്ച്

| | | |
|---|---|---|
| പ്രോ.നം: 165/25 | അടങ്കൽ | 12,53,250 രൂപ<br>**(**CFC Tied Grant**)** |
| പേര് | ചെങ്കുളം മേഴ്സി ഹോം ടോയിലറ്റ് | |

അടിമാലി ബ്ലോക്ക് പഞ്ചായത്ത് പരിധിയിൽ ചെങ്കുളം മേഴ്സി ഹോം എന്ന സ്ഥാപനം പ്രവർത്തിക്കുന്നുണ്ട്. പ്രായമായ ആശ്രയമില്ലാത്ത ആളുകളും അനാഥരായ കുട്ടികളുമാണ് ഇവിടെ താമസിക്കുന്നത്. 1987-ൽ ആരംഭിച്ച ഈ സ്ഥാപനത്തിൽ 300 അന്തേവാസികളുണ്ട്. ഈ സ്ഥാപനത്തിന് സെപ്റ്റിക് ടാങ്കോടെയുള്ള ടോയിലറ്റ് നിർമ്മിച്ച നൽകാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു. Board of Central for Orphanages and Other Charitable Homes Kerala ക്ക് കീഴിൽ 811 ആയി രജിസ്റ്റർ ചെയ്തിട്ടുള്ള സ്ഥാപനമാണ് ഇത്.

32

**<u>4.32 എറണാകുളം ജില്ലാ പഞ്ചായത്ത്</u>**

എറണാകുളം ജില്ലാപ്ലാനിംഗ് ഓഫീസറുടെ 30.01.2025-ലെ കത്ത് (രണ്ടെണ്ണം) (SRG/139/2025 - CC/53/25)

വിഷയം:- ക്ഷീരവികസന വകുപ്പിന്റെ ഗുണനിയന്ത്രണ വിഭാഗത്തിന് വാഹനം വാങ്ങുന്നത് സംബന്ധിച്ച്.

| | | |
|---|---|---|
| *പ്രോ.നം: 1111/*25 | *അടങ്കൽ* | *15,00,000 രൂപ* |
| | | *(വികസന ഫണ്ട് ജനറൽ)* |
| *പേര്* | *ക്വാളിറ്റി കൺട്രോൾ ലാബിന് വാഹനം വാങ്ങൽ* | |

പാൽ കർഷകരുടെ വീട്ടിൽ നിന്ന് സാമ്പിൾ ശേഖരിച്ച് ഗുണനിലവാരം മൊബൈൽ ലാബിൽ പരിശോധിച്ച് അതിന്റെ റിപ്പോർട്ടും ക്ഷീര സംഘങ്ങളിൽ പാൽ ശേഖരിച്ച റിപ്പോർട്ടും തമ്മിൽ വ്യത്യാസമുണ്ടോ എന്ന് ക്ഷീര വകുപ്പ് പരിശോധിക്കാറുണ്ട്. ഈ പരിശോധന രാവിലെ 5 മണിയോടെയാണ് നടത്തുന്നത്. ഇതിനായി ക്വാളിറ്റി കൺട്രോൾ ലാബിന് വാഹനം വാങ്ങി നൽകാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു. നിലവിലെ വാഹനത്തിന്റെ കാലാവധി 17.02.2025-ന് അവസാനിക്കുകയാണെന്ന് അറിയിച്ചിട്ടുണ്ട്.

33

**4.33 <u>കുടുംബശ്രീ</u>**

കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 29.11.2024 -ലെ 6781/D/2018/KSHO നമ്പർ കത്ത് (SRG/77/25)

വിഷയം:- തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് - കുടുംബശ്രീ എൽ.ഇ.ഡി & സ്ട്രീറ്റ് ലൈറ്റ് ഇൻസ്റ്റലേഷൻ യൂണിറ്റുകളിൽ നിന്ന് ടെണ്ടർ കൂടാതെ എൽ.ഇ.ഡി. ലൈറ്റുകൾ വാങ്ങാനും ഈ യൂണിറ്റുകളെ തെരുവുവിളക്കുകളുടെ അറ്റകുറ്റപ്പണി ഏൽപ്പിക്കാനും അനുമതി സംബന്ധിച്ച്

കുടുംബശ്രീ വനിതകളുടെ നേതൃത്വത്തിൽ വിവിധ ജില്ലകളിലായി ആരംഭിച്ചിട്ടുള്ള എൽ.ഇ.ഡി. ബൾബ് നിർമ്മാണം, സ്ട്രീറ്റ് ലൈറ്റ് റിപ്പയറിംഗ് എന്നിവ നടത്തുന്ന 14 യൂണിറ്റുകളിൽ നിന്നും ടെണ്ടർ നടപടി കൂടാതെ എൽ.ഇ.ഡി. ബൾബ് വാങ്ങുന്നതിനും സ്ട്രീറ്റ് ലൈറ്റ് റിപ്പയറിംഗ് വർക്കുകൾ ഏൽപ്പിക്കുന്നതിനും കോഓർഡിനേഷൻ കമ്മിറ്റിയുടെ 13.08.2018-ലെ യോഗം അനുമതി നൽകിയിരുന്നു. ഇതോടൊപ്പം പുതിയതായി കുടുംബശ്രീ വനിതകളുടെ നേതൃത്വത്തിൽ വിവിധ ജില്ലകളിലായി താഴെപ്പറയുന്ന എൽ.ഇ.ഡി. ബൾബ് നിർമ്മാണവും, സ്ട്രീറ്റ് ലൈറ്റ് റിപ്പയറിംഗ് നടത്തുന്ന യൂണിറ്റുകളും ആരംഭിച്ചിട്ടുണ്ട്.

| ക്രമ നം | ജില്ല | യൂണിറ്റിന്റെ പേര് |
|---|---|---|
| 1 | തിരുവനന്തപുരം | ഹരിതം എൽ.ഇ.ഡി. യൂണിറ്റ്, ഒറ്റൂർ |
| 2 | കോട്ടയം | ചിപ്രോ എൽ.ഇ.ഡി. ബൾബ് & ജെ.എൽ.ജി. യൂണിറ്റ്, ചിറക്കടവ് |
| 3 | വയനാട് | ഗ്രാമകിരണം സ്ട്രീറ്റ് ലൈറ്റ് & എൽ.ഇ.ഡി. ബൾബ്സ്, പുൽപ്പള്ളി |
| 4 | തൃശ്ശൂർ | സർക്ക്യൂട്ട് ടെക്നോളജി, പെരിഞ്ഞനം |
| 5 | തൃശ്ശൂർ | മച്ചാട് എൽ.ഇ.ഡി. യൂണിറ്റ് , തെക്കുംകര |
| 6 | തൃശ്ശൂർ | സൂര്യപ്രഭ എൽ.ഇ.ഡി.യൂണിറ്റ് , കാറളം |
| 7 | തൃശ്ശൂർ | ല്യൂമിനോ എൽ.ഇ.ഡി. യൂണിറ്റ്, ചേലക്കര |
| 8 | ആലപ്പുഴ | സൺറൈസ് എൽ.ഇ.ഡി. യൂണിറ്റ്, തൃക്കുന്നപ്പുഴ |
| 9 | കൊല്ലം | സൺലൈറ്റ് എൽ.ഇ.ഡി. യൂണിറ്റ്, ശൂരനാട് സൗത്ത് |
| 10 | കൊല്ലം | ധവളപ്രഭ എൽ.ഇ.ഡി. യൂണിറ്റ്, കുളത്തൂപ്പുഴ |
| 11 | എറണാകുളം | സൂര്യ എൽ.ഇ.ഡി. യൂണിറ്റ്, രാമമംഗലം |
| 12 | എറണാകുളം | ഡ്രീം ലൈറ്റ് എൽ.ഇ.ഡി. യൂണിറ്റ്, പാലക്കുഴ |
| 13 | എറണാകുളം | തേജസ് എൽ.ഇ.ഡി. യൂണിറ്റ്, കൂട്ടമ്പുഴ |
| 14 | കണ്ണൂർ | സുദിനം പ്രോഡക്ട്സ് എൽ.ഇ.ഡി. ബൾബ് അസംബ്ലിംഗ് യൂണിറ്റ്, വടക്കുംമ്പാട് |
| 15 | പാലക്കാട് | ഫ്രീഡം എൽ.ഇ.ഡി. ബൾബ് യൂണിറ്റ് |

ഈ യൂണിറ്റുകളെ സംബന്ധിച്ച് വിവിധ ഗവ.എഞ്ചിനീയറിംഗ് കോളേജുകളിലെ (ചിലത് ഗവ.എഞ്ചിനീയറിംഗ് കോളേജ് അല്ല) ബന്ധപ്പെട്ട വകുപ്പുകളുടെയും എനർജി മാനേജ്മെന്റ് സെന്ററിന്റേയും ഗുണമേന്മ സർട്ടിഫിക്കറ്റ് നൽകിയിട്ടുണ്ട്. 13.08.2018-ലെ കോഓർഡിനേഷൻ കമ്മിറ്റി യോഗത്തിൽ അനുമതി നൽകിയ 14 യൂണിറ്റുകൾക്കൊപ്പം മുകളിൽ പറഞ്ഞ യൂണിറ്റുകളിൽ നിന്നും തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ടെണ്ടർ കൂടാതെ എൽ.ഇ.ഡി. ബൾബ് വാങ്ങുന്നതിനും ഈ യൂണിറ്റുകളെ സ്ട്രീറ്റ് റിപ്പയറിംഗ് എൽപ്പിക്കുന്നതിനും അനുമതി നൽകണമെന്നാവശ്യപ്പെട്ടിരിക്കുന്നു.

34

**4.34 മുക്കം നഗരസഭ**

കോഴിക്കോട് ജില്ലാപ്ലാനിംഗ് ഓഫീസറുടെ 12.11.2024-ലെ കത്തും മുക്കം നഗരസഭാ സെക്രട്ടറിയുടെ 03.12.2024ലെ H1/14656/23-ാം നമ്പർ കത്തും മുക്കം മുനിസിപ്പൽ സെക്രട്ടറിയുടെ 10.02.2025-ലെ H1/14656-ാം നമ്പർ കത്തും (SRG/ 1117/24 - CC/398/24) )

വിഷയം:- വിവിധ മാലിന്യ സംസ്കരണ പ്രോജക്ടുകൾ നടപ്പാക്കിയതിന് സാധൂകരണം സംബന്ധിച്ച്

മുക്കം നഗരസഭ 2023-24 വർഷം താഴെപ്പറയുന്ന പ്രോജക്ടുകൾ അക്രഡിറ്റഡ് ഏജൻസിയായ റെയ്ഡ്കോ മുഖേന നടപ്പാക്കി. ലിമിറ്റഡ് ടെണ്ടർ/ഓഫർ വിളിക്കാതെ നേരിട്ടാണ് റെയ്ഡ്കോ കേരള ലിമിറ്റഡ് എന്ന സ്ഥാപനത്തെ പ്രവൃത്തി ഏൽപ്പിച്ചത്. ഈ അപാകത ഉള്ളതിനാൽ ബിൽ തുക നൽകിയില്ല. അതിനാൽ റെയ്ഡ്കോയെ പ്രവൃത്തി ഏൽപ്പിച്ചതിന് സാധൂകരണം നൽകി ബിൽ തുക നൽകാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

| ക്രമ നം | പ്രോജക്ട് നം | പ്രവൃത്തിയുടെ പേര് | അടങ്കൽ | ബിൽ തുക |
|---|---|---|---|---|
| 1 | 55/24 | ബയോഗ്യാസ് പ്ലാന്റ് | 5,06,250 രൂപ<br>(CSS – 1,77,188<br>SSS – 1,77,956<br>ഗുണഭോക്തൃ വിഹിതം – 2,11,106) | 2,24,900 |
| 2 | 71/24 | ബയോബിൻ – ജൈവ മാലിന്യ സംസ്കരണം വീട്ടുവളപ്പിൽ | 7,66,920 രൂപ<br>(CFC – 2,43,114<br>CSS – 2, 68,422<br>SSS – 1,78,692<br>ഗുണഭോക്തൃ വിഹിതം76,692 രൂപ) | 1,75,500 |
| 3 | 59/24 | റിംഗ് കമ്പോസ്റ്റ് | 9,03,750 രൂപ<br>(CFC – 2,86,488<br>CSS 3,16,313<br>SSS – 2,10,375<br>ഗുണഭോക്തൃ വിഹിതം – 90375 രൂപ) | 7,99,200 |
| 4 | 342/24 | ബയോഗ്യാസ് പ്ലാന്റ് | 16,87,500 രൂപ<br>(വികസന ഫണ്ട് ജനറൽ – 6,48,000<br>CSS 2,00,000 രൂപ<br>SSS – 1,24,000<br>ഗുണഭോക്തൃ വിഹിതം – 7,15,5000) | 3,37,500 |

35

**4.35 നീണ്ടൂർ ഗ്രാമപഞ്ചായത്ത്**

കോട്ടയം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 31.12.2024-ലെ കത്ത് (SRG/ 40/25 – CC /790/24)

വിഷയം:- ഓണം തുരുത്ത് LP സ്കൂളിൽ ടെലസ്കോപ്പ് സ്ഥാപിക്കുന്നത് സംബന്ധിച്ച്.

| *പ്രോ.നം:* 68/25 | *അടങ്കൽ* | *25,000 രൂപ* |
|---|---|---|
| | | *നോൺ റോഡ് മെയിന്റനൻസ് ഗ്രാന്റ്* |
| *പേര്* | *ആകാശ കാഴ്ചകൾ – ഓണംതുരുത്ത് LP സ്കൂളിൽ ടെലസ്കോപ്പ് സ്ഥാപിക്കൽ* | |

നീണ്ടൂർ ഗ്രാമപഞ്ചായത്തിലെ ഓണംതുരുത്ത് ഗവ.എൽ.പി.സ്കൂളിൽ വാനനിരീക്ഷണ ത്തിന് ടെലസ്കോപ്പ് സ്ഥാപിക്കാനുള്ള പ്രോജക്ടിന് നോൺ റോഡ് മെയിന്റനൻസ് ഗ്രാന്റ് ഉപയോഗിക്കാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

36

**4.36 ഇളമാട് ഗ്രാമപഞ്ചായത്ത്**

കൊല്ലം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 21.02.2025-ലെ കത്തും ഇളമാട് ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 31.12.2024-ലെ 2(5)-ാം നമ്പർ തീരുമാനവും. (SRG/178/25 – CC/4/2025)

വിഷയം:- സർക്കാർ, എയ്ഡഡ് ഹൈസ്കൂളുകളിൽ വാട്ടർ പ്യൂരിഫെയർ വാങ്ങി നൽകുന്നത് സംബന്ധിച്ച്.

| പ്രോ.നം. 219/25 | അടങ്കൽ | 14,00,000 രൂപ (സി.എഫ്.സി. റ്റൈഡ് ഗ്രാന്റ് |
|---|---|---|
| *പേര്* | *ഇളമാട് ഗ്രാമപഞ്ചായത്തിലെ എയ്ഡഡ് സ്കൂളുകളിൽ വാട്ടർ പ്യൂരിഫയർ വാങ്ങി സ്ഥാപിക്കൽ* | |

ഇളമാട് ഗ്രാമപഞ്ചായത്തിൽ LPS, UPS കളിൽ കഴിഞ്ഞ വർഷവും ഈ വർഷവുമായി വാട്ടർ പ്യൂരിഫയർ വാങ്ങി സ്ഥാപിച്ചു. ആർക്കന്നൂർ എയ്ഡഡ് ഹൈസ്കൂൾ കലാകായിക മേഖലയിൽ മികച്ച പ്രവർത്തനം കാഴ്ചവയ്ക്കുന്നതും സ്പോർട്സ് ഹോസ്റ്റൽ പ്രവർത്തിക്കുന്നതുമായ സ്കൂളാണ്. ഈ സ്കൂളിൽ കൂടി വാട്ടർ പ്യൂരിഫയർ വാങ്ങി സ്ഥാപിക്കാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു. തേവന്നൂർ ഗവ. ഹൈസ്കൂളിൽ യു.പി.എസ് വിഭാഗവുമുണ്ട്. ഇവിടെ പ്യൂരിഫയർ വാങ്ങി നൽകുന്നുണ്ട്. അൻപതിലധികം കുട്ടികളുണ്ടെങ്കിൽ 2 പ്യൂരിഫയറും നൂറിലധികം കുട്ടികൾക്ക് 3 പ്യൂരിഫയറും എന്ന രീതിയിലാണ് നൽകുന്നത്.

37

**4.37 ബാലരാമപുരം ഗ്രാമപഞ്ചായത്ത്**

തിരുവനന്തപുരം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 20.02.2025-ലെ കത്തും ബാലരാമപുരം ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 09.01.2025-ലെ 400245/HSDC01/GPO/2024/5709(1)നമ്പർ കത്തും (SRG/175/25 – CC/48/2025)

വിഷയം:- ലൈഫ് ഭവന പദ്ധതി പ്രകാരം വീട് നൽകുന്നത് സംബന്ധിച്ച്

ബാലരാമപുരം ഗ്രാമപഞ്ചായത്തിലെ ശ്രീമതി. അശ്വതി, കുളത്തിൻകര, പുള്ളിയിൽ വാർഡ്, പരുത്തിക്കോണം എന്ന വ്യക്തി ലൈഫ് ലിസ്റ്റിൽ 523 ക്രമനമ്പർ ആയി ഉൾപ്പെട്ടിട്ടുണ്ട്. ഇവരുടെ മകൾ കുമാരി മാളവിക 2023 മുതൽ Autoimmune Hepatitis ന് തിരുവനന്തപുരം ശ്രീചിത്രയിൽ ചികിത്സയിലാണ്. പൊടിയും മറ്റ് മാലിന്യങ്ങളും ഇല്ലാത്ത അന്തരീക്ഷം ഈ കുട്ടിക്ക് അത്യാവശ്യമാണ്. ലൈഫ് ലിസ്റ്റ് തയ്യാറാക്കുന്ന സമയത്ത് ഈ ക്ലേശഘടകം ഇല്ലാത്ത സാഹചര്യമായിരുന്നു. ഇതു പരിഗണിച്ച് ഈ കുടുംബത്തിന് ആദ്യഘട്ടത്തിൽ തന്നെ വീട് നൽകാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു. ചികിത്സ സംബന്ധിച്ച രേഖകൾ നൽകിയിട്ടുണ്ട്.

38

**4.38 പള്ളിക്കൽ ഗ്രാമപഞ്ചായത്ത്**

തിരുവനന്തപുരം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 20.02.2025-ലെ കത്തും പള്ളിക്കൽ ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 03.02.2025-ലെ SC1/4485/2024-ാം നമ്പർ തീരുമാനവും (SRG/174/25 – CC/68/2025)

വിഷയം:- അതിദരിദ്ര വിഭാഗത്തിൽപ്പെട്ട വ്യക്തിക്ക് വീട് അറ്റകുറ്റപ്പണിക്ക് ധനസഹായം നൽകുന്നതു സംബന്ധിച്ച്

| പ്രോ.നം. 166/25 | അടങ്കൽ | 10,00,000 രൂപ (SCP) |
|---|---|---|
| *പേര്* | *അതിദരിദ്രർക്കുള്ള വീട് മെയിന്റനൻസ് - SC* | |

പള്ളിക്കൽ ഗ്രാമപഞ്ചായത്തിലെ പട്ടികജാതി വിഭാഗത്തിൽപ്പെട്ട ശ്രീ.രാജൻ , രജനി മന്ദിരം, മൂതല മൂലഭാഗം എന്ന വ്യക്തി അതിദരിദ്ര വിഭാഗ കുടുംബങ്ങളുടെ ലിസ്റ്റിൽപ്പെട്ടതാണ്. ഈ കുടുംബത്തിന് 2020-21 വർഷം പട്ടികജാതി വികസന വകുപ്പിൽ നിന്ന് 1.50 ലക്ഷം രൂപ വീടിന്റെ പൂർത്തീകരണത്തിന് ലഭിച്ചിരുന്നു. ഈ തുക ഉപയോഗിച്ച് വീടിന്റെ കോൺക്രീറ്റിംഗ് പൂർത്തിയാക്കി. ഇനിയും ഈ വീടിന് മെയിന്റനൻസ് ആവശ്യമുണ്ട്. ഗ്രാമപഞ്ചായത്ത് എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ ഇനി 2.00 ലക്ഷം രൂപ കൂടി വീടിന്റെ അറ്റകുറ്റപ്പണിക്ക് നൽകാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

39

**4.39 നൻമണ്ട ഗ്രാമപഞ്ചായത്ത്**

കോഴിക്കോട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 13.01.2025-ലെ കത്തും നൻമണ്ട ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 16.10.2024-ലെ 2-ാം നമ്പർ തീരുമാനവും അനുബന്ധ രേഖകളും (SRG/81/25 – CC /10/25)

വിഷയം:- ബഡ്സ് സ്കൂളിലേയ്ക്ക് വാഹനം വാടകയ്ക്കെടുക്കുന്നത് സംബന്ധിച്ച്

| | | |
|---|---|---|
| *പ്രോ.നം: 93/25* | *അടങ്കൽ* | *11,50,000 രൂപ* |
| | | *വികസനഫണ്ട് -6,50,000 രൂപ* |
| | | *മെയിന്റനൻസ് ഗ്രാന്റ് (നോൺറോഡ്) 5,00,000 രൂപ* |
| *പേര്* | *ബഡ്സ് പുനരധിവാസകേന്ദ്രം പ്രവർത്തനം* | |

നൻമണ്ട ഗ്രാമപഞ്ചായത്തിലെ ബഡ്സ് സ്കൂളിലേയ്ക്ക് കുട്ടികളെ എത്തിക്കുന്നതിന് വാഹനം വാടകയ്ക്കെടുക്കുന്നുണ്ട്. കുട്ടികളെ വീടുകളിലേയ്ക്ക് എത്തിക്കുന്നതിന് വീതി കുറഞ്ഞ വഴി ആയതിനാൽ വലിയ വാഹനം അനുയോജ്യമല്ല. മാർഗ്ഗരേഖ പ്രകാരം ഒരു മാസം 2000 കിലോ മീറ്ററിൽ പരിമിതപ്പെടുത്തി പരമാവധി 36,000 രൂപയാണ് വാഹനം വാടകയ്ക്കെടുക്കുന്നതിന് അനുവദനീയമെന്ന് ഗ്രാമപഞ്ചായത്ത് ചൂണ്ടിക്കാണിച്ചിരിക്കുന്നു. ട്രാൻസ്പോർട്ട് വകുപ്പിന്റെ 26.04.2022 –ലെ 14/2022/ TRANS – നമ്പർ ഉത്തരവ് പ്രകാരം 1500 CC യോ അതിനു മുകളിലുള്ള സ്പെസിഫിക്കേഷനുള്ളതും 7 സീറ്റിംഗ് കപ്പാസിറ്റിയുമുള്ളതുമായ വാഹനത്തിന് 5 കിലോമീറ്റർ വരെ ഓടുന്നതിന് 225 രൂപയും അതിനു മുകളിലുള്ള ഓരോ കിലോമീറ്ററിനും 20 രൂപ വീതവുമാണ് അനുവദനീയമായ നിരക്ക്. ഈ മാനദണ്ഡ പ്രകാരമുള്ള വഹനം വാടകയ്ക്കെടുക്കാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു. ഒരു മാസം 40,000 രൂപയാണ് പരമാവധി ചെലവഴിക്കാൻ ഉദ്ദേശിക്കുന്നത്.

40

## 4.40 ദേലംപാടി ഗ്രാമപഞ്ചായത്ത്

കാസർഗോഡ് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 03.03.2025-ലെ കത്തും ദേലംപാടി ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 17.02.2025-ലെ 4(1) -ാം നമ്പർ തീരുമാനവും. കോഓർഡിനേഷൻ കമ്മിറ്റിയുടെ 16.10.2024-ലെ 4.18-ാം നമ്പർ തീരുമാനവും കോഓർഡിനേഷൻ കമ്മിറ്റിയുടെ 3.07.2023-ലെ 4.54-ാം നമ്പർ തീരുമാനവും. (SRG/203/25 – CC/104/2025)

വിഷയം:- ബഡ്സ് സ്കൂൾ വിദ്യാർത്ഥികൾക്ക് വാഹന സൗകര്യം ഏർപ്പെടുത്തുന്നത് സംബന്ധിച്ച്

| | | |
|---|---|---|
| പ്രോ.നം. 155/25 | അടങ്കൽ | 5,50,000 രൂപ<br>(വികസനഫണ്ട് ജനറൽ – 2,50,000 രൂപ<br>തനത്ഫണ്ട്-3,00,000 രൂപ |
| *പേര്* | *ബഡ്സ് സ്കൂൾ വിദ്യാർത്ഥികൾക്ക് വാഹന സൗകര്യം 2023-24* | |

ദേലംപാടി ഗ്രാമപഞ്ചായത്തിൽ ബഡ്സ് സ്കൂൾ ഇല്ല. ഗ്രാമപഞ്ചായത്തിലെ ഭിന്നശേഷി വിഭാഗത്തിൽപ്പെട്ട 18 കുട്ടികൾ തൊട്ടടുത്തുള്ള കാറഡുക്ക ഗ്രാമപഞ്ചായത്തിലെ ബഡ്സ് സ്കൂളിലാണ് പോകുന്നത്. ഈ സ്കൂളിലേയ്ക്ക് പോകുന്നതിന് വാഹനം വാടകയ്ക്കെടുക്കാൻ കോഓർഡിനേഷൻ കമ്മിറ്റിയുടെ 03.07.2023-ലെ യോഗം അനുമതി നൽകിയിരുന്നു. ഓഫീസ് വാഹനത്തിന് പ്രതിമാസ വാടകയായി 36,000 രൂപയാണ് നൽകാവുന്നതെന്ന നിബന്ധന ബഡ്സ് സ്കൂളിന് വാഹനം വാടകയ്ക്കെടുക്കുന്നതിന് ബാധകമല്ലെന്നും ക്വട്ടേഷൻ ക്ഷണിച്ച് വാഹനം വാടകയ്ക്കെടുക്കാവുന്നതാണെന്നും 16.10.2024-ലെ കോഓർഡിനേഷൻ കമ്മിറ്റി വ്യക്തമാക്കിയിരുന്നു. 2023 ആഗസ്റ്റ് മുതൽ ക്വട്ടേഷൻ വിളിച്ച് രണ്ട് വർഷത്തേയ്ക്ക് വാഹനം വാടകയ്ക്കെടുത്തിരുന്നു. കിലോമീറ്ററിന് 34 രൂപയാണ് നിരക്ക്. പ്രതിമാസം 3000 കിലോമീറ്റർ വാഹനം ഓടുന്നുണ്ട്. വാഹന ഉടമയുടെ മകൾ ഭിന്നശേഷി വിഭാഗത്തിൽപ്പെട്ട കുട്ടി ആയതിനാലും ബഡ്സ് സ്കൂളിൽ പോകുന്നതിനാലുമാണ് വാഹനയുടമ നഷ്ടം സഹിച്ച് വാഹനം ഓടിക്കുന്നതെന്ന് ഗ്രാമപഞ്ചായത്ത് അറിയിച്ചിട്ടുണ്ട്. 16.10.2024 വരെ നൽകിയ വാടക നിരക്ക് പ്രതിമാസം 36,000 രൂപയാണ്. ക്വട്ടേഷൻ പ്രകാരമുള്ള നിരക്ക് നൽകാൻ 16.10.2024 ലെ

കോഓർഡിനേഷൻ കമ്മിറ്റിയിലാണ് അനുമതി ലഭിച്ചത്. എന്നാൽ 2023 ആഗസ്റ്റ് മുതൽ ഇത് പ്രാബല്യത്തിലാക്കണമെന്നാവശ്യപ്പെട്ടിരിക്കുന്നു.

41

**4.41 ബിഹേവിയർ ആന്റ് ഒക്കുപേഷണൽ തെറാപ്പി – ശ്രീമതി മിഷ ചന്ദ്രൻ**

ശ്രീമതി. മിഷ ചന്ദ്രൻ, പെരിമ്പംകുളം, മറ്റത്തൂരിന്റെ 06.12.2023–ലെ കത്ത്. (SRG/130/25 – IA2/197/2024/LSGD)

വിഷയം:– സെറിബ്രൽ പാൾസി ബാധിച്ച കുട്ടികൾക്ക് തെറാപ്പി ചികിത്സ നൽകുന്നത് സംബന്ധിച്ച്

ശ്രീമതി.മിഷ. ചന്ദ്രന്റെ 11 വയസ്സുള്ള സെറിബ്രൽ പാഴ്സി ബാധിതനായ മകൻ യദുകൃഷ്ണ ധീരജ് 6–ാം ക്ലാസ് വിദ്യാർത്ഥിയാണ്. ഈ കുട്ടിക്ക് തുടർച്ചയായി തെറാപ്പി ചികിത്സ ആവശ്യമുണ്ട്. BRC മുഖേന തെറാപ്പി ചികിത്സ മുടക്കം കൂടാതെ നൽകണമെന്നാവശ്യപ്പെട്ടിരിക്കുന്നു.

42

**4.42 ഇടുക്കി ജില്ലാ പഞ്ചായത്ത്**

ഇടുക്കി ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ 25.11.2024–ലെ കത്ത് (SRG/1140/24)

വിഷയം:– ABC സെന്റർ നിർമ്മിക്കുന്നതിനായി ഈ വർഷം തദ്ദേശഭരണ സ്ഥാപനങ്ങൾ വകയിരുത്തിയിരിക്കുന്ന തുക ജില്ലാ പഞ്ചായത്തിന്റെ അക്കൗണ്ടിൽ സൂക്ഷിക്കാൻ അനുമതി സംബന്ധിച്ച്

തെരുവുനായ ശല്യം പരിഹരിക്കുന്നതിന്റെ ഭാഗമായി ജില്ലയിലെ തദ്ദേശഭരണ സ്ഥാപനങ്ങൾ സംയുക്ത പ്രോജക്ട് എടുത്തിരുന്നു. 2023–24 വർഷം ആരംഭിച്ച പ്രോജക്ട് സ്പിൽ ഓവറായി തുടരുന്നു. ജില്ലാ പഞ്ചായത്ത് 20.00 ലക്ഷം രൂപയും മറ്റ് തദ്ദേശഭരണ സ്ഥാപനങ്ങൾ ചേർന്ന് 3.30 കോടി രൂപയും ആണ് വകയിരുത്തിയിരിക്കുന്നത്. ആകെ 3.50 കോടി രൂപയുണ്ട്. ഈ വർഷം ടെണ്ടർ നടപടി പൂർത്തിയാക്കി പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ടെങ്കിലും 2024–25–ൽ സെന്ററിന്റെ നിർമ്മാണം പൂർത്തിയാക്കാൻ കഴിയില്ല. അതിനാൽ മറ്റ തദ്ദേശഭരണസ്ഥാപനങ്ങൾ നീക്കി വച്ചിരിക്കുന്ന വിഹിതം ലാപ്സാകാതിരിക്കാൻ ഈ തുക ജില്ലാ പഞ്ചായത്തിന്റെ അക്കൗണ്ടിൽ സൂക്ഷിക്കാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

43

**4.43 പഴയന്നൂർ ബ്ലോക്ക് ഗ്രാമപഞ്ചായത്ത്**

തൃശ്ശൂർ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 12.12.2024–ലെ കത്തും പഴയന്നൂർ ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതിയുടെ 15.01.2024–ലെ 5–ാം നമ്പർ തീരുമാനവും അനുബന്ധരേഖകളും (SRG/5/25 – CC/106/24)

വിഷയം:– വനിതാ SHG കൾക്കുള്ള തൊഴിൽ പരിശീലന കേന്ദ്രത്തിന്റെ ഷെഡ് നിർമ്മാണത്തിന് ധനസഹായം നൽകുന്നത് സംബന്ധിച്ച്

| | | |
|---|---|---|
| *പ്രോ.നം:* 135/24 | *അടങ്കൽ* | *6,65,246 രൂപ (എസ്.സി.പി)* |
| *പേര്* | വനിതാ SHG കൾക്ക് തൊഴിൽ പരിശീലന കേന്ദ്രം നിർമ്മാണം – അംബേദ്കർ മെമ്മോറിയൽ – പഴയന്നൂർ | |

പഴന്നൂർ ബ്ലോക്ക് പഞ്ചായത്ത് 2023–24 വർഷം SHG കൾക്ക് തൊഴിൽ പരിശീലന കേന്ദ്രത്തിനുള്ള ഷെഡ് നിർമ്മിക്കുന്നതിന് പ്രോജക്ട് ഏറ്റെടുത്തിരുന്നു. ഇതിന്റെ ഭാഗമായി ഡോ.അംബേദ്കർ മെമ്മോറിയൽ പട്ടികജാതി കലാ സഹകരണസംഘത്തിന് ഷെഡ് നിർമ്മിക്കുന്നതിന് ധനസഹായം നൽകാൻ തീരുമാനിച്ചിരുന്നു. ഇതിന്റെ നിർമ്മാണം ഇപ്പോൾ പൂർത്തീകരണ ഘട്ടത്തിലാണ്. മാർഗ്ഗരേഖ പ്രകാരം നിർമ്മാണ ചെലവിന്റെ 50 ശതമാനമാണ് ധനസഹായം നൽകാവുന്നത്. നിലവിൽ 277 അംഗങ്ങളുള്ള സംഘത്തിൽ മുഴുവൻ പട്ടികജാതി വിഭാഗക്കാരാണ്. മുൻപ് സംഘത്തിലെ കലാകാരന്മാർ കലാപരിപാടികൾ നടത്തുന്നുണ്ടായിരുന്നു. ഇപ്പോൾ കലാ പരിപാടികൾ നടത്തുന്നില്ല. വാദ്യോപകരണങ്ങൾ, പവർ ടൂൾസ് എന്നിവ വാടകയ്ക്ക് നൽകുകയാണ് സംഘത്തിന്റെ ഇപ്പോഴത്തെ പ്രധാന വരുമാന

സ്രോതസ്സ്. 2022-23 -ലെ ഓഡിറ്റ് റിപ്പോർട്ട് പ്രകാരം തന്നാണ്ടിൽ 30,248 രൂപ നഷ്ടവും ആകെ നഷ്ടം 12,35,282 രൂപയുമാണ്. ഈ സാഹചര്യത്തിൽ ഷെഡ്ഡു നിർമ്മാണത്തിന് സംഘത്തിന് ധനസഹായം നല്കാൻ സാധിക്കില്ല. എങ്കിൽ കൂടി 50 ശതമാനം തുക സംഘം അടയ്ക്കണമെന്ന നിബന്ധന ഒഴിവാക്കി മുഴുവൻ തുക നൽകണമെന്നാവശ്യപ്പെട്ടിരിക്കുന്നു.

44

## 4.44 പത്തനംതിട്ട ജില്ലാ പഞ്ചായത്ത്

പത്തനംതിട്ട ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ 26.11.2024-ലെ 10-11/14-ാം നമ്പർ കത്തും പത്തനംതിട്ട ജല്ലാ പഞ്ചായത്ത് ഭരണസമിതിയുടെ 14.06.2024-ലെ 3(4)-ാം നമ്പർ തീരുമാനവും തിരുവിതാംകൂർ ദേവസ്വം അസിസ്റ്റന്റ് കമ്മീഷണറുടെ 01.11.2024-ലെ ROC/ 19053/24/M1 നമ്പർ കത്തും. (SRG/146/2025)

വിഷയം:- പള്ളിക്കൽ ഗ്രാമപഞ്ചായത്തിലെ ശ്രീകണ്ഠാളസ്വാമി ക്ഷേത്രകുളം പുനരുദ്ധാരണം.

| | | |
|---|---|---|
| *പ്രോ.നം: 980/25* | *അടങ്കൽ* | *16,00,000 രൂപ* |
| | | *(സി.എഫ്.സി. റ്റൈഡ് ഗ്രാന്റ്)* |
| *പേര്* | *പള്ളിക്കൽ ശ്രീകണ്ഠാള സ്വാമിക്ഷേത്രക്കുളം പുനരുദ്ധാരണം* | |

പത്തനംതിട്ട ജില്ലയിൽ പള്ളിക്കൽ ഗ്രാമപഞ്ചായത്തിലെ ശ്രീകണ്ഠാളസ്വാമിക്ഷേത്രം തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ നിയന്ത്രണത്തിലുള്ളതാണ്. ശ്രീകണ്ഠാളസ്വാമി ക്ഷേത്രത്തിന്റെ ക്ഷേത്രക്കുളം സൈഡ് കെട്ടിയും ചുറ്റുവേലി നിർമ്മിച്ചും സംരക്ഷിക്കാൻ ജില്ലാ പഞ്ചായത്ത് പ്രോജക്ട് തയ്യാറാക്കിയിട്ടുണ്ട്. ക്ഷേത്രാചാരങ്ങൾക്ക് തടസ്സമുണ്ടാക്കാതെയും ഉടമസ്ഥത തിരുവിതാംകൂർ ദേവസ്വം ബോർഡിൽ നിലനിർത്തിക്കൊണ്ടും കുളം നവീകരിക്കുന്നതിന് ദേവസ്വം ബോർഡ് നിരാക്ഷേപ പത്രം നൽകിയിട്ടുണ്ട്. ക്ഷേത്രം കുളം പുനരുദ്ധരിക്കാനുള്ള പ്രോജക്ടിന് അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

45

## 4.45 ആതിരപ്പള്ളി ഗ്രാമപഞ്ചായത്ത്

തൃശ്ശൂർ ജില്ലാപ്ലാനിംഗ് ഓഫീസറുടെ 30.12.2024-ലെ കത്തും ആതിരപ്പള്ളി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ റിപ്പോർട്ടും ഉള്ളടക്കം ചെയ്തിരിക്കുന്ന DPR ഉം അനുബന്ധരേഖകളും (SRG/45/2025 - CC/700/24)

വിഷയം:- ആതിരപ്പള്ളി വെള്ളച്ചാട്ടത്തിന് അഭിമുഖമായി PPP മാതൃകയിൽ ഗ്ലാസ് ബ്രിഡ്ജ് നിർമ്മിക്കുന്നത് സംബന്ധിച്ച്

| | | |
|---|---|---|
| *പ്രോ.നം: 215/25* | *അടങ്കൽ* | *10,90,00,000 രൂപ* |
| | | *വികസനഫണ്ട് ജനറൽ - 2,00,000 രൂപ* |
| | | *സംഭാവന - 10,88,00,000 രൂപ* |
| *പേര്* | PPP മാതൃകയിൽ ഗ്ലാസ് ബ്രിഡ്ജ് നിർമ്മാണം. | |

ആതിരപ്പള്ളി ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള സ്ഥലത്ത് വെള്ളച്ചാട്ടത്തിന് അഭിമുഖമായി PPP മാതൃകയിൽ ഗ്ലാസ്സ് ബ്രിഡ്ജ് നിർമ്മിക്കാൻ ഉദ്ദേശിക്കുന്നു. ഗ്രാമപഞ്ചായത്തിന്റെ ഭൂമിയുടെ ഉടമസ്ഥത കൈമാറാതെ സ്വകാര്യ മേഖല/വ്യക്തി മുഖേന നിർമ്മാണം നടത്താനാണ് പ്രോജക്ട്. 25 വർഷം കഴിഞ്ഞ് ഗ്രാമപഞ്ചായത്തിന് ഗ്ലാസ്സ് ബ്രിഡ്ജ് കൈമാറണമെന്നും ടിക്കറ്റ് നിരക്കിന്റെ 20 ശതമാനം ഗ്രാമപഞ്ചായത്തിന് നൽകണമെന്നുമാണ് കരാറിൽ ഉൾപ്പെടുത്താനുദ്ദേശിക്കുന്ന പ്രധാന വ്യവസ്ഥ. ആകെ ചെലവിന്റെ 0.25 ശതമാനം ഗ്രാമപഞ്ചായത്തു വഹിക്കും. ഈ പ്രോജക്ട് നടപ്പാക്കുന്നത് സംബന്ധിച്ച്.

46

## 4.46 പാറശ്ശാല ബ്ലോക്ക് പഞ്ചായത്ത്

തിരുവനന്തപുരം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 09.01.2025-ലെ കത്തുകളും (2എണ്ണം) പാറശ്ശാല ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതിയുടെ 07.12.2024-ലെ V(1)-◌ാ◌ം നമ്പർ തീരുമാനവും (SRG/51/25 – CC/801/24)

വിഷയം:- RRF കെട്ടിടത്തിന്റെ ചുറ്റമതിലും അനുബന്ധ പ്രവർത്തനത്തിനുമുള്ള വിഹിതം ക്ലീൻ കേരള കമ്പനിക്ക് ഡെപ്പോസിറ്റ് ചെയ്യുന്നത് സംബന്ധിച്ച്

| | | |
|---|---|---|
| *പ്രോ.നം: 209/25* | *അടങ്കൽ* | *32,00,000 രൂപ (മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ്)* |
| *പേര്* | RRF കെട്ടിടത്തിന് ചുറ്റമതിലും അനുബന്ധ നവീകരണ പ്രവൃത്തികളും | |

ബ്ലോക്ക് പഞ്ചായത്തിന്റെ RRF കെട്ടിടത്തിന്റെ അനുബന്ധ പ്രവൃത്തികൾക്കായി 84.75 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. ഈ വർഷം നോൺ റോഡ് മെയിന്റനൻസ് ഗ്രാന്റ് വിഹിതമായി 32.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. അടുത്ത വർഷം 52.85 ലക്ഷം രൂപ പദ്ധതി വിഹിതത്തിൽ നിന്ന് ഉൾപ്പെടുത്തുമെന്നറിയിച്ചിട്ടുണ്ട്. ഈ വർഷത്തെ നോൺ റോഡ് മെയിന്റനൻസ് ഗ്രാന്റ് RRF കെട്ടിടത്തിന്റെ ചുറ്റ മതിലിന് ഉപയോഗിക്കാനാണ് ഉദ്ദേശിക്കുന്നത്. RRF നിർമ്മാണത്തിനും മറ്റും ക്ലീൻ കേരള കമ്പനിയുടെ മേൽനോട്ടം ആവശ്യമാണെന്നറിയിച്ചിരിക്കുന്നു. ഈ പ്രവൃത്തി ക്ലീൻ കേരള കമ്പനി മുഖേന തുക ഡെപ്പോസിറ്റ് ചെയ്തു നടപ്പാക്കാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

47

## 4.47 കതിരൂർ ഗ്രാമപഞ്ചായത്ത്

കണ്ണൂർ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 14.01.2025-ലെ കത്തും കതിരൂർ ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 13.12.2024-ലെ 325/2024-◌ാ◌ം നമ്പർ തീരുമാനവും. (SRG/84/25 – CC/805/24)

വിഷയം:- കതിരൂർ ഗ്രാമപഞ്ചായത്തിലെ പൊന്ന്യത്തങ്കം ഏഴരക്കണ്ടത്ത് നടക്കുന്ന സാംസ്കാരികോത്സവത്തിന് വിഹിതം നൽകുന്നത് സംബന്ധിച്ച്.

| | | |
|---|---|---|
| പ്രോ.നം. 334/25 | അടങ്കൽ | 3,00,000 രൂപ (തനത് ഫണ്ട്) |
| പേര് | പൊന്ന്യത്തങ്കം വാർഷികാഘോഷം – കളരി അഭ്യാസ പ്രദർശനവും | |

കതിരൂർ ഗ്രാമപഞ്ചായത്തിലെ പൊന്ന്യത്തെ ഏഴരക്കണ്ടം മുൻകാലങ്ങളിൽ തച്ചോളി ഒതേനനും മറ്റും പൊയ്ത്ത് (അങ്കം) നടത്തിയ പ്രദേശമാണ്. ഈ പ്രദേശത്തെ ഒരു ടൂറിസ്റ്റ് കേന്ദ്രമായി വികസിപ്പിക്കുന്നതിനുള്ള നടപടി ആരംഭിച്ചിട്ടുണ്ട്. ഇതിനായി സ്ഥലം വാങ്ങി കളരി അക്കാദമി, മ്യൂസിയം, തിയേറ്റർ, ലൈബ്രറി തുടങ്ങിയ സൗകര്യമൊരുക്കാനാണ് ഉദ്ദേശിക്കുന്നത്. ഇതിന്റെ ഭാഗമായി ബഹു.തലശ്ശേരി MLAയുടെ MLAADS-ൽ നിന്ന് തുക അനുവദിച്ചിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ട്. ഫോക് ലോർ അക്കാദമിയുമായി ചേർന്നാണ് ഏഴരക്കണ്ടം പൊന്ന്യത്തങ്കം എല്ലാ വർഷവും സംഘടിപ്പിക്കുന്നത്. ഇതിന്റെ ഭാഗമായി ഫെബ്രുവരി മാസത്തിൽ 7 ദിവസങ്ങളിലായി നടന്നു വരുന്ന സാംസ്കാരികാഘോഷ പരിപാടികൾക്കായി സ്റ്റേജ്, ലൈറ്റ്, സൗണ്ട് സിസ്റ്റം, പന്തൽ തുടങ്ങിയവയ്ക്കായി ഗ്രാമപഞ്ചായത്തിൽ നിന്ന് 3.00 ലക്ഷം രൂപ ഉപയോഗിക്കാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

48

## 4.48 കണ്ണൂർ ജില്ലാ പഞ്ചായത്ത്

കണ്ണൂർ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 14.01.2025-ലെ കത്തും കണ്ണൂർ ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ കത്തും (SRG/94/25 – CC/20/25)

വിഷയം:- സ്കൂൾ കുട്ടികൾ മുഖേന വിതരണം ചെയ്യുന്ന കോഴികുഞ്ഞുങ്ങൾക്ക്

100 ശതമാനം സബ്സിഡി നൽകുന്നത് സംബന്ധിച്ച്

| | | |
|---|---|---|
| പ്രോ.നം. 63/25 | അടങ്കൽ | 3,25,000 രൂപ<br>വികസനഫണ്ട് ജനറൽ - 1,62,500 രൂപ<br>ഗ്രാമപഞ്ചായത്ത് വിഹിതം 1,62,500 രൂപ |
| പേര് | സ്കൂൾ പൗൾട്ടി ക്ലബ് - ഗ്രാമപഞ്ചായത്തുകൾക്ക് ധനസഹായം | |

ഗ്രാമപഞ്ചായത്തുകൾ തെരഞ്ഞെടുക്കുന്ന സ്കൂളുകളിലെ 50 കുട്ടികൾക്ക് 46-50 ദിവസം പ്രായമായ 5 കോഴികളെ വീതം വിതരണം ചെയ്യുന്നതിനാണ് പ്രോജക്ട്. 50 ശതമാനം വീതം ജില്ലാ പഞ്ചായത്തും ഗ്രാമപഞ്ചായത്തും വഹിക്കും. 5 കോഴികൾ അടങ്ങുന്ന ഒരു യൂണിറ്റിന് 600 രൂപയാണ് മാർഗ്ഗരേഖ പ്രകാരമുള്ള യൂണിറ്റ് ചെലവ്. തദ്ദേശഭരണ സ്ഥാപനം മുഴുവൻ തുകയും സബ്സിഡിയായി നൽകുന്നു ( Rs.120 x5 Nos.) എന്നാൽ മൃഗസംരക്ഷണ വകുപ്പ് ഡയറക്ടറുടെ കത്തിന്റെ അടിസ്ഥാനത്തിൽ ഒരു കോഴിയുടെ വില 120 രൂപയിൽ നിന്ന് 130 രൂപയായി കോഓർഡിനേഷൻ കമ്മിറ്റിയുടെ 26.09.2023-ലെ യോഗം വർദ്ധിപ്പിച്ചു. എന്നാൽ അധികമായി വരുന്ന 10 രൂപ ഗുണഭോക്താവ് വഹിക്കണമെന്ന് കോഓർഡിനേഷൻ കമ്മിറ്റി നിർദ്ദേശിച്ചിരുന്നു. മൃഗസംരക്ഷണ വകുപ്പിൽ ഒരു കോഴിയുടെ വില 130 രൂപയാണ്. ഈ സാഹചര്യം പരിഗണിച്ച് സ്കൂൾ കുട്ടികൾക്ക് കോഴികുഞ്ഞുങ്ങളെ 100 ശതമാനം സബ്സിഡിയോടെ (കോഓർഡിനേഷൻ കമ്മിറ്റി തീരുമാനപ്രകാരമുള്ള 10 രൂപ ഉൾപ്പെടെ) നൽകാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു

49

**4.49 മക്കരപ്പറമ്പ് ഗ്രാമപഞ്ചായത്ത്**

മലപ്പുറം ജില്ലാപ്ലാനിംഗ് ഓഫീസറുടെ 15.01.2025-ലെ കത്തും അനുബന്ധ രേഖകളും (SRG/96/25 - CC/797/24)

വിഷയം:- ഡ്രെയിനേജ് വൃത്തിയാക്കിയതിന്റെ ചെലവ് DLR ന്റെ അടിസ്ഥാനത്തിൽ നൽകുന്നത് സംബന്ധിച്ച്

| | | |
|---|---|---|
| പ്രോ.നം. 153/24 | അടങ്കൽ | 2,00,000 രൂപ<br>(തനത് ഫണ്ട് ) |
| പേര് | മാലിന്യ ശുചീകരണം - ഡ്രെയിനേജ് വൃത്തിയാക്കൽ | |

ദേശീയപാതയിൽ മണ്ണും മാലിന്യങ്ങളും നീക്കം ചെയ്യണമെന്ന് ദേശീയപാത വിഭാഗത്തോട് ആവശ്യപ്പെട്ടെങ്കിലും പ്രവൃത്തി ചെയ്തില്ല. നാഷണൽ ഹൈവേയിൽ മണ്ണും മാലിന്യവും കൂടിക്കിടക്കുന്നത് പൊതുജനങ്ങളുടെ സഞ്ചാരത്തിന് തടസ്സമായതിനാൽ മണ്ണും മാലിന്യവും നീക്കം ചെയ്യുന്നതിന് അസിസ്റ്റന്റ് എഞ്ചിനീയർ തയ്യാറാക്കിയ റഫ് കോസ്റ്റ് എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ ക്വട്ടേഷൻ വിളിച്ച് പ്രവൃത്തി നടപ്പാക്കി. മക്കരപ്പറമ്പ് അങ്ങാടി മുതൽ പുണർപ്പ് യു.പി. സ്കൂൾ വരെയുള്ള ഡ്രെയിനേജ് ആണ് വൃത്തിയാക്കിയത്. ഈ പ്രവൃത്തി നടത്തുന്നതിന് നാഷണൽ ഹൈവേ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ അനുമതി നൽകിയിരുന്നു. മഴക്കാല പൂർവ്വ ശുചീകരണത്തിന് അനുവദിച്ച തുക അപര്യാപ്തമായതിനാലാണ് ഗ്രാമപഞ്ചായത്ത് പ്രത്യേകം വിഹിതം വകയിരുത്തിയത്. പ്രവൃത്തി പൂർത്തിയാക്കി കരാറുകാരൻ 75,180 രൂപയുടെ ബിൽ നൽകി. ബിൽ സൂക്ഷ്മ പരിശോധന നടത്തി 54,945 രൂപയുടെ Daily Labour Report (DLR) ഗ്രാമപഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയർ അംഗീകരിച്ച് നൽകിയിട്ടുണ്ട്. വിശദമായ എസ്റ്റിമേറ്റും സാങ്കേതിക അനുമതിയും കൂടാതെ നടപ്പാക്കിയ ഈ പ്രവൃത്തിയുടെ വാല്യുവേഷനു പകരം DLR ന്റെ അടിസ്ഥാനത്തിൽ ബിൽ തുക നൽകാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

50

**4.50 മലപ്പുറം ജില്ലാ പഞ്ചായത്ത്**

മലപ്പുറം ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ 14.02.2025-ലെ DP(MPM)/12/2025 -ാം നമ്പർ കത്തും മലപ്പുറം ജില്ലാ പഞ്ചായത്ത് ഭരണസമിതിയുടെ 11.02.2025-ലെ 1(9)-ാം നമ്പർ തീരുമാനവും (SRG/241/25)

വിഷയം:- ജില്ലയിൽ വിവിധ പ്രദേശങ്ങളിൽ മിനിമാസ്റ്റ്/ സോളാർ ലൈറ്റ് സ്ഥാപിച്ചതിന് സാധൂകരണം നൽകുന്നത് സംബന്ധിച്ച് .

മലപ്പുറം ജില്ലാ പഞ്ചായത്തിന്റെ 2023-24, 2024-25 വാർഷിക പദ്ധതികളിൽ ഉൾപ്പെടുത്തി വിവിധ സോളാർ ലൈറ്റുകൾ സ്ഥാപിക്കുന്നതിന് പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. 2023-24 വാർഷിക പദ്ധതിയിൽ അംഗീകാരം വാങ്ങിയ പദ്ധതികൾ നിർവ്വഹണം പൂർത്തിയാക്കി തുക കൈമാറിയിട്ടുണ്ട്. 2024-25 വാർഷിക പദ്ധതിയിൽ ഉൾപ്പെട്ട പദ്ധതികൾ കരാർ വച്ച് നിർവ്വഹണം ആരംഭിച്ചിട്ടുണ്ട്. തെരുവുവിളക്കുകളുടെ പരിപാലനം ഗ്രാമപഞ്ചായത്തുകൾക്കായതിനാൽ നിലവിൽ നിർവ്വഹണം പൂർത്തിയാക്കിയിട്ടുള്ള 2023-24-ലെ പ്രോജക്ടുകൾക്കും നിർവ്വഹണം ആരംഭിച്ചിട്ടുള്ള 2024-25-ലെ പ്രോജക്ടുകൾക്കും സാധൂകരണം നൽകണമെന്നാവശ്യപ്പെട്ടിരിക്കുന്നു.

സോളാർ മിനിമാസ്റ്റ് ലൈറ്റുകളുടെ സ്ഥാപനത്തിനായുള്ള പദ്ധതികളിൽ 2023-24 വർഷം 11 പ്രവൃത്തികൾ പൂർത്തീകരിച്ച് ബിൽ തുക കൈമാറിയിട്ടുള്ളതും 2024-25 വാർഷിക പദ്ധതയിൽ ഇതേ ആവശ്യത്തിലേയ്ക്ക് 15 പദ്ധതികൾ കരാറിൽ ഏർപ്പെട്ട് നിർവഹണം ആരംഭിച്ചിട്ടുണ്ട്.

**<u>നടപ്പാക്കിയ പ്രോജക്ടുകൾ 2023-24</u>**

| നം | പ്രോജക്ട് നം. | പേര് | അടങ്കൽ |
|---|---|---|---|
| 1 | പ്രോജക്ട് നമ്പർ -1074/25 (386/24) | മലപ്പുറം ജില്ലയിലെ വിവിധ എസ്.സി കോളനികളിൽ സോളാർ മിനി മാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ | 2,55,00,000 |
| 2 | പ്രോജക്ട് നമ്പർ -1338/25 (1277/24) | മലപ്പുറം ജില്ലയിലെ വിവിധ എസ്.സി കോളനികളിൽ മിനി മാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ | 45,00,000 |
| 3 | പ്രോജക്ട് നമ്പർ -1380/25 (1401/24) | മലപ്പുറം ജില്ലയിലെ വിവിധ സ്ഥലങ്ങളിൽ സോളാർ മിനി മാസ്റ്റ്-- ലൈറ്റ് സ്ഥാപിക്കൽ | 41,80,180 |
| 4 | പ്രോജക്ട് നമ്പർ -1430/25 (1515/24) | എടക്കര പോത്തുകല്ല് പഞ്ചായത്തുകളിലെ വിവിധ സ്ഥലങ്ങളിൽ സോളാർ മിനി മാസ്റ്റ് ലൈറ്റ് സാഥാപിക്കൽ | 14,21,778 |
| 5 | പ്രോജക്ട് നമ്പർ -1437/25 (1523/24) | ചോക്കാട് ഡിവിഷനിലെ വിവിധ പ്രദേശങ്ങളിൽ സോളാർ മിനി മാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ | 14,21,737 |
| 6 | നമ്പർ -1447/25 (1538/24) | പോത്തുകല്ല് എടക്കര പഞ്ചായത്തിലെ വിവിധ എസ്സി കോളനികളിൽ മിനി മാസ്റ്റ് ലൈറ്റ് സാഥാപിക്കൽ - എടക്കര | 19,71,290 |
| 7 | പ്രോജക്ട് നമ്പർ -385/24 | മലപ്പുറം ജില്ലയിലെ വിവിധ സ്ഥലങ്ങളിൽ സോളാർ മിനി മാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ | 1,62,38,362 |
| 8 | പ്രോജക്ട് നമ്പർ -924/24 | ദീപം - വഴിക്കടവ്- എടക്കര ഗ്രാമ പഞ്ചായത്തുകളിലെ പട്ടിക ജാതി കോളനികളിൽ മിനിമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ- | 20,00,000 |
| 9 | പ്രോജക്ട് നമ്പർ -1030/24 | മരംവെട്ടിച്ചാൽ കുറ്റിക്കാട് കരുളായി എന്നിവിടങ്ങളിൽ സോളാർ ഹൈമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ | 15,00,000 |
| 10 | പ്രോജക്ട് നമ്പർ -1005/24 | വല്ലിക്കുന്ന് ഡിവിഷനിലെ വിവിധ പ്രദേശങ്ങളിൽ സോളാർ മിനി ലൈറ്റ് സ്ഥാപിക്കൽ | 20,00,000 |
| 11 | പ്രോജക്ട് നമ്പർ -1031/24 | ചോക്കാട് ഡിവിഷനിലെ വിവിധ സ്ഥലങ്ങളിൽ മിനിമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ | 25,00,000 |
| | | ആകെ | 6,32,33,347 |

**<u>നടപ്പാക്കിക്കൊണ്ടിരിക്കുന്ന പ്രോജക്ടുകൾ (2024-25)</u>**

| നം | പ്രോജക്ട് നം. | പേര് | അടങ്കൽ |
|---|---|---|---|
| 1 | പ്രോജക്ട് നമ്പർ –394/25 | നവജ ഗ്രാമം പ്രഖ്യാപിച്ച വാർഡുകളിൽ സോളാർ മിനി മാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ | 1,49,99,999 |
| 2 | പ്രോജക്ട് നമ്പർ –396/25 | കരുവാരക്കുണ്ട് പൊൻമുണ്ടം രണ്ടത്താണി നന്നമ്പ്ര അരിക്കോട് ഡിവിഷനുകളിലെ വിവിധ എസ്.സി കോളനികളിൽ സോളാർ മിനി മാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ | 1,44,98,629 |
| 3 | പ്രോജക്ട് നമ്പർ –398/25 | പൊന്മുണ്ടം എടവണ്ണ ആതവനാട് മാറഞ്ചേരി വള്ളിക്കുന്ന് പൂക്കോട്ടൂർ അങ്ങാടിപ്പുറം ഡിവിഷനിലെ വിവിധ സ്ഥലങ്ങളിൽ സോളാർ മിനി മാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ | 1,28,50,000 |
| 4 | പ്രോജക്ട് നമ്പർ –431/25 | ചോക്കാട് ഡിവിഷനിലെ വിവിധ സ്ഥലങ്ങളിൽ സോളാർ മിനി മാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ | 60,00,000 |
| 5 | പ്രോജക്ട് നമ്പർ –432/25 | ചോക്കാട് ഡിവിഷനിലെ വിവിധ എസ്.സി കോളനികളിൽ മിനി മാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ | 60,00,000 |
| 6 | പ്രോജക്ട് നമ്പർ –433/25 | ചോക്കാട് ഡിവിഷനിലെ വിവിധ എസ്.റ്റി കോളനികളിൽ സോളാർ മിനി മാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ | 28,85,000 |
| 7 | പ്രോജക്ട് നമ്പർ –1277/25 (275/24) | ചോക്കാട് ഡിവിഷനിലെ വിവിധ എസ്.റ്റി കോളനികളിൽ സോളാർ മിനി മാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ | 60,00,000 |
| 8 | പ്രോജക്ട് നമ്പർ –1503/25 | രണ്ടത്താണി ഡിവിഷനിലെ വിവിധ എസ്.സി കോളനികളിൽസോളാർ മിനി മാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ | 11,40,000 |
| 9 | പ്രോജക്ട് നമ്പർ –1536/25 | ഒഴൂർ പഞ്ചായത്തിലെ വിവിധ സ്ഥലങ്ങളിൽ സോളാർ മിനി മാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ | 14,99,999 |
| 10 | പ്രോജക്ട് നമ്പർ –1549/25 | തൃക്കലങ്ങോട് അരിക്കോട് ഡിവിഷനുകളിലെ വിവിധ പ്രദേശങ്ങളിൽ സോളാർ മിനി മാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ | 31,35,000 |
| 11 | പ്രോജക്ട് നമ്പർ –1550/25 | തൃക്കലങ്ങോട് ഡിവിഷനിലെ വിവിധ എസ്.സി കോളനികളിൽസോളാർ മിനി മാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ | 31,35,000 |
| 12 | പ്രോജക്ട് നമ്പർ –1572/25 | മംഗലം ഡിവിഷനിലെ വിവിധ എസ്സി കോളനികളിൽ മിനി മാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ | 19,99,999 |
| 13 | പ്രോജക്ട് നമ്പർ –1573/25 | മംഗലം ഡിവിഷനിലെ വിവിധ സ്ഥലങ്ങളിൽ സോളാർ മിനി ലൈറ്റ് സ്ഥാപിക്കൽ | 10,00,000 |
| 14 | പ്രോജക്ട് നമ്പർ –1589/25 | എടപ്പാൾ ഡിവിഷനിലെ വിവിധ എസ്.സി കോളനികളിൽ സോളാർ മിനി മാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ | 24,99,999 |
| 15 | പ്രോജക്ട് നമ്പർ –397/25 | എടയൂർ മക്കരപ്പറമ്പ വണ്ടൂർ വഴിക്കടവ് ചങ്ങരംകുളം – ആനക്കയം ചുങ്കത്തറ ഡിവിഷനുകളിലെ എസ്.സി കോളനികളിൽ മിനി മാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ | 1,37,00,000 |
| | | **ആകെ** | **9,13,43,627** |

51

## 4.51 കൊണ്ടോട്ടി മുനിസിപ്പാലിറ്റി

മലപ്പുറം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 25.01.2025–ലെ കത്തും കൊണ്ടോട്ടി നഗരസഭാ കൗൺസിലിന്റെ 08.08.2024–ല 4–ാം നമ്പർ തീരുമാനവും കൊണ്ടോട്ടി നനഗരസഭാ സെക്രട്ടറിയുടെ 31.12.2024–ലെ കത്തും (SRG/135/25 – CC/881/24)

വിഷയം:– ശ്രീ. മുഹമ്മദ് കുട്ടി കളത്തിങ്ങൽ ഹൗസ് എന്ന വ്യക്തിയുടെ വീടിന് സംരക്ഷണഭിത്തി നിർമ്മിക്കുന്നത് സംബന്ധിച്ച്

കൊണ്ടോട്ടി നഗരസഭയിൽ 9-ാം വാർഡിൽ താമസിക്കുന്ന ഭിന്നശേഷിക്കാരനായ ശ്രീ.മുഹമ്മദ്കുട്ടി, കളത്തിങ്ങൽ ഹൗസ്, ബ്ലോക്ക് റോഡ്, കൊണ്ടോട്ടി എന്ന വ്യക്തിയുടെ വീട് സംരക്ഷണഭിത്തി നിർമ്മിക്കണമെന്നാവശ്യപ്പെട്ടു കൊണ്ട് CMO പോർട്ടൽ വഴി ബഹു.മുഖ്യമന്ത്രിക്ക് അപേക്ഷ നൽകിയിട്ടുണ്ട്. ഒപ്പം ബഹു.ഓംബുഡ്സ്മാൻ, ബഹു. കേരള സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ എന്നിവിടങ്ങളിലും പരാതി നൽകി. വെള്ളത്തിന്റെ ഒഴുക്ക് മൂലം വീടിന് കേട് സംഭവിക്കുന്നുണ്ടോ എന്നു പരിശോധിച്ച് ഉചിതമായ പരിഹാര നടപടി സ്വീകരിക്കാൻ ബഹു. ഓംബുഡ്സ്മാൻ നിർദ്ദേശിച്ചിരുന്നു. ഈ വ്യക്തിയുടെ വീട് റോഡിൽ നിന്ന് താഴ്ന്ന ഭാഗത്തായതിനാൽ നഗരസഭ റോഡിന്റെ സൈഡിലൂടെ കെർബ് നിർമ്മിച്ച് അതിനു മുകളിൽ ഹാൻഡ് റെയിൽ കൊടുത്താൽ സുരക്ഷ ഒരുക്കുന്നതിനും ഈ വ്യക്തിയുടെ വീട്ടിലേയ്ക്ക് വെള്ളം ഒഴുകുന്നത് തടയാനും സഹായകരമാകും എന്ന് നഗരസഭ അറിയിച്ചിട്ടുണ്ട്. ഒപ്പം വീടിന്റെ പിൻഭാഗത്ത് സുരക്ഷാഭിത്തിയും കെട്ടേണ്ടതുണ്ട്. അതിന് ഏകദേശം 3.50 ലക്ഷം രൂപ ചെലവ് വരും. സ്വകാര്യ വ്യക്തിയുടെ ഭൂമി സംരക്ഷണത്തിനായതിനാൽ ഈ പ്രവൃത്തി ചെയ്യാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

52

## 4.52 കോതമംഗലം ബ്ലോക്ക് പഞ്ചായത്ത്

കോതമംഗലം ബ്ലോക്ക് പഞ്ചായത്ത് 2-ാം വാർഡ് മെമ്പറുടെ കത്തും കോഓർഡിനേഷൻ കമ്മിറ്റിയുടെ 22.01.2024-ലെ 4.1-ാം നമ്പർ യോഗ തീരുമാനവും (SRG/245/25)

വിഷയം:- ജലവിഭവ വകുപ്പിന്റെ സ്ഥലത്ത് വനിതാ വിപണനകേന്ദ്രം സ്ഥാപിക്കുന്നത് സംബന്ധിച്ച്

കോതമംഗലം ബ്ലോക്ക് പഞ്ചായത്ത് പ്രദേശത്തെ പിണ്ടിമന ഗ്രാമപഞ്ചായത്തിൽ ജലസേചന വകുപ്പിന്റെ ഉടമസ്ഥതയിലുള്ള 10 സെന്റ് സ്ഥലത്ത് വനിതാ വിപണനകേന്ദ്രം നിർമ്മിക്കാൻ ബ്ലോക്ക് പഞ്ചായത്ത് ഉദ്ദേശിച്ചിരുന്നു. സ്ഥലത്തിന്റെ ഉടമസ്ഥാവകാശം ജലസേചന വകുപ്പിൽ തന്നെ നിലനിർത്തിക്കൊണ്ട് നിബന്ധനകളോടെ വിപണനകേന്ദ്രം നിർമ്മിക്കാൻ ജലസേചന വകുപ്പ് അനുമതി നൽകിയിരുന്നു. വിപണകേന്ദ്രം നിർമ്മിക്കണമെന്ന ആവശ്യം കോഓർഡിനേഷൻ കമ്മിറ്റിയുടെ 03.07.2023, 22.01.2024 എന്നീ തീയതികളിലെ യോഗങ്ങളിൽ പരിഗണിച്ചിരുന്നു. ഈ വിഷയം തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ പരിശോധിച്ച് റിപ്പോർട്ട് നൽകിയിരുന്നു. 9,29,405 രൂപ വകയിരുത്തി കോൺക്രീറ്റ് കെട്ടിടമാണ് വനിതാ വിപണകേന്ദ്രത്തിന് നിർമ്മിക്കാനുദ്ദേശിച്ചിരിക്കുന്നതെന്ന് പ്രിൻസിപ്പൽ ഡയറക്ടർ അറിയിച്ചു. എല്ലാ നിർമ്മാണവും താൽക്കാലികമായി മാത്രമേ പരിഗണിക്കൂ എന്ന് ജലസേചന വകുപ്പ് അറിയിച്ചു ജലസേചന വകുപ്പിന്റെ സ്ഥലം പൂർണ്ണമായും ബ്ലോക്ക് പഞ്ചായത്തിന് വിട്ടു നൽകിയാൽ മാത്രമേ പ്രോജക്ടിന്റെ ലക്ഷ്യം കൈവരിക്കാൻ കഴിയൂ എന്നും റിപ്പോർട്ടിൽ പറഞ്ഞിരിക്കുന്നു. ഇതിന്റെ ടിസ്ഥാനത്തിൽ ഈ പ്രോജക്ടിന് കോഓർഡിനേഷൻ കമ്മിറ്റിയുടെ 26.09.2023-ലെ യോഗം അനുമതി നിരസിച്ചിരുന്നു. എന്നാൽ ഇത് പുനപരിശോധിച്ച് അനുമതി നൽകണമെന്ന് ബ്ലോക്ക് പഞ്ചായത്ത് വീണ്ടും ആവശ്യപ്പെട്ടു. ഇത് കോഓർഡിനേഷൻ കമ്മിറ്റിയുടെ 22.1.2024-ലെ യോഗം പരിഗണിച്ചു. വിപണനകേന്ദ്രത്തിന് സ്ഥിരമായ കെട്ടിടം നിർമ്മിക്കാൻ ജലസേചന വകുപ്പ് അനുമതി നൽകണമെന്ന നിബന്ധനയോടെ മാത്രം കെട്ടിടം നിർമ്മിക്കാനാണ് അനുമതി നൽകിയത്. ഒപ്പം ബ്ലോക്ക് പഞ്ചായത്തിൽ RRF ഇല്ലായെങ്കിൽ ബാക്കി ലഭ്യമായ സ്ഥലത്ത് RRF നിർമ്മിക്കാൻ ബ്ലോക്ക് പഞ്ചായത്ത് നടപടിയെടുക്കണമെന്നും കോഓർഡിനേഷൻ കമ്മിറ്റി നിർദ്ദേശിച്ചിരുന്നു. ഇതിനു മുമ്പും ജലസേചന വകുപ്പിന്റെ സ്ഥലത്ത് പല പദ്ധതികളും നടപ്പാക്കിയിട്ടുണ്ടെന്ന് ഡിവിഷൻ മെമ്പർ കത്തിലൂടെ അറിയിച്ചിരിക്കുന്നു. പഞ്ചായത്ത് സെക്രട്ടറി കോഓർഡിനേഷൻ കമ്മിറ്റി തീരുമാനം നടപ്പാക്കാനുള്ള നടപടി ഇതുവരെ സ്വീകരിച്ചിട്ടില്ല. അതിനാൽ വിപണനകേന്ദ്രം നിർമ്മിക്കുന്നതിനാവശ്യമായ നിർദ്ദേശം നൽകണമെന്നാവശ്യപ്പെട്ടിരിക്കുന്നു.

53

## 4.53 കുന്നംകുളം നഗരസഭ

തൃശ്ശൂർ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 31.01.2025-ലെ കത്തും കുന്നംകുളം നഗരസഭാ കൗൺസിലിന്റെ 08.10.2024-ലെ 4-ാം നമ്പർ തീരുമാനവും (SRG/147/25 - CC/771/24)

വിഷയം:- അഗതി രഹിത കേരളം പദ്ധതിയിലെ ഗുണഭോക്താക്കൾക്ക് ഭക്ഷണകിറ്റ് നൽകുന്നത് സംബന്ധിച്ച്

| | | |
|---|---|---|
| പ്രോ.നം. 30/25 | അടങ്കൽ | 5,00,000 രൂപ (CFC Basic Grant) |
| പേര് | അഗതി രഹിത കേരളം – ആശ്രയ | |

കുന്നംകുളം നഗരസഭയിൽ അഗതി രഹിത കേരളം പദ്ധതിയിൽ 127 ഗുണഭോക്താക്കൾ ഉണ്ട്. കുടുംബശ്രീയുടെ ചലഞ്ച് ഫണ്ടായി ലഭിച്ച 20,28,548 രൂപ ഉപയോഗിച്ച് 2023 ജൂലൈ വരെ ഈ ഗുണഭോക്താക്കൾക്ക് ഭക്ഷണകിറ്റ് നൽകി. തുടർന്ന് 2024 മെയ് വരെ നഗരസഭയുടെ തനത് ഫണ്ട് ഉപയോഗിച്ച് ഇവർക്ക് ഭക്ഷണ കിറ്റ് നൽകി. പ്രതിമാസം 80,300 രൂപ ഭക്ഷണ കിറ്റ് നൽകാൻ വേണം. ഇനിയും ഭക്ഷണ കിറ്റ് നൽകാൻ വികസന ഫണ്ട് (CFC Basic Grant) ഉപയോഗിക്കാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

54

**4.54 കൊടുവായൂർ ഗ്രാമപഞ്ചായത്ത്**

പാലക്കാട് ജില്ലാപ്ലാനിംഗ് ഓഫീസറുടെ 28.01.2025-ലെ കത്ത് (SRG/149/24 – CC/39/25)

വിഷയം:– വിശ്വനാഥ സ്വാമി ക്ഷേത്രത്തിലെ രഥോത്സവത്തിന്റെ ഭാഗമായി തെരുവുകൾ വൃത്തിയാക്കുന്നത് സംബന്ധിച്ച്

| | | |
|---|---|---|
| പ്രോ.നം. 27/25 | അടങ്കൽ | 1,50,000 രൂപ (തനത് ഫണ്ട്) |
| പേര് | കൊടുവായൂർ രഥോത്സവം | |

കൊടുവായൂർ ഗ്രാമപഞ്ചായത്തിലെ കേരളപുരം അഗ്രഹാരത്തിലെ വിശ്വനാഥ സ്വാമി ക്ഷേത്രത്തിലെ രഥോത്സവം ജനുവരി 13,14 തീയതികളിലായി നടന്നു. രഥോത്സവത്തിന്റെ ഭാഗമായി തെരുവുകളും വീഥികളും ഗ്രാമപഞ്ചായത്ത് വൃത്തിയാക്കി ശുചീകരണ പ്രവൃത്തികൾ നടത്താറുണ്ട്. മുൻ വർഷങ്ങളിൽ ഇപ്രകാരം തെരുവുകൾ വൃത്തിയാക്കി ശുചീകരണ പ്രവർത്തനങ്ങൾ നടപ്പാക്കാൻ 1.50 ലക്ഷം രൂപ ചെലവഴിക്കുന്നത് കോഓർഡിനേഷൻ കമ്മിറ്റി അനുമതി നൽകിയിട്ടുണ്ട്. ഈ വർഷവും രഥോത്സവത്തിനായി തെരുവുകൾ വൃത്തിയാക്കുന്നതിന് 1.50 ലക്ഷം രൂപ ചെലവഴിക്കാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

55

**4.55 താഴെക്കോട് ഗ്രാമപഞ്ചായത്ത്**

മലപ്പുറം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 25.01.2025-ലെ കത്ത് . (SRG/134/25 – CC/23/25)

വിഷയം:– നാഷണൽ ഹൈവേയുടെ പാതയോരങ്ങളിൽ ഇന്റർലോക്ക് കട്ട വിരിക്കുന്നതിന് അനുമതി സംബന്ധിച്ച്

| | | |
|---|---|---|
| പ്രോ.നം. 264/25 | അടങ്കൽ | 50,000 രൂപ (CFC Tied Grant) |
| പേര് | ക്ലീൻ താഴെക്കോട് | |

താഴെക്കോട് ടൗൺ പ്രദേശത്ത് സൗന്ദര്യവൽക്കരണത്തിന്റെ ഭാഗമായും ശുചീകരണ കാമ്പയിന്റെ ഭാഗമായും നാഷണൽ ഹൈവേയുടെ പാതയോരങ്ങളിൽ ഇന്റർ ലോക്ക് കട്ട വിരിക്കാനാണ് പ്രോജക്ട്. ഇതിന് നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യയുടെ അനുമതി ലഭിച്ചിട്ടുണ്ട്. ഈ പ്രോജക്ട് നടപ്പാക്കാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

56

**4.56 കൊടുങ്ങല്ലൂർ മുനിസിപ്പാലിറ്റി**

_ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 14.02.2025-ലെ കത്തും കോഓർഡിനേഷൻ കമ്മിറ്റിയുടെ 06.10.2024-ലെ 2.6 ഖണ്ഡിക 4.3 പ്രകാരമുള്ള യോഗ തീരുമാനവും കൊടുങ്ങല്ലൂർ നഗരസഭാ സെക്രട്ടറിയുടെ 10.01.2025-ലെ PH4 -7200/14 -ാം നമ്പർ കത്തും അനുബന്ധരേഖകളും (SRG/144/25 – CC/22/25)

വിഷയം:- കുടിവെള്ള കുടിശ്ശിക അടയ്ക്കുന്നത് സംബന്ധിച്ച്

| | | |
|---|---|---|
| പ്രോ.നം. 513/25 | അടങ്കൽ | 1,00,00,000 രൂപ |
| | | വികസനഫണ്ട് - ജനറൽ - 75,98,720 രൂപ |
| | | CFC Tied Grant - 24,01,280 രൂപ |
| പേര് | 2024-25 കൊടുങ്ങല്ലൂർ നഗരസഭ - കേരള വാട്ടർ അതോറിറ്റിക്ക് വെള്ളക്കരം കുടിശ്ശിക അടവാക്കൽ | |

കൊടുങ്ങല്ലൂർ നഗരസഭ കേരള വാട്ടർ അതോറിറ്റിക്ക് നൽകേണ്ട കുടിവെള്ള കുടിശ്ശിക 40.00 കോടി രൂപയായിരുന്നു. ഒറ്റത്തവണ തീർപ്പാക്കൽ പ്രകാരം ഇത് 14.00 കോടിയായി വാട്ടർ അതോറിറ്റി കുറവ് ചെയ്തിരുന്നുവെങ്കിലും ഒറ്റത്തവണയായി അടയ്ക്കാത്തതിനാൽ തുക 17.70 കോടിയായി വർദ്ധിച്ചു. ഒറ്റത്തവണയായി അടയ്ക്കുന്നതിന് പകരം ഗഡുക്കളായി അടച്ചാൽ മതിയെന്ന് കേരള വാട്ടർ അതോറിറ്റിയുമായി ധാരണയായിട്ടുണ്ട് എന്ന് നഗരസഭ അറിയിച്ചിരുന്നു. ഇതിന്റെ ഭാഗമായി 2023-24 വർഷം കുടിശ്ശിക അടയ്ക്കാൻ 1.00 കോടി രൂപയുടെ പ്രോജക്ട് (വികസനഫണ്ട് ജനറൽ 75,98,720 രൂപ x CFC Basic Grant 24,01,280 രൂപ) നഗരസഭ തയ്യാറാക്കിയിരുന്നു. ഈ വിഷയം 16.10.2024-ലെ കോഓർഡിനേഷൻ കമ്മിറ്റിയിൽ പരിഗണിക്കുകയും വിഷയം വിശദമായി പരിശോധിച്ച് റിപ്പോർട്ട്നൽകാൻ കേരള വാട്ടർ അതോറിറ്റി ചീഫ് എഞ്ചിനീയറെ ചുമതലപ്പെടുത്തുകയും ചെയ്തു. വിശദമായ റിപ്പോർട്ടിനോടൊപ്പം 01.07.2024 വരെയുള്ള കുടിശ്ശിക 19,90,54,893 രൂപയാണ് എന്ന് ചീഫ് എഞ്ചിനീയർ അറിയിക്കുകയും ചെയ്തു. കേരള വാട്ടർ അതോറിറ്റി റവന്യൂ റിക്കവറി നടപടികൾ ആരംഭിച്ചിട്ടുണ്ടെന്നും ചീഫ് എഞ്ചിനീയർ അറിയിച്ചിരുന്നു. ഇതനുസരിച്ച് 16.10.2024-ലെ കോഓർഡിനേഷൻ കമ്മിറ്റി യോഗം "റവന്യൂ റിക്കവറി നടപടികൾ കൂടി സ്വീകരിച്ച സാഹചര്യത്തിൽ നിലവിലെ കുടിശ്ശിക അടയ്ക്കാൻ നിർദ്ദേശം നൽകുന്നു". എന്ന തീരുമാനം നനഗരസഭയെ അറിയിച്ചു. 16.10.2024-ലെ യോഗ തീരുമാനം ലഭ്യമായതിനു ശേഷം റിവിഷനിൽ ഉൾപ്പെടുത്തി 1.00 കോടി രൂപ അടവാക്കുന്നതിന് മുകളിൽ പറഞ്ഞ പ്രകാരം പ്രോജക്ട് തയ്യാറാക്കി ജില്ലാ ആസൂത്രണസമിതിക്ക് നൽകിയിരുന്നുവെങ്കിലും കോഓർഡിനേഷൻ കമ്മിറ്റി തീരുമാനം 2023-24 വർഷത്തേയ്ക്കുള്ള പ്രോജക്ടായതിനാൽ ജില്ലാ ആസൂത്രണസമിതി പ്രാഥമിക അപ്രൂവൽ നൽകിയില്ല. റവന്യൂ റിക്കവറി നടപടി ആരംഭിച്ച വിഷയമായതിനാൽ തുക അടക്കുന്നതിനുള്ള ഈ പ്രോജക്ടിന് അംഗീകാരം നൽകണമെന്നാവശ്യപ്പെട്ടിരിക്കുന്നു.

57

### 4.57 <u>കണ്ണൂർ കോർപ്പറേഷൻ</u>

കണ്ണൂർ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 11.02.2025 ലെ കത്തും കണ്ണൂർ കോർപ്പറേഷൻ കൗൺസിലിന്റെ 03.12.2024 ലെ 16-ാം നമ്പർ തീരുമാനവും കണ്ണൂർ നഗരസഭ സെക്രട്ടറിയുടെ കത്തും (SRG 156/25-CC/24/2025).

**വിഷയം:-** തോട്ടട സമാജ് വാദി കോളനിയിൽ മലിനജല ട്രീറ്റ്മെന്റ് പ്ലാന്റിന് നടത്തിയ നിർമ്മാണ പ്രവർത്തികൾക്ക് സാധൂകരണം നൽകുന്നത് സംബന്ധിച്ച്.

| | | |
|---|---|---|
| പ്രോ.നം.640/2025 | അടങ്കൽ | 26,04,635 രൂപ (CFC Tied Grant) |
| *പേര്* | *തോട്ടട സമാജ് വാദി കോളനിയിൽ മലിനജല ട്രീറ്റ്മെന്റ് പ്ലാന്റ് സ്ഥാപിക്കൽ* | |

കണ്ണൂർ കോർപ്പറേഷനിൽ തോട്ടട ടൗണിന് സമീപമുള്ള സമാജ് വാദി കോളനിയിൽ 35 KLD ശേഷിയുള്ള മലിനജല സംസ്കരണ പ്ലാന്റിന്റെ നിർമ്മാണത്തിന് 2020-21 വർഷം പ്രോജക്ട് എടുത്തിരുന്നു. ഈ പ്ലാന്റിന്റെ സിവിൽ, മെക്കാനിക്കൽ, ഇലക്ട്രിക്കൽ വർക്കിനായി ആകെ 50.00 ലക്ഷം രൂപയാണ് വകയിരുത്തിയിരുന്നത്. സിവിൽ, മെക്കാനിക്കൽ, ഇലക്ട്രിക്കൽ പ്രവൃത്തികൾ പ്രത്യേകം പ്രത്യേകമായാണ് ടെണ്ടർ ചെയ്തത്. സിവിൽ പ്രവർത്തിക്ക് ഇതുവരെ 10,66,712 രൂപയുടെയും മെക്കാനിക്കൽ പ്രവർത്തികൾക്ക് 8,28,653 രൂപയുടെയും പാർട്ട്ബിൽ നൽകിയിട്ടുണ്ട്. എന്നാൽ മലിനജല സംസ്കരണ പ്ലാന്റിന്റെ ഡിസൈൻ ഉൾപ്പെടെയുള്ള DPR സാങ്കേതികാനുമതിയ്ക്കായി സംസ്ഥാന ശുചിത്വമിഷന് നൽകിയിരുന്നില്ല. ഇപ്പോൾ മാത്രമാണ്

സാങ്കേതികാനുമതിക്ക് ശുചിത്വ മിഷന് നൽകിയത്. ഇലക്ട്രിക്കൽ വർക്കുകൾ ഒഴികെ ബാക്കി പ്രവൃത്തികൾ പൂർത്തിയാക്കിയിട്ടുണ്ടെന്ന് ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ അറിയിച്ചിട്ടുണ്ട്. അതിനാൽ പ്രോജക്ട് നടത്തിപ്പിലെ വീഴ്ചകൾ (Procedure lapse) പരിഹരിക്കുന്നതിന് കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ അംഗീകാരത്തിനു വിധേയമായി മലിനീകരണ നിയന്ത്രണ ബോർഡ് നിഷ്കർഷിക്കുന്ന പരാമീറ്ററുകൾക്കുള്ളിൽ മലിനജലം സംസ്കരിക്കാൻ കഴിയുന്ന പക്ഷം വാല്യുവേഷൻ എടുത്ത് നിർവ്വഹണം പൂർത്തീകരിക്കാവുന്നതാണെന്ന് ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ അറിയിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ നിലവിൽ സ്വീകരിച്ച നടപടി ക്രമങ്ങൾക്ക് സാധൂകരണം നൽകി DPR അംഗീകരിക്കുന്നതിന് സംസ്ഥാനതല സാങ്കേതിക സമിതിക്ക് നിർദ്ദേശം നൽകണമെന്നാവശ്യപ്പെട്ടിരിക്കുന്നു.

58

## 4.58 കോഴിക്കോട് ജില്ലാ പഞ്ചായത്ത്

കോഴിക്കോട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 11.02.2025 -ലെ കത്തും കോഴിക്കോട് ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ 24.01.2025-ലെ LSGD/DP/1835/P4/2025-ാം നമ്പർ കത്തും അനുബന്ധരേഖകളും (SRG/159/25 - CC/69/2025)

വിഷയം:- എച്ച്.ഐ.വി. രോഗികൾക്ക് പോഷകാഹാരം നല്കുന്നത് സംബന്ധിച്ച്

| | | |
|---|---|---|
| പ്രോ.നം. 351/25 | അടങ്കൽ | 48,87,000 രൂപ (വികസനഫണ്ട് ജനറൽ) |
| *പേര്* | *എച്ച്.ഐ.വി. രോഗികൾക്ക് പോഷകാഹാര കിറ്റ് വിതരണം* | |

കോഴിക്കോട് ജില്ലാ പഞ്ചായത്ത് എച്ച്.ഐ.വി. രോഗികൾക്കായി പോഷകാഹാര കിറ്റ് നൽകുന്നുണ്ട്. പദ്ധതി ധനസഹായ മാർഗ്ഗരേഖ പ്രകാരം ഒരു മാസം 1000 രൂപയാണ് ഇതിനായി ചെലവഴിക്കാവുന്നത്. ഈ തുക 1750 രൂപയായി വർദ്ധിപ്പിക്കണമെന്നാവശ്യപ്പെട്ടിരിക്കുന്നു. വില വർദ്ധനവ് മൂലം രോഗികൾക്ക് ആവശ്യമായ പോഷകാഹാരങ്ങൾ കിറ്റിൽ ഉൾപ്പെടുത്താൻ ഈ തുക തികയില്ല എന്ന് ചൂണ്ടികാണിച്ച് ചെലവഴിക്കാവുന്ന തുക 1750 രൂപയാക്കി വർദ്ധിപ്പിക്കണമെന്നാവശ്യപ്പെട്ടിരിക്കുന്നു.

59

## 4.59 കായംകുളം നഗരസഭ

ആലപ്പുഴ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 20.02.2025-ലെ കത്ത് (SRG/172/25 - CC/44/2025)

വിഷയം:- നഗരസഭയ്ക്ക് കുടിവെള്ള ടാങ്കർ വാങ്ങുന്നത് സംബന്ധിച്ച്

| | | |
|---|---|---|
| പ്രോ.നം. 582/25 | അടങ്കൽ | 20,00,000 രൂപ (സി.എഫ്.സി. റ്റൈഡ് ഗ്രാന്റ് |
| *പേര്* | *കുടിവെള്ള ടാങ്കർ വാഹനം വാങ്ങൽ* | |

കായംകുളം നഗരസഭയുടെ പടിഞ്ഞാറൻ മേഖലയിലും വലിയ വാഹനങ്ങൾ എത്തിച്ചേരാൻ സാധിക്കാത്ത വീതി കുറഞ്ഞ റോഡുകളുള്ള പ്രദേശങ്ങളിലും കുടിവെള്ളമെത്തിക്കാൻ ചെറിയ പിക്കപ് വാൻ തരത്തിലുള്ള കുടിവെള്ള ടാങ്കറും വാഹനവും വാങ്ങാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

60

## 4.60 അഞ്ചരക്കണ്ടി ഗ്രാമപഞ്ചായത്ത്

അഞ്ചരക്കണ്ടി ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ കത്ത് (ലഭിച്ചത് 14.02.2025 ൽ) (SRG/141/25)

വിഷയം:- ലൈഫ് ഭവന പദ്ധതി പ്രകാരം വീട് നൽകുന്നത് സംബന്ധിച്ച്

താഴെപ്പറയുന്ന രണ്ട് കുടുംബങ്ങളും ലൈഫ് ലിസ്റ്റിൽ ഉൾപ്പെട്ടവരാണ്.

(1) അഞ്ചരക്കണ്ടി ഗ്രാമപഞ്ചായത്ത് എട്ടാം വാർഡിൽ താമസിക്കുന്ന ശ്രീമതി സുനിത കോന്തൻ ലൈഫ് ഭവന ലിസ്റ്റിൽ ഉൾപ്പെട്ടതാണ്. സുനിത ഉൾപ്പെട്ട റേഷൻ കാർഡിൽ ഉള്ള കുടുംബത്തിന് ആകെ 27 സെന്റ് സ്ഥലമുണ്ട്. ഇവരുടെ കുടുംബത്തിലെ മൂന്നുപേര് മാനസിക രോഗികളാണ്. ഈ വ്യക്തിക്ക് വീട് നൽകാൻ പ്രത്യേക അനുമതി ആവശ്യപ്പെട്ടിരിക്കുന്നു

(2) അഞ്ചരക്കണ്ടി ഗ്രാമപഞ്ചായത്തിൽ രണ്ടാം വാർഡിൽ താമസിക്കുന്ന ശ്രീ പ്രിജീഷ് എന്ന വ്യക്തിക്ക് സ്വന്തമായി 18 സെൻറ് സ്ഥലം ഉണ്ട്. ഈ വ്യക്തിയുടെ ജ്യേഷ്ഠൻ മറ്റൊരു ഗ്രാമപഞ്ചായത്തിലാണ് താമസിക്കുന്നത് എങ്കിലും പ്രജീഷിന്റെ റേഷൻ കാർഡിൽ ഉൾപ്പെട്ടിട്ടുണ്ട്. ഈ വ്യക്തിക്കും 18 സെന്റ് സ്ഥലമുണ്ട്. റേഷൻ കാർഡിന്റെ അടിസ്ഥാനത്തിൽ കുടുംബത്തിന് ആകെ 36 സെന്റ് സ്ഥലമുണ്ട്. ശ്രീ പ്രജീഷിന് വീട് നൽകാൻ പ്രത്യേക അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.ഈ ഉണഭോക്താവിന് സ്ട്രോക്ക് വന്ന് ഒരു ഭാഗം തളർന്ന് അവശത അനുഭവിക്കുന്ന വ്യക്തിയാണ്.

61

**4.61 മുളക്കുഴ ഗ്രാമപഞ്ചായത്ത്**

ആലപ്പുഴ ജില്ലാപ്ലാനിംഗ് ഓഫീസറുടെ 30.09.2024-ലെ കത്ത് (SRG/ 895/24 - CC/504/2024)

വിഷയം:- കോളനി സമഗ്ര വികസന പദ്ധതിയുടെ ഭാഗമായി വീട് നിർമ്മിച്ച് നൽകുന്നത് സംബന്ധിച്ച്.

| | | |
|---|---|---|
| പ്രോ.നം. 235/25 | അടങ്കൽ | 16,00,000 രൂപ (തനത് ഫണ്ട്) |
| *പേര്:-* | പൂതംകുന്ന് കോളനി സമഗ്ര വികസനം - ഭവന നിർമ്മാണം - ജനറൽ | |

മുളക്കുഴ ഗ്രാമപഞ്ചായത്തിലെ പതിനൊന്നാം വാർഡിലെ പൂതംകുന്ന് കോളനിയിൽ ചിലരുടെ വീട് വാസയോഗ്യമല്ല. ഇവർ ലൈഫ് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ല. പൂതംകുന്ന് കോളനി സമഗ്ര വികസനത്തിന്റെ ഭാഗമായി അറ്റകുറ്റപ്പണി നടത്തി വാസയോഗ്യമാക്കാൻ കഴിയാത്ത ജനറൽ വിഭാഗത്തിൽപ്പെട്ട 4 കുടുംബങ്ങൾക്ക് വീട് നിർമ്മിച്ച് നൽകാൻ പ്രത്യേക അനുമതി ആവശ്യപ്പെട്ടിക്കുന്നു.

62

**4.62 മുളക്കുഴ ഗ്രാമപഞ്ചായത്ത്**

ആലപ്പുഴ ജില്ലാപ്ലാനിംഗ് ഓഫീസറുടെ 30.09.204-ലെ കത്ത് (SRG/ 893/24 - CC/502/2024)

വിഷയം:- കോളനി സമഗ്ര വികസനത്തിന്റെ ഭാഗമായി വീട് നിർമ്മിച്ച നൽകുന്നത് സംബന്ധിച്ച്.

| | | |
|---|---|---|
| പ്രോ.നം. 251/25 | അടങ്കൽ | 16,00,000 രൂപ (തനത് ഫണ്ട്) |
| *പേര്:-* | പൂതംകുന്ന് കോളനി സമഗ്ര വികസനം - ഭവന നിർമ്മാണം -എസ്.സി. | |

മുളക്കുഴ ഗ്രാമപഞ്ചായത്തിലെ പതിനൊന്നാം വാർഡിലെ പൂതംകുന്ന് കോളനിയിൽ ചിലരുടെ വീട് വാസയോഗ്യമല്ല. ഇവർ ലൈഫ് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ല. പൂതംകുന്ന് കോളനിയുടെ സമഗ്ര വികസനത്തിന്റെ ഭാഗമായി അറ്റകുറ്റപ്പണി നടത്തി വാസയോഗ്യമാക്കാൻ കഴിയാത്ത പട്ടികജാതി വിഭാഗത്തിൽപ്പെട്ട 4 കുടുംബങ്ങൾക്ക് വീട് നിർമ്മിച്ച നൽകാൻ അനുമതി ആവശ്യപ്പെട്ടിക്കുന്നു.

63

**4.63 വയനാട് ജില്ലാ പഞ്ചായത്ത്**

വയനാട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 28.01.2025-ലെ കത്തും വയനാട് ജില്ലാപഞ്ചായത്ത് ഭരണസമിതിയുടെ 16.10.2023-ലെ 3(2)-ാം നമ്പർ തീരുമാനവും അനുബന്ധ കുറിപ്പും (SRG/179/25 - CC/696/2025)

വിഷയം:- വന്യജീവികളുടെ ആക്രമണം തടയുന്നതിന് സോളാർ ഫെൻസിംഗ് സ്ഥാപിക്കുന്നത് സംബന്ധിച്ച്

| | | |
|---|---|---|
| പ്രോ.നം. 552/25 | അടങ്കൽ | 30,00,000 രൂപ<br>(CFC Basic Grant – 23,20,397 രൂപ<br>തനത് ഫണ്ട്– 6,79,603 രൂപ) |
| *പേര്* | *വന്യജീവി ആക്രമണം – സമഗ്ര പ്രതിരോധ പരിപാടി* | |

വയനാട് ജില്ലയിൽ ജനങ്ങളുടെയും വളർത്തു മൃഗങ്ങളുടെയും സംരക്ഷണം ഉറപ്പാക്കുന്നതിനായി സൗരവേലി സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നു. സൗരവേലി സ്ഥാപിക്കുന്നത് ബന്ധപ്പെട്ട വന സബ് ഡിവിഷൻ മുഖേനയാണ്. ജില്ലാ പഞ്ചായത്തിന്റെ വിഹിതം ഗ്രാമപഞ്ചായത്തുകൾക്ക് കൈമാറി സംയുക്ത പദ്ധതിയായി നടപ്പാക്കാനുള്ള ഈ പ്രോജക്ടിന് അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

64

**4.64 അതിദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതി – കെയർ ഫണ്ട്**

തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 19.12.2024-ലെ LSGD/PD/2646/2024 – EPEP1 നമ്പർ കത്ത് (SRG/24/2025 – LSGD /IA1/364/2024)

വിഷയം:- അതിദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതിയുടെ ഭാഗമായി കെയർ ഫണ്ട് സ്വരൂപിക്കുന്നതു സംബന്ധിച്ച്.

തദ്ദേശഭരണ സ്ഥാപനങ്ങളുടേയും സർക്കാരിന്റെയും വിഹിതം അപര്യാപ്തമായതിനാൽ അതിദരിദ്ര കുടുംബങ്ങളുടെ ലിസ്റ്റിൽ ഉൾപ്പെട്ടവർക്ക് വീട്, ഭൂമിയും വീടും, മറ്റ് സഹായങ്ങൾ എന്നിവ നൽകുന്നതിന് അതിദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതി – കെയർ ഫണ്ട് ആരംഭിക്കാവുന്നതാണ് എന്ന് ബഹു.മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 04.12.2024 ന നടന്ന അവലോകന യോഗത്തിൽ തീരുമാനിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ സുമനസ്സുള്ള വ്യക്തികൾ, പൊതു മേഖലാ സ്ഥാപനങ്ങൾ, ബാങ്കുകൾ, സ്വകാര്യ സ്ഥാപനങ്ങൾ, കോർപ്പറേറ്റുകൾ എന്നിവരിൽ നിന്ന് സംഭാവനകൾ/CSR ഫണ്ട് എന്നിവ സ്വരൂപിക്കാനും ഇപ്രകാരം ലഭിക്കുന്ന തുക തദ്ദേശഭരണ സ്ഥാപനത്തിന്റെ അദ്ധ്യക്ഷന്റേയും സെക്രട്ടറിയുടെയും സംയുക്ത അക്കൗണ്ടിൽ സൂക്ഷിക്കുന്നതിനും അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

65

**4.65 ആലപ്പുഴ ജില്ലാ പഞ്ചായത്ത്**

ആലപ്പുഴ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 16.10.2024-ലെ കത്ത് (SRG/ 1051/24 - CC/589/24)

വിഷയം:- ഉൾനാടൻ മത്സ്യ തൊഴിലാളികൾക്ക് വള്ളവും വലയും ജില്ലാ പഞ്ചായത്തിൽ നിന്നു നൽകാൻ അനുമതി സംബന്ധിച്ച്.

| | | |
|---|---|---|
| പ്രോ.നം. 107/25 | അടങ്കൽ | 13,20,000 രൂപ |
| | വികസനഫണ്ട് – ജനറൽ | 9,90,000 രൂപ |
| | ഗുണഭോക്തൃ വിഹിതം | 3,30,000 രൂപ |
| *പേര്:-* | ഉൾനാടൻ മത്സ്യ തൊഴിലാളികൾക്ക് വള്ളവും വലയും | |

ആലപ്പുഴ ജില്ലാ പഞ്ചായത്ത് ഈ വർഷം ഉൾനാടൻ മത്സ്യതൊഴിലാളികൾക്ക് വള്ളവും വലയും നൽകാൻ പ്രോജക്ട് ഏറ്റെടുത്തിട്ടുണ്ട്. മാർഗ്ഗരേഖ പ്രകാരം ഈ പ്രോജക്ട് ഗ്രാമപഞ്ചായത്തുകൾക്കും നഗരസഭകൾക്കുമാണ് നടപ്പാക്കാവുന്നത് എന്നതിനാൽ വെറ്റിംഗ് ഓഫീസർ അനുമതി നിരസിക്കുകയുണ്ടായി. ജില്ലാ പഞ്ചായത്തിന് നേരിട്ട് ഈ പ്രോജക്ട് നടപ്പാക്കാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു. മാർഗ്ഗരേഖയിൽ പറയും പ്രകാരം 60,000 രൂപ യൂണിറ്റ് കോസ്റ്റായി കണക്കാക്കി അതിന്റെ 75 ശതമാനമാണ് സബ്സിഡി നൽകുന്നത്.

66

**4.66 കോട്ടയം ജില്ലാ ആസൂത്രണ സമിതി**

കോട്ടയം ജില്ലാ കളക്ടറുടെ 13.12.2024-ലെ 84898/24/DPC/DPO/KTM നമ്പർ കത്ത് (SRG/1194/24)

വിഷയം:- പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതിയിൽ അധിക വിഹിതം

നൽകുന്നത് സംബന്ധിച്ച്.

പദ്ധതി ധനസഹായ മാർഗ്ഗരേഖ അനുസരിച്ച് തദ്ദേശഭരണ സ്ഥാപനങ്ങൾ നടത്തുന്ന കന്നുകുട്ടി പരിപാലന പദ്ധതി സംസ്ഥാനാവിഷ്കൃത വിഹിതം (മൃഗസംരക്ഷണ വകുപ്പ്) 6,250 രൂപ, തദ്ദേശഭരണ സ്ഥാപന വിഹിതം 6,250 രൂപ, ഗുണഭോക്തൃ വിഹിതം 12,500 രൂപ എന്ന രീതിയിലാണ് നടപ്പാക്കേണ്ടത്. മൃഗസംരക്ഷണ വകുപ്പിന്റെ വിഹിതം ലഭിക്കുന്നില്ലാത്തതിനാൽ ഈ വിഹിതം കൂടി തദ്ദേശഭരണ സ്ഥാപനങ്ങൾ വകയിരുത്തുന്നതിന് അനുമതി നൽകണമെന്ന കോട്ടയം ജില്ലാ ആസൂത്രണസമിതിയുടെ 05.12.2024-ലെ യോഗ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ആവശ്യപ്പെട്ടിരിക്കുന്നു.

67

### 4.67 പഴയന്നൂർ ബ്ലോക്ക്പഞ്ചായത്ത്

തൃശ്ശൂർ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 19.11.2024-ലെ കത്തും അനുബന്ധരേഖകളും (SRG/ 1119/24 - CC/234/24)

വിഷയം:- അപ്പാത്ത് ചോല റോഡ് നിർമ്മാണത്തിന് തുക ഫോറസ്റ്റ് ഡിപ്പാർട്ട്മെന്റിന് ഡെപ്പോസിറ്റ് ചെയ്തു നടപ്പാക്കുന്നത് സംബന്ധിച്ച്.

പഴയന്നൂർ ബ്ലോക്ക് പഞ്ചായത്ത് 2023-24 വർഷം അപ്പാത്തി ചോല റോഡ് നിർമ്മാണത്തിന് (കൊണ്ടാഴി ഗ്രാമപഞ്ചായത്ത്) പ്രോജക്ട് എടുത്തിരുന്നു. വനമേഖലയിലുള്ള ഈ പ്രോജക്ടിന് വനംവകുപ്പ് NOC നൽകിയില്ല. അതിനാൽ കഴിഞ്ഞ വർഷം ഇതു ഉപേക്ഷിച്ചു. ഈ സാഹചര്യത്തിൽ ഈ പ്രോജക്ടിന്റെ അടങ്കൽ തുക ഫോറസ്റ്റ് ഡിപ്പാർട്ട്മെന്റിന് ഡെപ്പോസിറ്റ് ചെയ്ത് ഫോറസ്റ്റ് ഡിപ്പാർട്ട്മെന്റ് മുഖേന നടപ്പാക്കാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു. കഴിഞ്ഞ വർഷം 15.75 ലക്ഷം രൂപയാണ് വകയിരുത്തിയിരുന്നത്. തുക ഡെപ്പോസിറ്റ് ചെയ്താൽ വനം വകുപ്പിന്റെ മേൽനോട്ടത്തിൽ റോഡ് നിർമ്മാണം നടത്താമെന്ന് വനം വകുപ്പ് അറിയിച്ചിട്ടുണ്ട്.

68

### 4.68 തളിക്കുളം ഗ്രാമപഞ്ചായത്ത്

തൃശ്ശൂർ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 25.09.2024-ലെ കത്ത് (SRG/ 967/24 - CC/453/24)

വിഷയം:- തെരുവുവിളിക്ക് മെയിന്റനൻസ് നടത്തിയതിന്റെ ബിൽ തുക നൽകുന്നത് സംബന്ധിച്ച്

| | | |
|---|---|---|
| പ്രോ.നം.215/24 | അടങ്കൽ | 8,50,000 രൂപ |
| | വികസനഫണ്ട് ജനറൽ | 2,86,386 രൂപ |
| | തനത് ഫണ്ട് | 5,63,614 രൂപ |
| *പേര്:-* | *തെരുവുവിളക്ക്, ഹൈമാസ്റ്റ് ലൈറ്റ്, സോളാർ ലൈറ്റ് പരിപാലനം* | |

തളിക്കുളം ഗ്രാമപഞ്ചായത്ത് 2023-24 വർഷം പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്ന മുകളിൽ പറഞ്ഞ പ്രേജക്ട് 2024-25 വർഷം സ്പിൽ ഓവറായി തുടരുന്നുണ്ട്. തെരുവുവിളക്ക് പരിപാലനത്തിനായി സർക്യൂട്ട് ടെക്നോളജി കുടുംബശ്രീ പെരിഞ്ഞനം എന്ന സ്ഥാപനവുമായി 24.03.2022 ന കരാററിലേർപ്പെടുകയും ഈ ഏജൻസി തെരുവുവിളക്ക് മെയിന്റനൻസ് നടത്തുകയും ചെയ്തിരുന്നു. കരാർ കാലാവധി 31.03.2023 ന അവസാനിച്ചു. കരാർ പുതുക്കിയത് 2024 നവംബർ മാസമാണ്. എന്നാൽ 01.04.2023 മുതൽ 2024 നവംബർ വരെ ഇതേ ഏജൻസി മുഖേന തെരുവുവിളക്ക് മെയിന്റനൻസ് നടത്തി. കരാർ നിലവിലില്ലാത്ത കാലയളവിലെ മെയിന്റനൻസ് നടത്തിയതിന്റെ ബിൽ തുക 4,96,200 രൂപ ഈ സ്ഥാപനത്തിന് നൽകാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

69

### 4.69 മലപ്പുറം ജില്ലാ ആസൂത്രണ സമിതി

മലപ്പുറം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 09.10.2024-ലെ DPO/ MLP/DPC/42/2024 - RA3 നമ്പർ കത്ത് (SRG/ 982/24)

വിഷയം:- തെരുവുവിളക്കുകളുടെ അറ്റകുറ്റപ്പണി സംബന്ധിച്ച്

മാർഗ്ഗരേഖ പ്രകാരം തെരുവുവിളക്കുകളുടെ അറ്റകുറ്റപ്പണിക്ക് തനത് ഫണ്ടാണ് ഉപയോഗിക്കാവുന്നത്. സി.എഫ്.സി. ബേസിക് ഗ്രാന്റ് ഇതിനായി ഉപയോഗിക്കാൻ കഴിയുമോ എന്നു വ്യക്തമാക്കണമെന്നാവശ്യപ്പെട്ടിരിക്കുന്നു.

70

**4.70 <u>വെളിയനാട് ബ്ലോക്ക് പഞ്ചായത്ത്</u>**

ബഹു. മത്സ്യബന്ധനം-സാംസ്കാരികം-യുവജനകാര്യം വകുപ്പ് മന്ത്രിയുടെ 21.08.2024-ലെ 367/GEN/2024/M, (F,C&YA) Fish നമ്പർ കത്തും വെളിയനാട് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന്റെ കത്തും (SRG/ 734/24)

വിഷയം:- ബ്ലോക്ക് പഞ്ചായത്ത് കെട്ടിട നിർമ്മാണത്തിന് നോൺറോഡ് മെയിന്റനൻസ് ഗ്രാന്റ് കൂടി ഉപയോഗിക്കുന്നതിന് അനുമതി സംബന്ധിച്ച്

വെളിയനാട് ബ്ലോക്ക് പഞ്ചായത്ത് ഓഫീസ് കെട്ടിടം വെള്ളപ്പൊക്കം മൂലം ഭിത്തികളൊക്കെ വിള്ളൽ വീണ് അപകടാവസ്ഥയിലാണ്. ഒപ്പം കെട്ടിടം 1.5 മീറ്ററോളം താഴ്ന്ന അവസ്ഥയിലാണ്. പഴയ കെട്ടിടം മെയിന്റനൻസ് നടത്തുന്നതിന് പകരം പുതിയ കെട്ടിടം നിർമ്മിക്കാൻ നടപടി സ്വീകരിക്കണമെന്ന് ഓഡിറ്റ് വിഭാഗം നിർദ്ദേശിച്ചിരുന്നു. ബ്ലോക്ക് പഞ്ചായത്തിനും ഇപ്പോൾ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ഘടക സ്ഥാപനങ്ങൾക്കുമായി റഫ് കോസ്റ്റ് എസ്റ്റിമേറ്റ് പ്രകാരം 7.00 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്നു. 2024-25, 2025-26 വർഷത്തെ വികസനഫണ്ട്, തനത് ഫണ്ട്, MLASDF വിഹിതം എന്നിവയോടൊപ്പം 2024-25 , 2025-26 വർഷങ്ങളിലെ നോൺറോഡ് മെയിന്റനൻസ് ഗ്രാന്റിൽ നിന്ന് 3.00 കോടി രൂപ ഉൾപ്പെടുത്താൻ ഉദ്ദേശിക്കുന്നു. പുതിയ കെട്ടിട നിർമ്മാണമായതിനാൽ നോൺറോഡ് മെയിന്റനൻസ് ഗ്രാന്റുപയോഗിക്കാൻ പ്രത്യേക അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

71

**4.71 <u>നന്ദിയോട് ഗ്രാമപഞ്ചായത്ത്</u>**

സർക്കാരിന്റെ 30.11.2024-ലെ DB2/825/2024/LSGD നമ്പർ കത്തും നന്ദിയോട് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 21.10.2024-ലെ A2/4681/2024-ാം നമ്പർ കത്തും തിരുവനന്തപുരം ജില്ലാ പഞ്ചായത്ത് ഭരണസമിതിയുടെ 07.10.2024-ലെ 8(4)-ാം നമ്പർ തീരുമാനവും അനുബന്ധരേഖകളും (SRG/ 1148/24 )

വിഷയം:- ജില്ലാ പഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിലുള്ള റോഡിന് നന്ദിയോട് ഗ്രാമപഞ്ചായത്ത് വിഹിതം ഉപയോഗിച്ച് അറ്റകുറ്റപ്പണി നടത്തുന്നത് സംബന്ധിച്ച്.

നന്ദിയോട് ഗ്രാമപഞ്ചായത്തിലെ പതിമൂന്നാം വാർഡിലെ കുറുപുഴ പച്ചമല റോഡിൽ വെമ്പ് മണലയത്ത് ഭാഗത്തെ കലുങ്കും പാർശ്വഭിത്തിയും അപകടാവസ്ഥയിലാണെന്നും ഇതുവഴിയുള്ള വാഹന ഗതാഗതം ദുരന്തത്തിന് കാരണമാകുമെന്നും ഗ്രാമപഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയർ റിപ്പോർട്ട് നൽകിയിട്ടുണ്ട്. ഈ റോഡ് ജില്ലാ പഞ്ചായത്തിന്റെ നിയന്ത്രണത്തിലുള്ളതാണ്. ഇത് നവീകരിക്കുന്നതിന് ജില്ലാ പഞ്ചായത്തിന് ഫണ്ടില്ല എന്നറിയിച്ചിരിക്കുന്നു. ഗ്രാമപഞ്ചായത്തിന്റെ വിഹിതം ഉപയോഗിച്ച് ഇതിന്റെ അറ്റകുറ്റപ്പണി നടത്താൻ ജില്ലാ പഞ്ചായത്ത് അനുമതി നൽകിയിട്ടുണ്ട്. ഇതിനുള്ള വിഹിതം കണ്ടെത്തുന്നതിന് ഗ്രാമപഞ്ചായത്ത് 81/25-ാം നമ്പർ ആയുള്ള ഇളവട്ടം പാറയടി റോഡ് സൈഡ് വാൾ നവീകരണം എന്ന പ്രോജക്ട് ഒഴിവാക്കി വിഹിതം [മെയിന്റനൻസ് ഗ്രാന്റ് (റോഡ്)] കണ്ടെത്തിയിട്ടുണ്ട്. അടിയന്തിര സാഹചര്യം പരിഗണിച്ച് ജില്ലാ പഞ്ചായത്തിന്റെ അധീനതയിലുള്ള മുകളിൽ പറഞ്ഞ റോഡിന്റെ കലുങ്കിന്റേയും പാർശ്വഭിത്തിയുടെയും നവീകരണത്തിന് മെയിന്റനൻസ് ഗ്രാന്റ് (റോഡ്) ഇനത്തിലുള്ള 9.00 ലക്ഷം രൂപ ഉപയോഗിക്കാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

72

**4.72 <u>കൂത്തുപറമ്പ് നഗരസഭ</u>**

സർക്കാരിന്റെ 27.09.2024-ലെ DA1/358/2024/തസ്വഭവ നമ്പർ കത്തും കൂത്തുപറമ്പ് നഗരസഭാ ചെയർപേഴ്സന്റെ 04.09.2024-ലെ കത്തും (SRG/926/24)

വിഷയം:- ഡയാലിസിസ് യൂണിറ്റിലെ ജീവനക്കാർക്ക് വേതനം നൽകാൻ

അനുമതി സംബന്ധിച്ച്.

കുത്തുപറമ്പ് നഗരസഭയിൽ 2018 മുതൽ ഡയാലിസിസ് യൂണിറ്റ് പ്രവർത്തിക്കുന്നുണ്ട്. ഇവിടെ 500 ലധികം രോഗികൾ ഡയാലിസിസിനായി അപേക്ഷിച്ചിട്ടുണ്ട്. ഡയാലിസിസ് യൂണിറ്റിന്റെ പ്രവർത്തനത്തിനായി നിയമിക്കുന്ന ടെക്നീഷ്യൻ അടക്കമുള്ളവർക്ക് വേതനം നഗരസഭയിൽ നിന്ന് നൽകാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു. ഇതുവരെയുള്ള വേതനം കിഡ്നി വെൽഫയർ സൊസൈറ്റിയും നഗരസഭാ വിഹിതവും ഉപയോഗിച്ചാണ് നൽകിയതെന്നറിയിച്ചിട്ടുണ്ട്.

73

**4.73 <u>തെക്കുംഭാഗം ഗ്രാമപഞ്ചായത്ത്</u>**

കൊല്ലം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 04.10.2024-ലെ കത്ത് (SRG/ 996/24 - CC/511/24)

വിഷയം:- കൊവിഡ് പ്രതിരോധ പരിരക്ഷാ പ്രവർത്തനത്തിനു ലഭിച്ച തുകയിൽ ചെലവഴിക്കാതെയുള്ള വിഹിതം പ്രസിഡന്റിന്റെ ദുരിതാശ്വാസ നിധിയിലേയ്ക്ക് മാറ്റുന്നത് സംബന്ധിച്ച്.

കൊവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്ക് സംഭാവനയിലൂടെയും മറ്റും ലഭിച്ച തുകയിൽ ചെലവഴിക്കാതെ മിച്ചമായി 3,30,664 രൂപ SBI തെക്കുംഭാഗം ബ്രാഞ്ചിൽ ഉണ്ട്. ഈ തുക ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ ദുരിതാശ്വാസ നിധിയിലേയ്ക്ക് മാറ്റാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

74

**4.74 ഉണ്ണികുളം <u>ഗ്രാമപഞ്ചായത്ത്</u>**

കോഴിക്കോട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 12.11.2024, 19.12.2024 - എന്നീ തീയതികളിലെ കത്തുകളും (2 എണ്ണം), 19.07.2024-ലെ 1(2) -ാം നമ്പർ ഗ്രാമപഞ്ചായത്ത് ഭരണസമിതി തീരുമാനവും ഉണ്ണികുളം ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 17.12.2024-ലെ കത്തും (SRG/ 1115/24 - CC/474/2024)

വിഷയം:- ഹെൽത്ത് ഗ്രാന്റ് ഉപയോഗിച്ച് സബ്സെന്ററിനു കെട്ടിടം നിർമ്മിക്കുന്നത് സംബന്ധിച്ച്.

ഉണ്ണികുളം ഗ്രാമപഞ്ചായത്ത് 2022-23 വർഷം ഹെൽത്ത് ഗ്രാന്റ് സ്കീം 1 പ്രകാരം ഇയ്യാട് സബ്സെന്ററിന് 55.50 ലക്ഷം രൂപ (ഒരു വർഷം 27.75 ലക്ഷം രൂപ വീതം) അനുവദിച്ചിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്തിന്റെ പദ്ധതി വിഹിതം ഉപയോഗിച്ച് ഈ സെന്ററിന് കഴിഞ്ഞ രണ്ട് വർഷങ്ങളിലായി 14,01,128 രൂപയുടെ നവീകരണ പ്രവർത്തനം ഏറ്റെടുത്തിട്ടുണ്ട്. ഈ കെട്ടിടം നിലവിൽ നല്ല രീതിയിലാണ്. നിലവിലുള്ള ഈ കെട്ടിടം പൊളിച്ച് മാറ്റിയാൽ മാത്രമേ ഹെൽത്ത് ഗ്രാന്റ് ഉപയോഗിച്ച് പുതിയ കെട്ടിടം നിർമ്മിക്കാൻ കഴിയുകയുള്ളൂ. കെട്ടിടത്തിന് അറ്റകുറ്റപ്പണി നടത്തിയതിനാൽ ഇത് പൊളിച്ചുമാറ്റുക പ്രയാസകരമാണ്. ഗ്രാമപഞ്ചായത്തിലെ 10-ാം വാർഡിലെ കാന്തപുരം സബ്സെന്റർ വളരെ പരിതാപകരമായ അവസ്ഥയിൽ ആണ്. ഇത് സുരക്ഷിതമല്ലെന്ന് അസിസ്റ്റന്റ് എഞ്ചിനീയർ റിപ്പോർട്ട് നൽകിയിട്ടുണ്ട്. അതിനാൽ ഇയ്യാട് സബ്സെന്ററിനനുവദിച്ച തുക കാന്തപുരം സബ്സെന്ററിനായി മാറ്റി നൽകണമെന്നാവശ്യപ്പെട്ടിരിക്കുന്നു.

75

**4.75 <u>ആലപ്പുഴ ജില്ലാ പഞ്ചായത്ത്</u>**

ആലപ്പുഴ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 27.11.2024-ലെ കത്തും ആലപ്പുഴ ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ 02.11.2024-ലെ LSGD/DP/491/2024- PL നമ്പർ കത്തും (SRG/1181/24 - CC/728/24)

വിഷയം:- പാലിയേറ്റീവ് യൂണിറ്റിന്റെ ഭാഗമായി ഫിസിയോ തെറാപ്പിസ്റ്റിനെ നിയമിക്കുന്നത് സംബന്ധിച്ച്.

| | | |
|---|---|---|
| *പ്രോ.നം: 59/25* | *അടങ്കൽ* | *5,00,000 രൂപ*<br>*മെയിന്റനൻസ് ഗ്രാന്റ് -നോൺ റോഡ്* |

| | |
|---|---|
| *പേര്* | *പാലിയേറ്റീവ് യൂണിറ്റിലേയ്ക്ക് ജില്ലാതലത്തിൽ ഫിസിയോതെറാപ്പിസ്റ്റ് നിയമനം* |

ചെങ്ങന്നൂർ ജില്ലാ ആശുപത്രിയുടെ പരിധിയിൽ 800 രോഗികളും മാവേലിക്കര ജില്ലാ ആശുപത്രിയുടെ പരിധിയിൽ 500 രോഗികളും ഉൾപ്പെടെ ആകെ 1300 രോഗികൾക്ക് ഫിസിയോതെറാപ്പി ആവശ്യമാണ്. ഈ സാഹചര്യത്തിൽ ഈ ആശുപത്രികൾ കേന്ദ്രീകരിച്ച് ഫിസിയോതെറാപ്പി സേവനം നൽകുന്നതിനും തെറാപ്പിസ്റ്റ്മാരെ ജില്ലയുടെ വിവിധ ഭാഗങ്ങളിൽ ഫീൽഡ് പ്രവർത്തനത്തിന് ഉപയോഗിക്കുന്നതിനും അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

76

## 4.76 <u>ദേവികുളം ഗ്രാമപഞ്ചായത്ത്</u>

ദേവികുളം ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 25.07.2024-ലെ കത്തും ദേവികുളം ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 10.07.2024-ലെ 1-ാം നമ്പർ തീരുമാനവും (SRG/1141/24)

വിഷയം:- ഹെൽത്ത് സെന്ററുകൾ നിർമ്മിക്കാൻ സ്ഥലം ലഭ്യമാക്കണമെന്നതു സംബന്ധിച്ച്.

ദേവികുളം ഗ്രാമപഞ്ചായത്തിൽ അരുവിക്കാട് സബ് സെന്ററിനും ദേവികുളം സബ് സെന്ററിനും പുതിയ കെട്ടിടം നിർമ്മിക്കുന്നതിനു പ്രൊപ്പോസൽ നൽകിയിരുന്നു. രണ്ട് സബ് സെന്റർ നിർമ്മിക്കുന്നതിൽ 1.14 കോടി രൂപ ഹെൽത്ത് ഗ്രാന്റിനത്തിൽ അനുവദിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിന് ആകെ 9 സബ്സെന്റർ ഉണ്ടെങ്കിലും 3 സബ്സെന്ററുകൾക്കാണ് സ്വന്തമായി കെട്ടിടമുള്ളത്. അരുവിക്കോട് സബ് സെന്റർ ഇരിക്കുന്ന സ്ഥലം KLD (Kerala Livestock Development Board) ബോർഡിന്റെ കൈവശവും ദേവികുളം സബ് സെന്റർ ഇരിക്കുന്ന സ്ഥലം PWD യുടെ കൈവശവുമാണ്. ഇവിടെ സബ് സെന്റർ നിർമ്മിക്കാൻ സ്ഥലത്തിന്റെ കൈവശാവകാശം ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് മാറ്റിത്തരണമെന്നാവശ്യപ്പെട്ടെങ്കിലും ലഭിച്ചില്ല. NOC യുടെ അടിസ്ഥാനത്തിൽ നിർമ്മാണ പ്രവൃത്തികൾ നടത്താവുന്നതല്ല എന്ന് തദ്ദേശസ്വയംഭരണ വകുപ്പ് എക്സിക്യൂട്ടീവ് എഞ്ചിനീയർ അറിയിച്ചിട്ടുണ്ട്. അതിനാൽ സബ് സെന്റർ നിർമ്മിക്കാൻ ഭൂമി ലഭ്യമാക്കി നൽകണമെന്ന് ആവശ്യപ്പെട്ടിരിക്കുന്നു.

77

## 4.77 <u>പറപ്പൂക്കര ഗ്രാമപഞ്ചായത്ത്</u>

പറപ്പൂക്കര ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 17.10.2024-ലെ SC2/528/24-ാം നമ്പർ (SRG/1073/24)

വിഷയം:- പാലിയേറ്റീവ് പ്രവർത്തനത്തിനു സ്വരൂപിച്ച തുകയിൽ നിന്ന് മരണാനന്തര ചടങ്ങിന് ധനസഹായം നൽകുന്നത് സംബന്ധിച്ച്.

പറപ്പൂക്കര ഗ്രാമപഞ്ചായത്ത് 2022 മുതൽ **'ജീവനം'** എന്ന പേരിൽ ജനകീയ ചികിത്സാ പദ്ധതി നടപ്പാക്കുന്നു. ജനങ്ങളിൽ നിന്നുള്ള സംഭാവനയിലൂടെ മാത്രമാണ് ഇതിനുള്ള വിഹിതം കണ്ടെത്തുന്നത്. ഈ തുക ഉപയോഗിച്ച് പാലിയേറ്റീവ് കെയർ പ്രവർത്തനം, ആംബുലൻസ് സർവ്വീസ്, മൊബൈൽ മോർച്ചറി, ഡയാലിസിസ് രോഗികൾക്ക് ധനസഹായം, പാലിയേറ്റീവ് രോഗികൾക്ക് ഉല്ലാസ യാത്ര തുടങ്ങിയവ നടത്തുന്നുണ്ട്. ഇതോടൊപ്പം ഗ്രാമപഞ്ചായത്തിൽ താമസിക്കുന്ന ഒരു വ്യക്തി മരണപ്പെട്ടാൽ ഈ വ്യക്തിയുടെ കുടുംബത്തിന് 3000 രൂപ വീതം ധനസഹായം നൽകാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

78

## 4.78 <u>പട്ടുവം ഗ്രാമപഞ്ചായത്ത്</u>

കണ്ണൂർ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 08.10.2024-ലെ കത്തും ഉള്ളടക്കം ചെയ്തിരിക്കുന്ന കേരള സംസ്ഥാന ഭവന ബോർഡ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ 22.05.2024-ലെ കത്തും പട്ടുവം ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 26.12.2024-ലെ കത്തും (SRG/ 1004/24 - CC/556/24)

വിഷയം:- ലൈഫ് ഗുണഭോക്താക്കൾക്ക് KSHB യുടെ ഫ്ലാറ്റ് നൽകുന്നത് സംബന്ധിച്ച്.

കേരള സംസ്ഥാന ഭവന നിർമ്മാണബോർഡ് (KSHB) പട്ടുവം ഗ്രാമപഞ്ചായത്തിൽ 587 ചതുരശ്ര അടി വീതം വിസ്തീർണ്ണമുള്ള ഫ്ലാറ്റ് ഉൾപ്പെടുന്ന ഭവന സമുച്ചയം നിർമ്മിച്ചിട്ടുണ്ട്. ഈ ഫ്ലാറ്റ് 6.50 ലക്ഷം രൂപ വിലയ്ക്ക് സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന കുടുംബത്തിന് നൽകാമെന്ന് KSHB അറിയിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ ലൈഫ് ലിസ്റ്റിൽ ഭൂരഹിത ഭവന രഹിതരായ താല്പര്യമുള്ള 23 ഗുണഭോക്താക്കൾക്ക് ഫ്ലാറ്റ് നൽകാൻ തീരുമാനിച്ചിട്ടുണ്ട്. ആകെ 36 ഭവനങ്ങളിൽ 10 എണ്ണം ഇതിനകം KSHB നേരിട്ട് വിറ്റിട്ടുണ്ട്. ഭൂരഹിത ഭവന രഹിതർക്ക് (ജനറൽ) ആകെ നൽകാവുന്നത് 6.00 ലക്ഷം രൂപയാണ് (വീടിന് 4.00 ലക്ഷം രൂപയും സ്ഥലത്തിന് 2.00 ലക്ഷം രൂപയും) ഓരോ വീടിനും നിർമ്മാണ പുരോഗതിയുടെ അടിസ്ഥാനത്തിൽ ഗഡുക്കളായാണ് ധനസഹായം നൽകുന്നത്. 6.00 ലക്ഷം രൂപ ഗ്രാമപഞ്ചായത്തിൽ നിന്നും ബാക്കി 50,000 രൂപ ഗുണഭോക്താവും വഹിക്കണമെന്ന നിബന്ധനയോടെ വിസ്തീർണ്ണത്തിന്റെ പരിധി കണക്കാക്കാതെ ഒറ്റ ഗഡുവായി 6.00 ലക്ഷം രൂപ ധനസഹായം നൽകാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു. ഫ്ലാറ്റിന്റെ യഥാർത്ഥ വില 13.00 ലക്ഷം രൂപയാണെന്ന് ഗ്രാമപഞ്ചായത്ത് അറിയിച്ചിട്ടുണ്ട്.

79

### 4.79 ഊർങ്ങാട്ടിരി ഗ്രാമപഞ്ചായത്ത്

മലപ്പുറം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 09.10.2024 -ലെ കത്തും ഊർങ്ങാട്ടിരി ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 10.07.2024-ലെ 1(9)-ാം നമ്പർ തീരുമാനവും അനുബന്ധരേഖകളും (SRG/ 1046/24 – CC/586/2024)

വിഷയം:- ലൈഫ് ഭവന പദ്ധതി പ്രകാരം സ്ഥലവും വീടും നൽകുന്നത് സംബന്ധിച്ച്.

ഊർങ്ങാട്ടിരി ഗ്രാമപഞ്ചായത്തിൽ താമസിക്കുന്ന ശ്രീമതി. കുട്ടിയമ്മ കമ്പനി മലയിൽ, ആലപ്പാറ എന്ന വ്യക്തി ലൈഫ് ലിസ്റ്റിൽ ഭൂമിയുള്ള ഭവന രഹിതരുടെ ലിസ്റ്റിൽ 103 – ാം നമ്പറായി ഉൾപ്പെട്ടിട്ടുണ്ട്. ഈ വ്യക്തി വീട് വയ്ക്കാനുദ്ദേശിക്കുന്ന സ്ഥലം 2018, 2019 വർഷങ്ങളിലുണ്ടായ പ്രളയത്തിൽ ഉരുൾപൊട്ടിയ സ്ഥലത്തിനോട് ചേർന്ന് ആയതിനാൽ ഇവിടെ വീട് വയ്ക്കാൻ അനുയോജ്യമല്ല. ഇത് വില്ലേജ് ഓഫീസറും സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. സ്ഥലത്തിന്റെ വിസ്തീർണ്ണം 0.0405 ഹെക്ടർ ആണ് (10 സെന്റ് സ്ഥലം). അതിനാൽ ശ്രീമതി.കുട്ടിയമ്മ കമ്പനി മലയിൽ എന്ന വ്യക്തിയെ ഭൂരഹിത ഭവന രഹിതരുടെ ലിസ്റ്റൽ ഉൾപ്പെടുത്തി ഭൂമിയും ഭവനവും നൽകണമെന്നാവശ്യപ്പെട്ടിരിക്കുന്നു.

80

### 4.80 തൂണേരി ബ്ലോക്ക് പഞ്ചായത്ത്

കോഴിക്കോട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 12.11.2024-ലെ കത്ത് (SRG/ 1111/24 – CC/711/2024)

വിഷയം:- PMAY ആവാസ് പ്ലസ് പ്രകാരമുള്ള വീട് നിർമ്മാണത്തിന് മെയിന്റനൻസ് ഗ്രാന്റ് ഉപയോഗിക്കാൻ അനുമതി സംബന്ധിച്ച്.

ബ്ലോക്ക് പഞ്ചായത്തിന്റെ പരിധിയിലുള്ള ഗ്രാമപഞ്ചായത്തുകളിൽ PMAY പദ്ധതി പ്രകാരം 484 പേർക്ക് ധനസഹായം നൽകണം. ഇതിലധികം ഗുണഭോക്താക്കൾ ഉണ്ടാകാൻ സാധ്യതയുണ്ട് എന്ന് ചൂണ്ടിക്കാണിച്ച് വികസനഫണ്ട് (ജനറൽ, എസ്.സി.പി, റ്റി.എസ്.പി), മെയിന്റനൻസ് ഗ്രാന്റ് റോഡ് & നോൺ റോഡ് എന്നീ വിഹിതം കൂടി വീട് നിർമ്മാണത്തിന് ഉപയോഗിക്കാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

81

### 4.81 എറണാകുളം ജില്ലാ പഞ്ചായത്ത്

എറണാകുളം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 05.11.2024 കത്തുകളും (2 എണ്ണം) എറണാകുളം ജില്ലാ പഞ്ചായത്ത് ഭരണസമിതിയുടെ 25.06.2024-ലെ 6(4) നമ്പർ തീരുമാനവും (SRG/ 1064/24 – CC/672/2024)

വിഷയം:- സർക്കാർ ഹൈസ്കൂളിലെ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് പ്രഭാത ഭക്ഷണം നൽകുന്നത് സംബന്ധിച്ച്.

| പ്രോ.നം. 759/25 | അടങ്കൽ | 10,00,000 രൂപ (റ്റി.എസ്.പി) |
|---|---|---|
| *പേര്:-* | കുട്ടമ്പുഴ പഞ്ചായത്തിലെ രണ്ട് ഗവൺമെന്റ് സ്കൂളുകളിലെ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പ്രഭാത ഭക്ഷണ പരിപാടി | |

കുട്ടമ്പുഴ ഗ്രാമപഞ്ചായത്തിലെ ഗവ. ഹൈസക്കൂൾ മാമലക്കണ്ടം, ഗവ. ഹൈസ്കൂൾ പിണവൂർക്കുടി എന്നീ സ്കൂളുകളിലെ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെടുന്ന വിദ്യർത്ഥികൾക്ക് പ്രഭാതഭക്ഷണം നൽകുന്നുണ്ട്. ഒരു വിദ്യാർത്ഥിക്ക് 40 രൂപയാണ് ഇതിന് ചെലവഴിക്കുന്നത്. ക്വട്ടേഷൻ വിളിച്ചാണ് പ്രഭാതഭക്ഷണത്തിന് ക്രമീകരണം ചെയ്തിരിക്കുന്നത്. മാർഗ്ഗരേഖ പ്രകാരം 7-ാം ക്ലാസ്സുവരെയുള്ള വിദ്യാർത്ഥികൾക്കാണ് പ്രഭാതഭക്ഷണം നൽകാവുന്നത്. പട്ടികവർഗ്ഗ വിഭാഗത്തിലെ വിദ്യാർത്ഥികൾ ആയതിനാൽ ഇവർക്ക് പ്രഭാതഭക്ഷണം നൽകാൻ പ്രത്യേക അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

82

### 4.82 Embrit Infotech

എംബ്രൈറ്റ് ഇൻഫോടെക് കമ്പനിയുടെ പ്രോഡക്ട് ഹെഡ്ഡിന്റെ 28.06.2024-ല കത്ത് (SRG/743/24)

വിഷയം:- എംബ്രൈറ്റ് ഇൻഫോ ടെക് കമ്പനിയുടെ ഉല്പന്നം വാങ്ങുമ്പോൾ അഡ്വാൻസ് തുക നൽകണമെന്നതു സംബന്ധിച്ച്.

ഓട്ടിസം ബാധിച്ചവർക്ക് സ്കിൽ ട്രെയിനിംഗ് നൽകുന്നതിന് എംബ്രൈറ്റ് ഇൻഫോടെക് എന്ന കമ്പനി ഹാർഡ് വെയർ & സോഫ്റ്റ് വെയർ വികസിപ്പിച്ച് നൽകുന്നുണ്ട്. Visual Behavioral Therapy യുള്ള Technology Tool ആണ് ഇത്. തദ്ദേശഭരണ സ്ഥാപനങ്ങൾ ഇത് വാങ്ങുമ്പോൾ വിലയുടെ 75 ശതമാനമെങ്കിലും തുക അഡ്വാൻസായി നൽകാൻ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകണമെന്നാവശ്യപ്പെട്ടിരിക്കുന്നു.

83

### 4.83 പത്തനംതിട്ട ജില്ലാ പഞ്ചായത്ത്

പത്തനംതിട്ട ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 18.10.2024-ലെ കത്ത് (SRG/1053/24 - CC /688/24)

വിഷയം:- അഭ്യസ്തവിദ്യരായവർക്ക് സർക്കാർ സ്ഥാപനങ്ങളിൽ പരിശീലനം നൽകുന്നത് സംബന്ധിച്ച്.

പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങളിലെ അഭ്യസ്തവിദ്യരായ യുവജനങ്ങൾക്ക് വിദ്യാഭ്യാസ യോഗ്യതയ്ക്ക് അനുസരിച്ച് തദ്ദേശഭരണ സ്ഥാപനങ്ങളുടെ വിവിധ സ്ഥാപനങ്ങളിൽ തൊഴിൽ പരിചയം നൽകാൻ മാർഗ്ഗരേഖ പ്രകാരം അനുമതിയുണ്ട്. ആരോഗ്യമേഖലയിലും എഞ്ചിനീയറിംഗ് മേഖലയിലും യോഗ്യതയുള്ളവർക്കാണ് പരിശീലനം നൽകുന്നത്. മാർഗ്ഗരേഖ പ്രകാരവും തുടർന്നുള്ള സർക്കാർ ഉത്തരവ് പ്രകാരം താഴെപ്പറയുന്ന കോഴ്സ് പാസ്സായവർക്കാണ് രണ്ടു വർഷത്തെ പരിശീലനം നൽകുന്നത്. ഒപ്പം സ്റ്റൈപന്റും നൽകും. ഈ കോഴ്സുകൾക്കൊപ്പം MSW, MSC Phycology പാസ്സായവർക്കു കൂടി തൊഴിൽ പരിശീലനം നൽകാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

| യോഗ്യത | പ്രതിമാസ സ്റ്റൈപന്റ് |
|---|---|
| 1) BSC നേഴ്സിംഗ് (അലോപ്പതി, ആയുർവാദം) | 10,000 രൂപ |
| 2) നേഴിസിംഗ് ജനറൽ | 8,000 രൂപ |
| 3) BMLT ഫാർമസി, റേഡിയോ ഗ്രാഫർ തുടങ്ങിയ പാരാമെഡിക്കൽ യോഗ്യതയുള്ളവർ | 8,000 രൂപ |
| 4) എഞ്ചിനീയറിംഗ് | 10,000 രൂപ |
| 5) പോളിടെക്നിക് | 8,000 രൂപ |
| 6) ഐ.റ്റി.ഐ | 7,000 രൂപ |
| 7) അംഗീകൃത തെറാപ്പിസ്റ്റ് | 10,000 രൂപ |
| 8) സ്പെഷ്യൽ എഡ്യൂക്കേറ്റേഴ്സ് | 7,000 രൂപ |
| 9) DMLT, D ഫാം, ഹെൽത്ത് ഇൻസ്പെക്ടർ കോഴ്സ് | 7,000 രൂപ |

84 **4.84 ഷോളയാർ ഗ്രാമപഞ്ചായത്ത്**

പാലക്കാട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 4.10.2024 ലെ കത്തും ഷോളയാർ ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 19.06.2024-ലെ 43(1)–ാം നമ്പർ തീരുമാനവും (SRG/ 1000/24 - CC/448/24)

വിഷയം:- BSNL ഒപ്റ്റിക്കൽ ഫൈബർ കേബിൾ ഇടുമ്പോൾ റിസ്റ്റോറേഷൻ ഫീ ഒഴിവാക്കി BSNL നേരിട്ട് റിസ്റ്റോറേഷൻ വർക്ക് നടത്താൻ അനുമതി സംബന്ധിച്ച്.

കേന്ദ്ര സർക്കാരിന്റെ BSNL 4G സാച്യുറേഷൻ പദ്ധതിക്കു വേണ്ടി ഷോളയൂർ ഗ്രാമപഞ്ചായത്ത് പ്രദേശത്ത് ഒപ്റ്റിക്കൽ ഫൈബർ കേബിൾ ഇടുന്നതിന്റെ ഭാഗമായി റോഡ് കട്ടിംഗ് ചെയ്യണം. ഇതിനുള്ള അപേക്ഷ ഗ്രാമപഞ്ചായത്തിൽ ലഭിച്ചിട്ടുണ്ട്. റോഡ് കട്ടിംഗ് നടത്തുമ്പോൾ റിസ്റ്റോറേഷൻ വർക്കിന്റെ എസ്റ്റിമേറ്റ് ഗ്രാമപഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയർ എടുത്തിട്ടുണ്ട്. ഇതനുസരിച്ച് റിസ്റ്റോറേഷൻ ഫീ ഇനത്തിൽ 61,84,148 രൂപ BSNL ഗ്രാമപഞ്ചായത്തിൽ അടയ്ക്കണം. ഇത് കേന്ദ്ര സർക്കാരിന്റെ പദ്ധതി ആയതിനാലും പട്ടികവർഗ്ഗ വിഭാഗക്കാർ കൂടുതലുള്ള പ്രദേശത്തിന് വേണ്ടിയുള്ള പദ്ധതി ആയതിനാലും റിസ്റ്റോറേഷൻ ഫീ ഒഴിവാക്കി നൽകണമെന്ന് BSNL ആവശ്യപ്പെട്ടിട്ടുണ്ട്. BSNL തന്നെ റിസ്റ്റോറേഷൻ പ്രവൃത്തി പൂർത്തീകരിച്ചു നൽകാമെന്ന വ്യവസ്ഥയോടെ എഗ്രിമെന്റ് വച്ച് അനുവാദം നൽകുവാൻ കഴിയുമോ എന്ന് സ്പഷ്ടീകരണം നൽകണമെന്നാവശ്യപ്പെട്ടിരിക്കുന്നു.

85 **4.85 അഗളി ഗ്രാമപഞ്ചായത്ത്**

പാലക്കാട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 04.10.2024-ലെ കത്തും അഗളി ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 28.06.2024-ലെ 7(1)–ാം നമ്പർ തീരുമാനവും (SRG/ 1001/24 - CC/460/24)

വിഷയം:- BSNL ഒപ്റ്റിക്കൽ ഫൈബർ കേബിൾ ഇടുമ്പോൾ റിസ്റ്റോഫറേഷേൻ ഫീസ് അടയ്ക്കുന്നത് ഒഴിവാക്കി BSNL നേരിട്ട് റിസ്റ്റോറേഷൻ വർക്ക് നടത്താൻ അനുമതി സംബന്ധിച്ച്.

കേന്ദ്ര സർക്കാരിന്റെ BSNL 4G സാച്യുറേഷൻ പദ്ധതിക്കു വേണ്ടി അഗളി ഗ്രാമപഞ്ചായത്ത് പ്രദേശത്ത് ഒപ്റ്റിക്കൽ ഫൈബർ കേബിൾ ഇടുന്നതിന്റെ ഭാഗമായി റോഡ് കട്ടിംഗ് ചെയ്യണം. ഇതിനുള്ള അപേക്ഷ ഗ്രാമപഞ്ചായത്തിൽ ലഭിച്ചിട്ടുണ്ട്. റോഡ് കട്ടിംഗ് നടത്തുമ്പോൾ റിസ്റ്റോറേഷൻ വർക്കിന്റെ എസ്റ്റിമേറ്റ് ഗ്രാമപഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയർ എടുത്തിട്ടുണ്ട്. ഇതനുസരിച്ച് റിസ്റ്റോറേഷൻ ഫീ ഇനത്തിൽ 18,29,050 രൂപ BSNL ഗ്രാമപഞ്ചായത്തിൽ അടയ്ക്കണം. ഇത് കേന്ദ്ര സർക്കാരിന്റെ പദ്ധതി ആയതിനാലും പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർ കൂടുതലുള്ള പ്രദേശത്തിനു വേണ്ടിയുള്ള പദ്ധതി ആയതിനാലും റീസ്റ്റേറേഷൻ ഫീ ഒഴിവാക്കി നൽകണമെന്ന് BSNL ആവശ്യപ്പെട്ടിട്ടുണ്ട്. BSNL തന്നെ റിസ്റ്റോറേഷൻ പ്രവൃത്തി പൂർത്തീകരിച്ചു നൽകാമെന്ന വ്യവസ്ഥയോടെ എഗ്രിമെന്റ് വച്ച് അനുവാദം നൽകുവാൻ കഴിയുമോ എന്ന് സ്പഷ്ടീകരണം നൽകണമെന്നാവശ്യപ്പെട്ടിരിക്കുന്നു.

86 **4.86 ചടയമംഗലം ബ്ലോക്ക് പഞ്ചായത്ത്**

കൊല്ലം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 30.10.2024-ലെ കത്തും ചടയമംഗലം ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതിയുടെ 06.08.2024-ലെ II (1) –ാം നമ്പർ തീരുമാനവും (SRG/ 1056/24 – CC/488/2024)

വിഷയം:- ശുചിത്വ പ്രവർത്തനത്തിന് മുൻകാലങ്ങളിൽ ലഭിച്ച വിഹിതത്തിൽ ബാക്കിയുള്ള തുക ശുചിത്വ മേഖലയിൽ തന്നെ ഉപയോഗിക്കുന്നതിന് അനുമതി സംബന്ധിച്ച്

ചടയമംഗലം ബ്ലോക്ക് പഞ്ചായത്തിന് ശുചിത്വവുമായി ബന്ധപ്പെട്ട് താഴെപ്പറയും പ്രകാരമുള്ള തുക ചെലവഴിക്കപ്പെടാതെ കിടപ്പുണ്ട്.

| ക്രമ നമ്പർ | പദ്ധതി | തുക ലഭിച്ച വർഷം | ബാങ്കിന്റെ പേര് | മിച്ചമുള്ള തുക | | |
|---|---|---|---|---|---|---|
| | | | | മിച്ചമുള്ള വിഹിതം | പലിശ | ആകെ |
| 1 | നിർമ്മൽ ഭാരത് അഭിയാൻ (IAY വീടുകൾക്ക് ലാട്രിൻ) | 2013-14<br>2014-15 | ഇന്ത്യൻ ബാങ്ക്, ചടയമംഗലം | 23,31,390 | 9,23,955 | 32,55,345 |
| 2 | Total Sanitation Campaign | 4.6.2004 മുതൽ | ഇന്ത്യൻ ബാങ്ക്, ചടയമംഗലം | 11,50,576 | 1,78,154 | 13,28,730 |

ആകെ 45,84,075 രൂപ ലഭ്യമാണ്. ഈ തുക ഉപയോഗിച്ച് ശുചിത്വ മേഖലയിൽ തന്നെ താഴെപ്പറയുന്ന പ്രോജക്ട് ഏറ്റെടുക്കാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

| | | |
|---|---|---|
| 1 | മാലിന്യ സംസ്കരണ പ്ലാന്റ് കടയ്ക്കൽ ഗ്രാമപഞ്ചായത്ത് | 15,00,000 രൂപ |
| 2 | മാലിന്യ സംസ്കരണ പ്ലാന്റ് ചിതറ ഗ്രാമപഞ്ചായത്ത് | 18,00,000 രൂപ |
| 3 | വിവിധ സ്കൂളുകളിൽ ടോയിലറ്റ് നിർമ്മാണം, നാപ്കിൻ ഡിസ്ട്രോയർ മെഷീൻ സ്ഥാപിക്കൽ | 12,84,075 രൂപ |

87

## 4.87 കുറ്റിപ്പുറം ബ്ലോക്ക് പഞ്ചായത്ത്

മലപ്പുറം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 06.11.2024-ലെ കത്തും അനുബന്ധരേഖകളും (SRG/ 1066/24 – CC/710/2024)

വിഷയം:- അതിദരിദ്രരായ വയോജനങ്ങൾക്ക് വിമാനത്തിൽ ഉല്ലാസയാത്രയ്ക്ക് അനുമതി സംബന്ധിച്ച്.

| | | |
|---|---|---|
| പ്രോ.നം. 43/25 | അടങ്കൽ | 3,30,790 രൂപ (വികസനഫണ്ട് ജനറൽ) |
| *പേര്:-* | ഒരു വട്ടം കൂടി - വയോജനങ്ങൾക്ക് ഫ്ലൈറ്റിൽ ഉല്ലാസയാത്ര | |

കുറ്റിപ്പുറം ബ്ലോക്ക് പരിധിയിൽപ്പെട്ട ആറു ഗ്രാമപഞ്ചായത്തുകളിലെ അതിദരിദ്രരായ 46 വയോജനങ്ങൾക്ക് അവരുടെ ഉല്ലാസത്തിന്റെ ഭാഗമായി വിമാനയാത്ര നടത്താൻ ഈ വർഷം പ്രോജക്ട് തയ്യാറാക്കിയിട്ടുണ്ട്. ഈ പ്രോജക്ട് നടപ്പാക്കാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

88

## 4.88 മണിയൂർ ഗ്രാമപഞ്ചായത്ത് (അദാലത്ത്)

കോഴിക്കോട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 20.11.2024-ലെ കത്തും മണിയൂർ ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 11.11.2024-ലെ 18(1)-ാം നമ്പർ തീരുമാനവും അനുബന്ധരേഖകളും (SRG/1126/24 – CC/743/2024)

വിഷയം:- മണിയൂർ ഗവ. ഐ.റ്റി.ഐ പ്രവർത്തിക്കുന്ന കെട്ടിടത്തിന്റെ വാടക നൽകുന്നത് സംബന്ധിച്ച്.

മണിയൂർ ഗ്രാമപഞ്ചായത്ത് 18-ാം വാർഡിലുള്ള ഗവ.ഐ.റ്റി.ഐ വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. സർക്കാരിന്റെ 11.07.2022-ലെ 1646/2022/തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം 2022-23 വരെയുള്ള വാടക നൽകുന്നതിന് അനുമതി നൽകിയിരുന്നു. മുൻവർഷങ്ങളിൽ

നൽകിയ പ്രതിമാസ വാടക 15,766 രൂപയാണ്. ഇതേ നിരക്കിൽ 2023-24 വർഷത്തേയും തുടർന്നുള്ള വർഷങ്ങളിലേയും വാടക നൽകാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

89

**4.89 തൂണേരി ബ്ലോക്ക് പഞ്ചായത്ത്**

ബഹു.നാദാപുരം എം.എൽ.എ യുടെ 20.11.2024-ലെ കത്തും തൂണേരി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന്റെ 19.11.2024-ലെ കത്തും തൂണേരി ബ്ലോക്ക് പഞ്ചായത്തിന്റെ 28.04.2023-ലെ 4(1) -ാം നമ്പർ ഭരണസമിതി തീരുമാനവും (SRG/1100/24)

വിഷയം:- തൂണേരി ബ്ലോക്ക് പഞ്ചായത്തിലെ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിന്റെ മുകളിലത്തെ നില നിർമ്മിക്കാൻ മെയിന്റനൻസ് ഗ്രാന്റ് (നോൺ റോഡ് ) ഉപയോഗിക്കുന്നത് സംബന്ധിച്ച്.

തൂണേരി ബ്ലോക്ക് പഞ്ചായത്തിന്റെ വളയം സാമൂഹ്യ കേന്ദ്രത്തിൽ കൂടുതൽ പേർക്ക് കിടത്തി ചികിത്സാ സൗകര്യ മൊരുക്കുന്നതിന് സി.എച്ച്.സി.ക്ക് ഒരു നിലകൂടി നിർമ്മിക്കേണ്ടതുണ്ട്. എന്നാൽ ബ്ലോക്ക് പഞ്ചായത്തിന് ഫണ്ട് കുറവായതിനാലും സർക്കാരിൽ നിന്ന് പ്രത്യേക സഹായമൊന്നും ലഭിക്കാത്തതിനാലും നോൺറോഡ് മെയിന്റനൻസ് ഗ്രാന്റ് ഉപയോഗിച്ച് മുകളിലത്തെ നില നിർമ്മിക്കാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

90

**4.90 തൂണേരി ബ്ലോക്ക് പഞ്ചായത്ത്**

ബഹു.നാദാപുരം എം.എൽ.എ യുടെ 20.11.2024-ലെ കത്തും കോഴിക്കോട് ജില്ലാപ്ലാനിംഗ് ഓഫീസറുടെ 12.11.2024-ലെ കത്തും തൂണേരി ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതിയുടെ 05.10.2024-ലെ 5(7)-ാം നമ്പർ തീരുമാനവും (SRG/1128/24 CC/720/24)

വിഷയം:- ബ്ലോക്ക് പഞ്ചായത്ത് കെട്ടിടത്തിൽ ഫർണിച്ചറിനും അനുബന്ധ സൗകര്യത്തിനുമായി നോൺറോഡ് മെയിന്റനൻസ് ഗ്രാന്റ് ഉപയോഗിക്കുന്നത് സംബന്ധിച്ച്.

| | | |
|---|---|---|
| *പ്രോ.നം: 84/25* | *അടങ്കൽ* | *90,00,000 രൂപ മെയിന്റനൻസ് ഗ്രാന്റ് -നോൺ റോഡ്* |
| *പേര്* | *ബ്ലോക്ക് പഞ്ചായത്ത് കെട്ടിടത്തിൽ ഫർണിച്ചർ അനുബന്ധ സൗകര്യമൊരുക്കൽ* | |

ബ്ലോക്ക് പഞ്ചായത്തിന് പുതിയ ഓഫീസ് കെട്ടിടം നിർമ്മിക്കുന്നുണ്ട്. വിഹിതം കണ്ടെത്താൻ ബുദ്ധിമുട്ടുള്ളതിനാൽ ഈ കെട്ടിടത്തിൽ പാർട്ടീഷ്യൻ ഉൾപ്പെടെയുള്ള അധിക സൗകര്യം ഒരുക്കുന്നതിനും ഫർണിച്ചർ, കമ്പ്യൂട്ടർ, വയറിംഗ് എന്നിവയ്ക്കും നോൺ റോഡ് മെയിന്റനൻസ് ഗ്രാന്റ് ഇനത്തിൽ 90.00 ലക്ഷം രൂപ ഉപയോഗിക്കാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

91

**4.91 ദേവികുളം ഗ്രാമപഞ്ചായത്ത്**

ദേവികുളം ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 10.09.2024-ലെ P15/2024-ാം നമ്പർ കത്ത് (SRG/1142/24)

വിഷയം:- പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക് നൽകുന്ന ധനസഹായങ്ങൾ പൊതുവിഭാഗത്തിൽപ്പെട്ടവർക്കും നൽകുന്നതിന് അനുമതി സംബന്ധിച്ച്.

ദേവികുളം ഗ്രാമപഞ്ചായത്തിൽ 85 ശതമാനം ജനസംഖ്യയും പട്ടികജാതി വിഭാഗത്തിൽപ്പെട്ടവരും ഒരു ശതമാനം ആൾക്കാർ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെ ട്ടവരുമാണ്. പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്, പഠനോപകരണങ്ങൾ നൽകുന്നുണ്ട്. ഒപ്പം പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക് വിവാഹ ധനസഹായം, ബെഡ് തുടങ്ങിയവയും ഗ്രാമപഞ്ചായത്ത് നൽകുന്നുണ്ട്. ഇത്തരം ധനസഹായങ്ങൾ പൊതുവിഭാഗത്തിൽപ്പെട്ടവർക്കും നൽകാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

92

4.92 **പള്ളിക്കൽ ഗ്രാമപഞ്ചായത്ത്**

തിരുവനന്തപുരം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 02.11.2024, 30.10.2024 എന്നീ തീയതികളിലെ കത്തുകളും (2 എണ്ണം) പള്ളിക്കൽ ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 13.09.2024-ലെ 2(1) -ാം നമ്പർ തീരുമാനവും (SRG/1060/24 - CC/553/24)

വിഷയം:- ഗ്രാമപഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയറുടെ ഓഫീസിന് വാഹനം വാടകയ്ക്കെടുക്കുന്നത് സംബന്ധിച്ച്.

| | | |
|---|---|---|
| *പ്രോ.നം: 42/25* | *അടങ്കൽ* | *4,20,000 രൂപ* |
| | *വികസനഫണ്ട് ജനറൽ* | *2,50,000 രൂപ* |
| | *മെയിന്റനൻസ് ഗ്രാന്റ്-നോൺറോഡ്* | *1,70,000 രൂപ* |
| *പേര്* | *അസിസ്റ്റന്റ് എഞ്ചിനീയറുടെ ഓഫീസിലേയ്ക്ക് വാഹനം വാടയ്ക്കെടുക്കൽ* | |

പള്ളിക്കൽ ഗ്രാമപഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയർ ഓഫീസിലേയ്ക്ക് വാഹനം വാടകയ്ക്കെടുക്കുന്നുണ്ട്. തനത് ഫണ്ട് കുറവായതിനാലും വികസനഫണ്ടിൽ നിന്ന് വിഹിതം കണ്ടെത്താൻ ബുദ്ധിമുട്ടായതിനാലും എഞ്ചിനീയറുടെ ഓഫീസിലേയ്ക്ക് വാഹനം വാടകയ്ക്കെടുക്കാൻ 1.70 ലക്ഷം രൂപ കൂടി മെയിന്റനൻസ് ഗ്രാന്റ് (നോൺ റോഡ്) ഇനത്തിൽ ഉപയോഗിക്കാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

93

4.93 **വെള്ളനാട് ഗ്രാമപഞ്ചായത്ത്**

തിരുവനന്തപുരം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 02.11.2024, 30.10.2024 എന്നീ തീയതികളിലെ കത്തുകൾ (2 എണ്ണം) (SRG/1061/24 - CC/579/24)

വിഷയം:- ഗ്രാമപഞ്ചായത്തിലേയ്ക്ക് ആംബുലൻസ് വാങ്ങുന്നത് സംബന്ധിച്ച്.

| | | |
|---|---|---|
| പ്രോ.നം: 188/25 | അടങ്കൽ | 13,00,000 രൂപ (തനത് ഫണ്ട്) |
| പേര് | പഞ്ചായത്തിലേയ്ക്ക് ആംബുലൻസ് വാങ്ങൽ | |

ഗ്രാമപഞ്ചായത്തിലെ രോഗികളുടെ ആവശ്യത്തിനായി ആംബുലൻസ് വാങ്ങാൻ ഉദ്ദേശിക്കുന്നു. ഗ്രാമപഞ്ചായത്ത് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായ ഈ പ്രോജക്ടിന് അനുമതി ആവശ്യപ്പെട്ടിരിക്കുന്നു. ഈ ഗ്രാമപഞ്ചായത്തിൽ കുടുംബാരോഗ്യകേന്ദ്രം ഉണ്ടെന്നറിയിച്ചിട്ടുണ്ട്.

94

**4.94 പറവൂർ ബ്ലോക്ക് പഞ്ചായത്ത്**

എറണാകുളം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 09.10.2024 -ലെ കത്തുകളും (2 എണ്ണം) പറവൂർ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ 15.01.2025-ലെ കത്തും അനുബന്ധരേഖകളും (SRG/1047/24 - CC/367/24)

വിഷയം:- പറവൂർ ബ്ലോക്ക് പഞ്ചായത്ത് മേഖലയിലെ തോട് വൃത്തിയാക്കൽ, ഭൂ വികസന പ്രവൃത്തികൾ കൃഷിശ്രീ സെന്ററുകളെ ടെണ്ടർ കൂടാതെ ഏൽപ്പിക്കാൻ അനുമതി സംബന്ധിച്ച്.

പറവൂർ ബ്ലോക്ക് പഞ്ചായത്ത് ത്രിതല ഗ്രാമപഞ്ചായത്തുകളുടെ വിഹിതമുപയോഗിച്ച് ഫ്ലോട്ടിംഗ് JCB വാങ്ങാൻ 2022-23 -ൽ പ്രോജക്ട് എടുത്തിരുന്നു. 2023-24-ൽ 26,53,000 രൂപ മുടക്കി JCB വാങ്ങി. ബ്ലോക്ക് പഞ്ചായത്ത് കോമ്പൗണ്ടിൽ പ്രവർത്തിക്കുന്ന കൃഷി വകുപ്പിന്റെ കീഴിലുള്ള കൃഷിശ്രീ സെന്ററിന് ഫ്ലോട്ടിംഗ് JCBയുടെ പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതിന് കരാർ വച്ച് ചുമതല നൽകിയിട്ടുണ്ട്. JCB യുടെ വാടകയായി വർഷം 5000 രൂപ ബ്ലോക്ക് പഞ്ചായത്തിനു നൽകും. എന്നാൽ JCB യിൽ നിന്ന് വരുമാനം വർദ്ധിക്കുന്ന മുറയ്ക്ക് അടുത്ത കരാർ കാലയളവു മുതൽ വരുമാനത്തിന്റെ നിശ്ചിത ശതമാനം (10 ശതമാനം മുതൽ 30 ശതമാനം വരെ) വാടക നൽകണമെന്ന് കൃഷിശ്രീ സെന്ററിനെ അറിയിച്ചിട്ടുണ്ട്. ഈ സെന്ററിലുള്ളവർക്ക് പരിശീലനം നൽകിയിട്ടുണ്ട്. വിവിധ പ്രവൃത്തികൾ സെന്റർ ഏറ്റെടുക്കുന്നുണ്ട്. വേതനം, ഡീസൽ ചെലവ് തുടങ്ങിയവ സ്വന്തമായി വഹിക്കും. പറവൂർ

ബ്ലോക്ക് പഞ്ചായത്ത് നടപ്പാക്കുന്ന പ്രവൃത്തികൾ, ബ്ലോക്ക് പഞ്ചായത്ത് പരിധിയിൽ ജില്ലാ പഞ്ചായത്ത് ഏറ്റെടുക്കുന്ന പ്രവൃത്തികൾ, ബ്ലോക്ക് പഞ്ചായത്ത് പരിധിയിലെ 5 ഗ്രാമപഞ്ചായത്തുകൾ ഏറ്റെടുക്കുന്ന പ്രവൃത്തികൾ എന്നിവ കൃഷി സെന്ററിനു ടെണ്ടർ കൂടാതെ ഏറ്റെടുക്കാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു. തോട് ആഴം കൂട്ടി വൃത്തിയാക്കൽ, ഭൂവികസന പദ്ധതികൾ മുതലായവയാണ് കൃഷി സെന്റർ ചെയ്യുന്നത്.

95

### 4.95 ചിറയിൻകീഴ് ബ്ലോക്ക് പഞ്ചായത്ത്

തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 02.11.2024-ലെ LSGD/PD/38122/2024/GEB4 നമ്പർ കത്തും ചിറയിൻകീഴ് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ 28.09.2024 -ലെ BP/1450/2024/CKL നമ്പർ കത്തും ചിറയിൻകീഴ് ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതിയുടെ 19.08.2024 ലെ 3(1) -MW നമ്പർ തീരുമാനവും (SRG/25/2025 - LSGD - FM2/128/2024)

വിഷയം:- ബ്ലോക്ക് പഞ്ചായത്തിൽ വ്യാപാര വ്യവസായ ഉല്പാദക സംരംഭക സംഗമം നടത്തുന്നത് സംബന്ധിച്ച്

ബ്ലോക്ക് പഞ്ചായത്ത് ഗ്രാമോത്സവം എന്ന പേരിൽ വ്യാപാര വ്യവസായ ഉല്പാദക സംരംഭക സംഗമത്തിന് പ്രോജക്ട് തയ്യാറാക്കിയിട്ടുണ്ട്. തനത് ഫണ്ടിനത്തിൽ 8.00 ലക്ഷം രൂപയാണ് വകയിരുത്തിയിരിക്കുന്നത്. കാർഷിക പ്രദർശനം നടത്തുക, കന്നുകാലി-കോഴി പ്രദർശനം നടത്തുക, വ്യവസായ മേഖലയിൽ സ്വയം തൊഴിൽ പദ്ധതി ആവിഷ്കരിക്കുക, ബാങ്കിംഗ് സ്ഥാപനങ്ങളെ പങ്കെടുപ്പിച്ച് കാർഷിക വായ്പ സ്വരൂപിക്കുക, മൃഗസംരക്ഷണത്തിന് പരിശീലനം, വ്യവസായ മേഖലയിൽ പദ്ധതി രൂപപ്പെടുത്തുക എന്നിവയാണ് ഗ്രാമോത്സവം എന്ന പേരിൽ നടപ്പാക്കുന്നത്. ഇത് ജില്ലാ ആസൂത്രണസമിതിക്ക് സമർപ്പിച്ചിരുന്നുവെങ്കിലും അനുമതിക്കായി സർക്കാരിന് നൽകാൻ ജില്ലാ ആസൂത്രണ സമിതി നിർദ്ദേശിച്ചു. ഇതിന്റെ അടിസ്ഥാനത്തിൽ ഈ പ്രോജക്ട് നടപ്പാക്കാൻ പ്രത്യേകാനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

96

### 4.96 പൂതാടി ഗ്രാമപഞ്ചായത്ത്

തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 07.09.2024-ലെ LSGD/PD/30228/2024/ - DPLA1 നമ്പർ നമ്പർ കത്തും പൂതാടി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 23.06.2024-ലെ 401007/DPPE 04/GPO/2024/3172(2)-ാം നമ്പർ കത്തും അനുബന്ധരേഖകളും (SRG/897/24)

വിഷയം:- പഠനമുറിക്ക് മുൻകൂറായി നൽകിയ തുക തിരികെ അടയ്ക്കുന്നതു സംബന്ധിച്ച്.

പൂതാടി ഗ്രാമപഞ്ചായത്തിൽ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ശ്രീ.ശശി, വാകേരി കോളനി എന്ന വ്യക്തിയുടെ മകൻ അഭിജിത്തിന് പഠനമുറി നിർമ്മിക്കാൻ 2020-21 വർഷം അഡ്വാൻസായി 50,000 രൂപ നൽകിയിരുന്നു. കൊവിഡ് കാലമായതിനാൽ പഠനമുറിയുടെ നിർമ്മാണം ആരംഭിക്കാൻ കഴിഞ്ഞില്ല. ശ്രീ.ശശി മരത്തിൽ നിന്നും വീണ് കിടപ്പിലായതിനാൽ ജോലിക്ക് പോകാൻ കഴിയില്ല. അതിനാൽ മുൻകൂറായി വാങ്ങിയ തുക ഗ്രാമപഞ്ചായത്തിലേയ്ക്ക് തിരികെ അടയ്ക്കുന്നതിൽ നിന്നൊഴിവാക്കണമെന്ന് ആവശ്യപ്പെട്ടിരിക്കുന്നു.

97

### 4.97 അരിക്കുളം ഗ്രാമപഞ്ചായത്ത്

അരിക്കുളം ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 11.09.2024-ലെ കത്ത് (SRG/1031/24)

വിഷയം:- നൊച്ചാട് ഗ്രാമപഞ്ചായത്തിൽ ആരംഭിക്കുന്ന യൂണിവേഴ്സിറ്റി റീജിയണൽ സെന്ററിന് ഭൂമി വാങ്ങാൻ ധനസഹായം നൽകുന്നത് സംബന്ധിച്ച്.

കാലിക്കറ്റ് യൂണിവേഴ്സിറ്റിയുടെ റീജിയണൽ സെന്റർ നൊച്ചാട് ഗ്രാമപഞ്ചായത്തിലെ ചാലിക്കരയിൽ സ്ഥാപിക്കാൻ പ്രാഥമിക അംഗീകാരം ലഭിച്ചിട്ടുണ്ട്. ഇതിനായി 5 ഏക്കർ ഭൂമി വാങ്ങി യൂണിവേഴ്സിറ്റിക്ക് നൽകണം. നൊച്ചാട് ഗ്രാമപഞ്ചായത്തിന്റെ സമീപ പഞ്ചായത്തുകളോട് ഇതിന് വിഹിതം നൽകണമെന്ന് നൊച്ചാട് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ആവശ്യപ്പെട്ടിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ 2.00 ലക്ഷം രൂപ സ്ഥലം വാങ്ങുന്നതിന് നൽകാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

98

## 4.98 ദേവികുളം ഗ്രാമ പഞ്ചായത്ത്

ദേവികുളം ഗ്രാമ പഞ്ചായത്ത് പ്രസിഡന്റിന്റെ 25.11.2024 കത്തും ദേവികുളം ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 10.09.2024-ലെ 13(1) -ാം നമ്പർ തീരുമാനവും കോഓർഡിനേഷൻ കമ്മിറ്റിയുടെ 06.03.2024 -ലെ (ഖണ്ഡിക 4.56) യോഗ തീരുമാനവും (SRG/1144/24, SRG /1143/24)

വിഷയം:- എസ്റ്റേറ്റ് മേഖലയിൽ വിവിധ നിർമ്മാണ പ്രോജക്ടുകൾ നടപ്പാക്കുന്നത് സംബന്ധിച്ച്.

ദേവികളം ഗ്രാമപഞ്ചായത്ത് താഴെപ്പറയുന്ന 62 പ്രോജക്ടുകൾ എസ്റ്റേറ്റ് മേഖലയിൽ നടപ്പാക്കാനായി ഈ വർഷം പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. എസ്റ്റേറ്റ് മേഖലയിൽ നിർമ്മാണ പ്രവൃത്തികൾ നടപ്പാക്കുന്നത് കോഓർഡിനേഷൻ കമ്മിറ്റിയുടെ പ്രത്യേക അനുമതിയോടെയാണ്. എസ്റ്റേറ്റ് മേഖലയിൽ എസ്റ്റേറ്റ് ഉടമകളുടെ /അധികാരികളുടെ സമ്മതപത്രത്തിന്റെ അടിസ്ഥാനത്തിൽ നിർമ്മാണ പ്രവൃത്തികൾക്കുള്ള പ്രോജക്ടുകൾ നടപ്പാക്കാൻ പൊതു അനുമതി നൽകണമെന്ന് ഇടുക്കി ജില്ലാ പഞ്ചായത്ത് ആവശ്യപ്പെട്ടിരുന്നുവെങ്കിലും പൊതു അനുമതി നൽകുന്നില്ല എന്നും ഓരോ കേസും നൽകുന്ന മുറയ്ക്ക് പ്രത്യേകം പരിശോധിച്ച് അനുമതി നൽകുന്ന കാര്യം പരിഗണിക്കുന്നതാണെന്നും കോഓർഡിനേഷൻ കമ്മിറ്റിയുടെ 06.03.2024-ലെ യോഗം തീരുമാനിച്ചിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ എസ്റ്റേറ്റ് മേഖലയിൽ താഴെപ്പറയുന്ന 62 പ്രോജക്ടുകൾ നടപ്പാക്കാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

### ദേവികുളം ഗ്രാമപഞ്ചായത്ത്

| ക്രമ നമ്പർ | പ്രോജക്ട് നമ്പർ | പദ്ധതിയുടെ പേര് | ഫണ്ടിനം | അടങ്കൽ തുക |
|---|---|---|---|---|
| 1 | 63 | വാർഡ് 1 ബെൻമോർ അപ്പർ ഡിവിഷൻ വാട്ടർ ടാങ്ക് | ധനകാര്യ കമ്മീഷൻ-ടൈഡ് ഫണ്ട് | 400000 |
| 2 | 64 | വാർഡ് 1 ബെൻമോർ ലോവർ ഡിവിഷൻ കാന്റീൻ മുതൽ മടസ്വാമി കോവിൽ വരെ റോഡ് നിർമ്മാണം | എസ്.സി.പി | 400000 |
| 3 | 70 | വാർഡ് 1 ബെൻമോർ മുതൽ അപ്പർ ഡിവിഷൻ റോഡ് നിർമ്മാണം | എസ്.സി.പി | 400000 |
| 4 | 71 | വാർഡ് 2 സാന്റോസ് മെയിൻ റോഡ് മുതൽ രാജേഷ് വീട് വരെ ഫുട്പാത് നിർമ്മാണം | എസ്.സി.പി | 350000 |
| 5 | 72 | വാർഡ് 2 സാന്റോസ് മെയിൻ റോഡ് പുനരുദ്ധാരണം | എസ്.സി.പി | 450000 |
| 6 | 75 | വാർഡ് 3 ചിറ്റിവര തങ്കമ്മൻ കോവിൽ ഭാഗം ലൈൻസ് കുടിവെള്ള പൈപ്പ് ലൈൻ നിർമ്മാണം | ധനകാര്യ കമ്മീഷൻ-ടൈഡ് ഫണ്ട് | 400000 |
| 7 | 76 | വാർഡ് 4 നഗരത്തം വീട് മുതൽ ലെനിൻ വീട് വരെ ഡ്രൈനേജ് നിർമ്മാണം | ധനകാര്യ കമ്മീഷൻ-ടൈഡ് ഫണ്ട് | 400000 |
| 8 | 79 | വാർഡ് 4 ചിറ്റിവര ഓ സി ഡിവിഷൻ മുതൽ നോർത്ത് ഡിവിഷൻ വരെ റോഡ് നിർമ്മാണം | എസ്.സി.പി | 400000 |
| 9 | 82 | വാർഡ് 5 പി ആർ ഡിവിഷൻ ഫീൽഡ് നമ്പർ 5 മുതൽ കാന്റീൻ വരെ റോഡ് നിർമ്മാണം | എസ്.സി.പി | 400000 |
| 10 | 87 | വാർഡ് 5 ചെണ്ടുവര ലോവർ ഡിവിഷൻ ഹോസ്പിറ്റൽ മുതൽ പ്രിയങ്ക വീട് വരെ റോഡ് കോൺക്രീറ്റ് | എസ്.സി.പി | 400000 |

| | | | | |
|---|---|---|---|---|
| 11 | 89 | വാർഡ് 5 ചെണ്ടുവര ലോവർ ഡിവിഷൻ മുനിയാണ്ടി കാന്റീൻ മുതൽ അശോക് തോട്ടം വരെ ഡ്രൈനേജ് | ധനകാര്യ കമ്മീഷൻ-ടൈഡ് ഫണ്ട് | 400000 |
| 12 | 235 | വാർഡ്-16 കുട്ടിയാർവാലി 10 സെൻറിൽ നിന്നും 5 സെൻറലേക്ക് ബന്ധിപ്പിക്കുന്ന പാലം | ധനകാര്യ കമ്മീഷൻ-ബേസിക് ഗ്രാൻറ് | 6211000 |
| 13 | 91 | വാർഡ് 6 എല്ലപെട്ടി സെൻട്രൽ ഡിവിഷൻ മുരുകൻ വീട് മുതൽ പ്രകാശ് വീട് വരെ റോഡ് റീ കോൺക്രീറ്റ് | എസ്.സി.പി | 400000 |
| 14 | 92 | വാർഡ് 6 എല്ലപ്പെട്ടി കെ കെ ഡിവിഷൻ അഞ്ചു കട മുതൽ മൂക്കൻ സൂപ്പർവൈസർ ലൈൻസ് വരെ റോഡ് കോൺക്രീറ്റ് | എസ്.സി.പി | 400000 |
| 15 | 94 | വാർഡ് 6 എല്ലപ്പെട്ടി സെൻട്രൽ മല്ലിക വീടിനടുത്തുള്ള ടാങ്കിലേക്ക് പൈപ്പ് സ്ഥാപിക്കൽ | ധനകാര്യ കമ്മീഷൻ-ടൈഡ് ഫണ്ട് | 400000 |
| 16 | 96 | വാർഡ് 7 അരുവിക്കാട് ഈസ്റ്റ് ഡിവിഷൻ റോഡ് കോൺക്രീറ്റ് | എസ്.സി.പി | 800000 |
| 17 | 98 | Ward 7 അരുവിക്കാട് സെൻട്രൽ ഡിവിഷൻ സുബ്രഹ്മണ്യൻ ലൈൻസിന് സമീപം വാട്ടർ ടാങ്ക് | ധനകാര്യ കമ്മീഷൻ-ടൈഡ് ഫണ്ട് | 400000 |
| 18 | 99 | വാർഡ് 8 സൈലന്റ് വാലി ഫാക്ടറി കോളനി പെന്തകോസ്ത് ചർച്ച് മുതൽ ആള്കാർപാണ്ടി വീട്ടു വരെ ഫുട്പത്ത് | എസ്.സി.പി | 350000 |
| 19 | 100 | വാർഡ് 8 സൈലന്റ് വാലി റേഷൻ കടക്ക സമീപം കലുങ്ക് നിർമ്മാണം | എസ്.സി.പി | 450000 |
| 20 | 101 | വാർഡ് 8 സൈലന്റ് വാലി ഫസ്റ്റ് ഡിവിഷൻ കുടിവെള്ള പൈപ്പ് ലൈൻ സ്ഥാപിക്കൽ | ധനകാര്യ കമ്മീഷൻ-ടൈഡ് ഫണ്ട് | 400000 |
| 21 | 102 | വാർഡ് 16 - ദേവികുളം പഞ്ചായത്ത് ഓഫീസ് - കുറ്റിയാർ വാലി റോഡ് പുനരുദ്ധാരണം | എസ്.സി.പി+റോഡ് | 2579000 |
| 22 | 103 | വാർഡ് 9 ഉഡാർവിള വിജയൻ വീട് മുതൽ കുട്ടിയമ്മ വീട് വരെ റോഡ് നിർമ്മാണം | എസ്.സി.പി | 400000 |
| 23 | 104 | വാർഡ് 9 സൈലന്റ് വാലി 3 ഡിവിഷൻ പെരട്ടികളം മുതൽ ലൈൻസ് വരെ റോഡ് നിർമ്മാണം | എസ്.സി.പി | 400000 |
| 24 | 105 | വാർഡ് 3 - ചെണ്ടുവര ടോപ്പ് ഡിവിഷൻ മുതൽ ലോവർ ഡിവിഷൻ വരെ റോഡ് പുനരുദ്ധാരണം | റോഡ് | 2200000 |
| 25 | 106 | വാർഡ് 2 - പുതുക്കുടി റോഡ് പുനരുദ്ധാരണം | എസ്.സി.പി | 500000 |
| 26 | 108 | വാർഡ് 13 - ചൊക്കനാട് ഈസ്റ്റ് ഡിവിഷൻ റോഡിന് സംരക്ഷണ ഭിത്തി നിർമ്മാണം | റോഡ് | 500000 |
| 27 | 113 | വാർഡ് 9 ഉഡാർവിള ഫാക്ടറി ഡിവിഷൻ വാട്ടർ ടാങ്ക് നിർമ്മാണം | ധനകാര്യ കമ്മീഷൻ-ടൈഡ് ഫണ്ട് | 400000 |
| 28 | 115 | വാർഡ് 10 ദേവികുളം മിഡിൽ ഡിവിഷൻ മാരിയമ്മൻ കോവിൽ മുതൽ പ്രഭു വീട് വരെ റോഡ് നിർമ്മാണം | റോഡ് | 400000 |
| 29 | 116 | വാർഡ് 10 ഓ ഡി കെ മെത്തപ്പ് മുതൽ ഓ ഡി കെ ഡിവിഷൻ മെയിൻ റോഡ് നിർമ്മാണം | എസ്.സി.പി | 400000 |

| | | | | |
|---|---|---|---|---|
| 30 | 117 | വാർഡ് 11 ലാക്കാട് എസ്റ്റേറ്റ് പുതുക്കാട്ടു ഡിവിഷൻ നിന്നും ന്യൂ ലൈൻസ് വരെ ജി ഐ പൈപ്പ് ലൈൻ | ധനകാര്യ കമ്മീഷൻ-ടൈഡ് ഫണ്ട് | 400000 |
| 31 | 118 | വാർഡ് 11 ദേവികുളം ഫാക്ടറി ഡിവിഷൻ തങ്കരാജ് വീട് മുതൽ സതീഷ് കുമാർ വീട് വരെ റോഡ് നിർമ്മാണം | എസ്.സി.പി | 400000 |
| 32 | 122 | വാർഡ് 14 നെറ്റിക്കുടി ടോപ് ഡിവിഷൻ റോഡ് നിർമ്മാണം | എസ്.സി.പി | 800000 |
| 33 | 124 | വാർഡ് 14 നെറ്റിക്കുടി ടോപ് ഡിവിഷൻ ചിന്തമണി വീട് മുതൽ കവിത രവി വീട് വരെ ഡ്രൈനേജ് | ധനകാര്യ കമ്മീഷൻ-ടൈഡ് ഫണ്ട് | 400000 |
| 35 | 127 | വാർഡ് 15 ഗ്രഹംസലാൻഡ്ചെ ല്ലകനി വീട് മുതൽ ശിവകുമാർ വീട് വരെ ഡ്രൈനേജ് | ധനകാര്യ കമ്മീഷൻ-ടൈഡ് ഫണ്ട് | 400000 |
| 36 | 128 | വാർഡ് 16 കുട്ടിയാർവാലി റോഡിൽ നെറ്റിമെട്ട ഭാഗത്തു ഡ്രൈനേജ് | ധനകാര്യ കമ്മീഷൻ-ടൈഡ് ഫണ്ട് | 600000 |
| 37 | 129 | വാർഡ് 17 മാട്ടുപെട്ടി ഫാക്ടറി മുതൽ മാട്ടുപെട്ടി ടോപ്ഡിവിഷൻ തെന്മല റോഡ്റോ നിർമ്മാണം | എസ്.സി.പി | 800000 |
| 38 | 131 | വാർഡ് 18 ഫീൽഡ് നമ്പർ 43 മുതൽ മാരിയമ്മൻ കോവിൽ റോഡ് | എസ്.സി.പി | 1500000 |
| 39 | 132 | വാർഡ് 18 ഗുണ്ടുമല ടോപ്ഡി വിഷൻ ഭാഗത്തുള്ള ടാങ്കിൽ നിന്നും ജി ഐ പൈപ്പ് ലൈൻ | ധനകാര്യ കമ്മീഷൻ-ടൈഡ് ഫണ്ട് | 600000 |
| 40 | 133 | വാർഡ് 13 ചോക്കനാട് നോർത്ത് ഡിവിഷൻ ട്രാൻസ്ഫോർമർ മുതൽ ശാന്തി വീട് വരെ കോൺക്രീറ്റ് | എസ്.സി.പി | 400000 |
| 41 | 134 | വാർഡ് 13 ചോക്കനാട് നോർത്ത് കാർത്തി വീട് മുതൽ സരോജ വീട് വരെ റോഡും ഡ്രൈനജും | എസ്.സി.പി | 400000 |
| 42 | 135 | വാർഡ് 13 ചോക്കനാട് നോർത്ത് ഡിവിഷൻ വാട്ടർ ടാങ്കും പൈപ്പ് ലൈൻ | ധനകാര്യ കമ്മീഷൻ-ടൈഡ് ഫണ്ട് | 500000 |
| 43 | 136 | വാർഡ് 2 പുതുക്കുടി ഡിവിഷൻ ഡ്രൈനേജ് നിർമ്മാണം | ധനകാര്യ കമ്മീഷൻ-ടൈഡ് ഫണ്ട് | 500000 |
| 44 | 140 | വാർഡ് 18 തെന്മല ഹോസ്പിറ്റൽ റോഡ് കോൺക്രീറ്റ് | എസ്.സി.പി | 400000 |
| 45 | 141 | വാർഡ് 13 ചോക്കനാട് കുളമാകായ് ഡിവിഷൻ കാന്റീൻ മുതൽ മസ്റ്റർ റോഡ് കോൺക്രീറ്റ് | എസ്.സി.പി | 400000 |
| 46 | 142 | വാർഡ് 4 ചിട്ടുവര എൻ സി ഡിവിഷൻ റോഡ് റീ കോൺക്രീറ്റ് | എസ്.സി.പി | 350000 |
| 47 | 148 | 18 മൈൽ ചിറ്റിവര റോഡിനു ഡ്രൈനേജ് നിർമ്മാണം | ധനകാര്യ കമ്മീഷൻ-ടൈഡ് ഫണ്ട് | 784350 |
| 48 | 149 | പഞ്ചായത്ത് ഓഫീസ് എക്സ്റ്റൻഷൻ | ധനകാര്യ കമ്മീഷൻ-ബേസിക് ഗ്രാൻറ് | 2805200 |
| 49 | 222 | വാർഡ് 15 ഗ്രഹാംസ്ലാൻഡ് വെയ്റ്റിംഗ് ഷെഡ് മുതൽമെയിൻ റോഡ് റീ കോൺക്രീറ്റിംഗ് | എസ്.സി.പി | 400000 |
| 50 | 236 | വാർഡ്-16 കുട്ടിയാർവാലി 10 സെൻറ് ഭൂമിയിലെ പുതിയ ടാങ്കിൽ നിന്നുള്ള ജല വിതരണ പൈപ്പ് ലൈൻ നിർമ്മാണം | ധനകാര്യ കമ്മീഷൻ-ടൈഡ് ഫണ്ട് | 1000000 |
| 51 | 237 | ടേക്ക് എ ബ്രേക്ക് പദ്ധതി-മാട്ടുപ്പെട്ടി ഡാം സൈഡ്സ്ത്രീ സൗഹൃദം | ജനറൽ ഫണ്ട്+ധനകാര്യ കമ്മീഷൻ ബേസിക് ഗ്രാൻറ്+ എസ്.ബി.എം ഫണ്ട് | 1400000 |
| 52 | 238 | ടേക്ക് എ ബ്രേക്ക് പദ്ധതി-ഹൈഡൽ ബോട്ടിംഗ് സെൻററിന് സമീപംസ്ത്രീ സൗഹൃദം | ജനറൽ ഫണ്ട്+ധനകാര്യ കമ്മീഷൻ ബേസിക് ഗ്രാൻറ്+ എസ്.ബി.എം ഫണ്ട് | 1400000 |

| | | | | |
|---|---|---|---|---|
| 53 | 239 | ടേക്ക് എ ബ്രേക്ക് പദ്ധതി-കുണ്ടള ഡാമിന് സമീപം | ജനറൽ ഫണ്ട്+ധനകാര്യ കമ്മീഷൻ ബേസിക് ഗ്രാൻറ്+ എസ്.ബി.എം ഫണ്ട് | 1130000 |
| 54 | 243 | ടേക്ക് എ ബ്രേക്ക് പദ്ധതി-ഗ്രഹാംസ്ലാൻറ് | ജനറൽ ഫണ്ട്+ എസ്.ബി.എം ഫണ്ട് | 600000 |
| 55 | 244 | വാർഡ്-18 സോത്തുപ്പാറ ടോപ്പ് ഫാക്ടറി എഎൽപി സ്കൂൾ ടോയ് ലറ്റ് | ധനകാര്യ കമ്മീഷൻ-ടൈഡ് ഫണ്ട് | 495000 |
| 56 | 247 | അംഗൻവാടി സെന്റർ നമ്പർ 37 ആസ്ബസ്റ്റോസ് മേൽക്കൂര മാറ്റലും സിലിങ്ങും | ജനറൽ ഫണ്ട് | 100000 |
| 57 | 249 | ടേക്ക് എ ബ്രേക്ക് പദ്ധതി-എക്കോപോയിൻറിന് സമീപം | ജനറൽ ഫണ്ട്+ എസ്.ബി.എം ഫണ്ട് | 900000 |
| 58 | 265 | വാർഡ് 11 – ദേവികുളം ഫാക്ടറി ഡിവിഷൻ സി എസ് ഐ ചർച്ചിനു സമീപം കലുങ്കും റോഡ് നിർമ്മാണവും | എസ്.സി.പി | 800000 |
| 59 | 267 | വാർഡ് 10 മാനില ഡിവിഷൻ ഫീൽഡ് നമ്പർ 17 ചെക്ക് ഡാം നിർമ്മാണവും പൈപ്പ് ലൈൻ സ്ഥാപിക്കലും | ധനകാര്യ കമ്മീഷൻ-ടൈഡ് ഫണ്ട് | 400000 |
| 60 | 268 | വാർഡ്-4 ചിറ്റവര ഒസി ഡിവിഷൻ കാൻറീൻ മുതൽ അന്തോണി വീട് വരെ അഴക്ക ചാൽ നിർമ്മാണം | ധനകാര്യ കമ്മീഷൻ-ടൈഡ് ഫണ്ട് | 400000 |
| 61 | 270 | വാർഡ് 8 സൈലൻറ് വാലി മുനിയമ്മ വീട് മുതൽ ചുടലമണി വീട് വരെ അഴക്ക ചാൽ നിർമ്മാണം | ധനകാര്യ കമ്മീഷൻ-ടൈഡ് ഫണ്ട് | 300000 |
| 62 | 271 | വാർഡ് 17 തെൻമല ഉണ്ടുമല കാൻറീൻ മുതൽ ദാമോദരൻ വീട് വരെ അഴുക്ക് ചാൽ നിർമ്മാണം | ധനകാര്യ കമ്മീഷൻ-ടൈഡ് ഫണ്ട് | 400000 |

99

**4.99 Vegitable & Fruit Promotion Council Keralam**

വെജിറ്റബിൾ & ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ കേരളം – ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ 14.05.2024-ലെ VFPCK/CA1/GOK/Communication/2024/409-ാം നമ്പർ കത്ത് (SRG/960/24 –LSGD/DA1/165/2020 – LSGD)

വിഷയം:- വെജിറ്റബിൾ & ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ കേരളം- ൽ നിന്ന് HDPE ചട്ടികൾ, മൺചട്ടികൾ തുടങ്ങിയവ വാങ്ങുന്നതിന് അനുമതി സംബന്ധിച്ച്.

പതിനാലാം പഞ്ചവൽസര പദ്ധതി സബ്സിഡി ധനസാഹയ മാർഗ്ഗരേഖ പ്രകാരവും 10.06.2020-ലെ 1087/2020/തസ്വഭവ സർക്കാർ ഉത്തരവ് പ്രകാരവും വെജിറ്റബിൾ & ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ കേരളം (VFPCK)- ൽ നിന്നും വിത്ത്, നടീൽ വസ്തുക്കൾ, ഗ്രോ ബാഗ് തുടങ്ങിയവ വാങ്ങാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകിയിട്ടുണ്ട്. ഇതോടൊപ്പം Indian Institute of Horticulture Research Bangalore (IIHR), കേരള കാർഷിക സർവ്വകലാശാല എന്നിവയിൽ നിന്നും ടെക്നോളജി ട്രാൻസ്ഫർ മുഖേന പഴം, പച്ചക്കറിക്കാവശ്യമായ സൂക്ഷ്മ മൂലകങ്ങളും VFPCK ഉൽപ്പാദിപ്പിക്കുന്നുണ്ട്. ഇതു കൂടി പരിഗണിച്ച് മുകളിൽ പറഞ്ഞവയോടൊപ്പം HDPE ഗ്രോ ബാഗുകൾ, HDPE ചട്ടികൾ, മൺ ചട്ടികൾ, സൂക്ഷ്മ മൂലകങ്ങൾ, ജൈവ ഉല്പാദനോപാദികൾ എന്നിവ കൂടി VFPCK യിൽ നിന്നും ടെണ്ടർ കൂടാതെ വാങ്ങാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

100

**4.100 ദി കേരള സ്റ്റേറ്റ് കോഓപ്പറേറ്റീവ് മാർക്കറ്റിംഗ് ഫെഡറേഷൻ ലിമിറ്റഡ് (കേരള മാർക്കറ്റ് ഫെഡ്)**

കേരള മാർക്കറ്റ് ഫെഡ് ചെയർമാന്റെ 11.12.2024-ലെ കത്തും മാർക്കറ്റ് ഫെഡ് മാനേജിംഗ് ഡയറക്ടറുടെ 11.12.2024-ലെ KSCMF/FERT/2022-23 -ാം നമ്പർ കത്തും കോഓർഡിനേഷൻ കമ്മിറ്റിയുടെ 13.08.2024-ലെ (ഖണ്ഡിക 2.9 – 4.13-ാം നമ്പർ തീരുമാനവും (SRG/79/24)

വിഷയം:- കാർഷിക ഉല്പാദനോപാധികൾ മാർക്കറ്റ് ഫെഡിൽ നിന്നു നേരിട്ട് വാങ്ങാൻ അനുമതി സംബന്ധിച്ച്

തദ്ദേശഭരണ സ്ഥാപനങ്ങൾ കൃഷി ഭവൻ മുഖേന വിതരണം ചെയ്യുന്ന വിത്ത്, വിവിധ ഇനം വളങ്ങൾ, കാർഷിക ഉല്പാദനോപാധികൾ എന്നിവ ടെണ്ടർ/ക്വട്ടേഷൻ ഇല്ലാതെ മാർക്കറ്റ് ഫെഡിൽ നിന്നും വാങ്ങാൻ അനുമതി നൽകണമെന്ന് കേരള സ്റ്റേറ്റ് കോഓപ്പറേറ്റീവ് മാർക്കറ്റിംഗ് ഫെഡറേഷൻ ലിമിറ്റഡ് (മാർക്കറ്റ് ഫെഡ്) എം.ഡി ആവശ്യപ്പെട്ടിരുന്നു. ഇന്ത്യയിലെ പ്രമുഖ രാസവള ഉല്പാദക വിപണന സ്ഥാപനങ്ങളായ IFFCO, FACT, RCF, KRI BHCO, MFL, IPL തുടങ്ങിയ സ്ഥാപനങ്ങളുടെ കേരളത്തിലെ മാർക്കറ്റും അംഗീകൃത സംസ്ഥാനതല ഡിസ്ട്രിബ്യൂട്ടറും ആയി മാർക്കറ്റ് ഫെഡ് പ്രവർത്തിക്കുന്നുണ്ട്. വളങ്ങൾക്ക് FCO നിർദ്ദേശിക്കുന്ന ഗുണമേന്മ ഉറപ്പ് വരുത്തുന്നുണ്ട്. ഉല്പാദക സ്ഥാപനങ്ങൾ നിശ്ചയിക്കുന്ന വിലയ്ക്കാണ് വിൽക്കുന്നത്. എല്ലുപൊടി, വേപ്പിൻ പിണ്ണാക്ക്, കടല പിണ്ണാക്ക് തുടങ്ങിയവ അംഗീകൃത ഉല്പാദകരിൽ നിന്നാണ് വാങ്ങുന്നത്. വിത്തുകൾ ഭാരത സർക്കാരിന്റെ ഉടമസ്ഥതയിലുള്ള നാഷണൽ സീഡ് കോർപ്പറേഷനിൽ നിന്നും വാങ്ങി സ്ഥാപനം നിശ്ചയിക്കുന്ന വിലയ്ക്ക് നൽകുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ മാർക്കറ്റ് ഫെഡിൽ നിന്നും ടെണ്ടർ/ക്വട്ടേഷൻ കൂടാതെ മുകളിൽ പറഞ്ഞവ വാങ്ങാൻ തദ്ദേശഭരണസ്ഥാപനങ്ങൾക്ക് അനുമതി നൽകണമെന്ന ആവശ്യം കോഓർഡിനേഷൻ കമ്മിറ്റിയുടെ 06.06.2024-ലെ യോഗത്തിൽ പരിഗണിച്ചിരുന്നു. ഇതിന്മേൽ കൃഷി വകുപ്പ് ഡയറക്ടർ നൽകിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 13.08.2024-ൽ കൂടിയ കോഓർഡിനേഷൻ കമ്മിറ്റി ആവശ്യം നിരസിച്ചു. ഇത് പുനഃപരിശോധിച്ച് മാർക്കറ്റ് ഫെഡിൽ നിന്നും ടെണ്ടർ/ ക്വട്ടേഷൻ കൂടാതെ മുകളിൽ പറഞ്ഞവ വാങ്ങാൻ അനുമതി നൽകണമെന്നാവശ്യപ്പെട്ടിരിക്കുന്നു.

101

4.101 <u>കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ്</u>

കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ് മെമ്പർ സെക്രട്ടറിയുടെ കുറിപ്പ് (3 എണ്ണം) ലഭിച്ചത് 14.10.2024 ൽ (SRG/975/24, SRG/973/24, SRG/974/24 )

(i)വിഷയം:- തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ പ്രാദേശികതല ജൈവവൈവിധ്യ പരിപാലന കർമ്മ പദ്ധതി (LBSAP) തയ്യാറാക്കുന്നത് സംബന്ധിച്ച്.

ജൈവവൈവിധ്യ നിയമമനുസരിച്ച് ഗ്രാമപഞ്ചായത്തുകളിലും നഗരസഭകളിലും തയ്യാറാക്കിയിട്ടുള്ള ജനകീയ ജൈവവൈവിധ്യ രജിസ്റ്ററുകളെ (PBR) ആസ്പദമാക്കി പ്രാദേശിക തലത്തിൽ പ്രാദേശികതല ജൈവവൈവിധ്യ പരിപാലന കർമ്മ പദ്ധതി തയ്യാറാക്കാൻ ജൈവവൈവിധ്യ പരിപാലന സമിതികളെ (BMC) ചുമതലപ്പെടുത്തിയിട്ടുണ്ട്. ജൈവവൈവിധ്യ ബോർഡിന്റെ പ്ലാൻ പദ്ധതിയിൽ ഉൾപ്പെടുത്തി 2022-23-ൽ 21-ഉം 2023-24-ൽ 25 ഉം 2024-25-ൽ 28 ഉം (ആകെ 74) BMC കളെ Local Biodiversity Strategy and Action Plan (LBSAP) തയ്യാറാക്കുന്നതിന് തെരഞ്ഞെടുത്തിട്ടുണ്ട്. സംസ്ഥാന ജൈവവൈവിധ്യ ബോർഡിന്റെ മാർഗ്ഗ നിർദ്ദേശങ്ങൾ പ്രകാരം അവശേഷിക്കുന്ന ഗ്രാമപഞ്ചായത്തുകളിലും നഗരസഭകളിലും LBSAP തയ്യാറാക്കുന്നതിനും അതിനാവശ്യമായ വിഹിതം വികസന ഫണ്ടിൽ നിന്ന് ഉൾപ്പെടുത്തുന്നതിനും നിർദ്ദേശം നൽകണമെന്ന് ആവശ്യപ്പെട്ടിരിക്കുന്നു.

(ii)വിഷയം:- ജൈവവൈവിധ്യ പരിപാലന സമിതികൾക്ക് സിറ്റിംഗ് ഫീ നൽകുന്നത് സംബന്ധിച്ച് .

പ്രാദേശിക തലത്തിൽ ജൈവവൈവിധ്യ സംരക്ഷണം ഉറപ്പാക്കുന്നതിനും ജൈവവിഭവങ്ങളുടെ സുസ്ഥിര ഉപയോഗം പ്രോത്സാഹിപ്പിക്കുന്നതിനും എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളിലും ജൈവവൈവിധ്യ പരിപാലന സമിതികൾ (BMC) രൂപീകരിച്ചിട്ടുണ്ട്. ചെയർപേഴ്സൺ സെക്രട്ടറിയും (തദ്ദേശഭരണ സ്ഥാപനത്തിന്റെ അദ്ധ്യക്ഷനും, സെക്രട്ടറിയും) കൂടാതെ തദ്ദേശഭരണ സ്ഥാപനത്തിന്റെ ഭരണസമിതി നോമിനേറ്റ് ചെയ്യുന്ന ജൈവവൈവിധ്യ മേഖലയുമായി ബന്ധമുള്ള ആറ് അംഗങ്ങളുമാണ് ഓരോ BMC യിലുമുള്ളത്. ഒരു വർഷം കുറഞ്ഞത് 4 BMC യോഗങ്ങളെങ്കിലും കൂടണം. ചെയർപേഴ്സണും സെക്രട്ടറിയും ഒഴികെ ബാക്കിയുള്ളവർക്ക് സിറ്റിംഗ് ഫീ/റ്റി.എ ഇനത്തിൽ ആകെ 250 രൂപ വീതം ഓരോ BMC അംഗത്തിനും തനത് ഫണ്ടിൽ നിന്നും നൽകാൻ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകണമെന്നാവശ്യപ്പെട്ടിരിക്കുന്നു.

(iii)വിഷയം:- ടെക്നിക്കൽ സപ്പോർട്ട് ഗ്രൂപ്പിലുള്ള (TSG) വിദഗ്ധർക്ക് ഓണറേറിയം നൽകുന്നത് സംബന്ധിച്ച്

തദ്ദേശഭരണ സ്ഥാപനങ്ങളിലെ BMC അംഗങ്ങൾക്ക് സാങ്കേതിക സഹായം നൽകുന്നതിനായി എല്ലാ ജില്ലകളിലും 10 വീതം വിദഗ്ധരെ ഉൾപ്പെടുത്തി ടെക്നിക്കൽ സപ്പോർട്ട് ഗ്രൂപ്പ് (TSG) രൂപീകരിച്ചിട്ടുണ്ട്. TSG അംഗങ്ങളുടെ സേവനം ലഭിക്കുന്നതിനും ഓണറേറിയം നൽകുന്നതിനും ജൈവവൈവിധ്യ ബോർഡിന്റെ സ്റ്റിയറിംഗ് കമ്മിറ്റി യോഗം നിർദ്ദേശം നൽകിയിട്ടുണ്ട്. TSG അംഗങ്ങളിൽ നിന്ന് സാങ്കേതിക സഹായം സ്വീകരിക്കുന്ന തദ്ദേശഭരണ സ്ഥാപനങ്ങൾ ഇവർക്ക് ഓണറേറിയം നൽകണമെന്ന് ബോർഡ് തദ്ദേശഭരണ വകുപ്പിനോടാവശ്യപ്പെട്ടിരുന്നു. എന്നാൽ ജൈവവൈവിദ്ധ്യ പരിപാലനവുമായി ബന്ധപ്പെട്ട പരാതിയിൽ തദ്ദേശസ്വയംഭരണ സ്ഥാപനം തന്നെ എതിർ കക്ഷിയായി വരുന്ന സന്ദർഭങ്ങൾ ഉണ്ടാകാമെന്നും ഇത്തരം സാഹചര്യങ്ങളിൽ പ്രസ്തുത തദ്ദേശഭരണ സ്ഥാപനം തന്നെ ഓണറേറിയം നൽകുന്നത് ഉചിതമല്ലെന്നും തദ്ദേശസ്വയംഭരണ വകുപ്പ് ബോർഡിനെ അറിയിച്ചിട്ടുണ്ട്. എന്നാൽ ഇത്തരം അവസരങ്ങളിൽ അല്ലാതെ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് വേണ്ടി പഠന റിപ്പോർട്ട് തയ്യാറാക്കൽ, ജൈവ വൈവിധ്യ സംരക്ഷണ പദ്ധതി തയ്യാറാക്കൽ, പ്രാദേശിക ജൈവ വൈവിദ്ധ്യ പദ്ധതി (LBSAP) തയ്യാറാക്കൽ, ജൈവ വൈവിധ്യ രജിസ്റ്റർ അപ്ഡേഷൻ തുടങ്ങിയ പ്രവർത്തനങ്ങൾ TSG നടത്തുമ്പോൾ TSG അംഗങ്ങൾ ഇനി പറയുന്ന നിരക്കിൽ ഓണറേറിയം/സിറ്റിംഗ് ഫീസ് നൽകണമെന്നാവശ്യപ്പെട്ടിരിക്കുന്നു. TSG അംഗങ്ങളിൽ നിന്ന് സാങ്കേതിക സഹായം ലഭ്യമാകുന്ന സന്ദർഭങ്ങളിൽ ഓണറേറിയം/സിറ്റിംഗ് ഫീ ആയി 1000 രൂപ നൽകണം. ഫീൽഡ് സന്ദർശനമാണ് നടത്തുന്നതെങ്കിൽ 1000 രൂപ ഓണറേറിയമായി നൽകുന്നതിനു പുറമെ യഥാർത്ഥ യാത്രാ ചെലവ് നൽകുകയോ വാഹന സൗകര്യം നൽകുകയോ ചെയ്യണം.

102 4.102 **ടെക്നോളജി ആന്റ് ഗവർണൻസ് സപ്പോർട്ട് ഫോറം**

ടെക്നോളജി ആന്റ് ഗവർണൻസ് സപ്പോർട്ട് ഫോറം മാനേജിംഗ് ഡയറക്ടറുടെ 22.08.2024-ലെ കത്ത് (SRG/ 837/24)

വിഷയം:- മാലിന്യ സംസ്കരണരംഗത്ത് പ്രവർത്തിക്കുന്ന ടെക്നോളജി ആന്റ് ഗവർണൻസ് സപ്പോർട്ട് ഫോറം എന്ന സ്ഥാപനത്തിന് അക്രഡിറ്റേഷൻ നൽകുന്നത് സംബന്ധിച്ച്

ടെക്നോളജി ആന്റ് ഗവർണൻസ് സപ്പോർട്ട് ഫോറം (TAGS) സെക്ഷൻ 8 നോൺ പ്രോഫിറ്റ് സ്റ്റാർട്ടപ്പ് കമ്പനിയാണ്. കേരളത്തിൽ തദ്ദേശഭരണ സ്ഥാപനങ്ങളിലെ ഖര-ദ്രവ മാലിന്യ സംസ്കരണ പ്രവർത്തനങ്ങളിൽ പഠനം, ശേഷി വികസനം, പരിഹാരങ്ങൾ എന്നീ മേഖലയിലാണ് ഈ സ്ഥാപനം പ്രവർത്തിക്കുന്നത്. ഈ കമ്പനി 2022 മുതൽ പ്രവർത്തിച്ചു വരുന്നു. മാലിന്യ സംസ്കരണ മേഖലയിൽ ടെണ്ടർ കൂടാതെ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് TAGS എന്ന സ്ഥാപനത്തിന്റെ സേവനം ഉപയോഗിക്കാൻ സാധിക്കുംവിധം ഈ കമ്പനിക്ക് അക്രഡിറ്റേഷൻ നൽകണമെന്നാവശ്യപ്പെട്ടിരിക്കുന്നു.

103 **4.103 പിറവന്തൂർ ഗ്രാമപഞ്ചായത്ത്**

പിറവന്തൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 28.09.2024-ലെ SC1/3698/2024-ാം നമ്പർ കത്ത് (2 എണ്ണം) (SRG/ 923/24)

വിഷയം:- ഹാപ്പിനസ് പാർക്ക് നിർമ്മിക്കാൻ അധിക ധനസഹായം നൽകണമെന്നതു സംബന്ധിച്ച്

പിറവന്തൂർ ഗ്രാമപഞ്ചായത്തിൽ കടയ്ക്കാമൺ പട്ടികജാതി നഗറായ അംബേദ്കർ ഗ്രാമത്തിൽ ഹാപ്പിനസ് പാർക്ക് നിർമ്മിക്കാൻ 50 സെൻറ് സ്ഥലം നീക്കി വച്ചിട്ടുണ്ട് ഹാപ്പിനസ് പാർക്കിന് ആവശ്യമായ വിഹിതം കണ്ടെത്താൻ ഗ്രാമപഞ്ചായത്തിന് ബുദ്ധിമുട്ടായതിനാൽ സർക്കാരിൽ നിന്ന് 50 ലക്ഷം രൂപ അനുവദിച്ചു നൽകണമെന്നാവശ്യപ്പെട്ടിരിക്കുന്നു.

104 **4.104 വയലാർ ഗ്രാമപഞ്ചായത്ത്**

ആലപ്പുഴ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 31.01.2025-ലെ കത്തും വയലാർ ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 16.01.2025-ലെ 5(4) -ാം നമ്പർ തീരുമാനം (SRG/ 129/2424 – CC/42/2025)

വിഷയം:- വയലാർ ഗ്രാമപഞ്ചായത്തിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ITI യുടെ വാടക നൽകുന്നത് സംബന്ധിച്ച്

വയലാർ ഗ്രാമപഞ്ചായത്തിൽ 9-ാം വാർഡിൽ ITI 2011 മുതൽ പ്രവർത്തിക്കുന്നുണ്ട്. കളവംകോട്ടം സർവ്വീസ് സഹകരണ ബാങ്കിന്റെ കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ഈ ITI യുടെ വാടക 2011 മുതൽ (2020-21 വർഷമൊഴികെ) 2021-22 വരെ ഗ്രാമപഞ്ചായത്താണ് നൽകിയത്.

കോഓർഡിനേഷൻ കമ്മിറ്റിയുടെ 26.07.2022, 19.12.2022, 03.07.2023 എന്നീ തീയതികളിലെ യോഗങ്ങളിൽ അനുമതി നിരസിച്ചതിനാൽ 2020-21 വർഷത്തേയും 2022-23 വർഷം മുതലുള്ള കാലഘട്ടത്തിലും ഗ്രാമപഞ്ചായത്തിൽ നിന്നും വാടക നൽകിയിട്ടില്ല. ഇപ്പോഴും ITI ഇവിടെ പ്രവർത്തിക്കുന്നു. 2022-23 മുതൽ വാടക കരാർ പുതുക്കിയിട്ടില്ല. 2011-22 വരെ നൽകിയ പ്രതിമാസ വാടക 35,361 രൂപയാണ്. 15.10.2023 വരെയുള്ള 40 മാസത്തെ കുടിശ്ശിക തുക 14,25,240 രൂപയാണ്. പലിശയടക്കം 17,20,414 രൂപ നൽകണമെന്ന് ബാങ്ക് ആവശ്യപ്പെട്ടിട്ടുണ്ട്. 2016-17-ൽ 4,13,267 രൂപ മുടക്കി 50 സെന്റ് സ്ഥലം ITI യ്ക്കായി ഗ്രാമപഞ്ചായത്ത് വാങ്ങി നൽകി. സ്ഥലത്തിന്റെ വിലയും വാടകയുമടക്കം ആകെ 85.00 ലക്ഷം രൂപ ഗ്രാമപഞ്ചായത്ത് ഇതിനകം ചെലവഴിച്ചിട്ടുണ്ട്. ഇപ്പോൾ വാടക നൽകാത്തതിനാൽ സഹകരണ ബാങ്ക് ഗ്രാമപഞ്ചായത്തിനെതിരെ ബഹു. ചേർത്തല സബ് കോടതിയിൽ കേസ് നൽകിയിട്ടുണ്ട്. നിയമോപദേശം തേടിയപ്പോൾ ഗ്രാമപഞ്ചായത്ത് വാടക നൽകാൻ ബാധ്യസ്ഥമാണെന്ന് ഉപദേശം ലഭിച്ചിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ട്. അതിനാൽ 2023-24 വരെയുള്ള വാടക ഗ്രാമപഞ്ചായത്തിൽ നിന്നു നൽകാനും അതിനുശേഷം വ്യാവസായിക പരിശീലന വകുപ്പ് ബാങ്കുമായി എഗ്രിമെന്റ് വച്ച് വ്യാവസായിക പരിശീലന വകുപ്പ് തന്നെ വാടക നൽകണമെന്ന് നിർദ്ദേശം നൽകണമെന്നും ആവശ്യപ്പെട്ടിരിക്കുന്നു.

105

**4.105 താനാളൂർ ഗ്രാമപഞ്ചായത്ത്**

മലപ്പുറം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 29.07.2024-ലെ കത്ത് (SRG/ 804/24 – CC/429/2025)

വിഷയം:- ഗുണഭോക്താവിന് നൽകിയ തുക സർക്കാർ സോഴ്സ് ഹെഡ്ഡിലേയ്ക്ക് പോയതിനാൽ ഗുണഭോക്താവിന് തുക വീണ്ടും നൽകാൻ അനുമതി സംബന്ധിച്ച്

താനാളൂർ ഗ്രാമപഞ്ചായത്ത് അഗതി രഹിത കേരളം പദ്ധതിയുടെ ഭാഗമായി വീട് നിർമ്മാണത്തിന്റെ അവസാന ഗഡു തുകയായ 50,000 രൂപ ശ്രീമതി. സുബൈദ.പി. എന്ന വ്യക്തിക്ക് നൽകിയെങ്കിലും അക്കൗണ്ടിൽ ലഭിച്ചില്ല. ഇത് സർക്കാരിന്റെ സോഴ്സ് ഹെഡ്ഡിലേക്ക് വരവു വച്ചു. ഗുണഭോക്താവിന്റെ ബാങ്കിലെ IFSC മാറിയതിനാലാണ് തുക സർക്കാരിലേയ്ക്ക് പോയത്. ഈ തുക ഗ്രാമപഞ്ചായത്തിൽ നിന്ന് ഗുണഭോക്താവിന് നൽകാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

106

**4.106 കൂട്ടിക്കൽ ഗ്രാമപഞ്ചായത്ത്**

കോട്ടയം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 05.12.2024-ലെ കത്തും കൂട്ടിക്കൽ ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 15.06.2024-ലെ 1-ാം നമ്പർ തീരുമാനവും (SRG/ 1217/24 – CC/580/2025)

വിഷയം:- ഗുണഭോക്താവിന് നൽകിയ തുക സർക്കാർ സോഴ്സ് ഹെഡ്ഡിലേയ്ക്ക് പോയതിനാൽ ഗുണഭോക്താവിന് തുക വീണ്ടും നൽകാൻ അനുമതി സംബന്ധിച്ച്.

കൂട്ടിക്കൽ ഗ്രാമപഞ്ചായത്തിലെ ലൈഫ് ഗുണഭോക്താവായ ശ്രീമതി. സൈനബാ ഖാൻ, മങ്കര, ചോറ്റി എന്ന വ്യക്തിക്ക് ജില്ലാ പഞ്ചായത്ത് വിഹിതമായി നൽകിയ 40,000 രൂപ ബാങ്ക് അക്കൗണ്ടിലെ തകരാറു മൂലം വ്യക്തിയുടെ അക്കൗണ്ടിൽ ലഭിച്ചില്ല. സർക്കാരിന്റെ സോഴ്സ് അക്കൗണ്ടിലേയ്ക്ക് തുക വരവു വച്ചു. ഈ തുക വീണ്ടും നൽകുന്നതിന് അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

107

**4.107 കടപ്പുറം ഗ്രാമപഞ്ചായത്ത്**

തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 28.12.2024 -ലെ LSGD/PD/43429/2024/GEB4 നമ്പർ കത്തും കടപ്പുറം ഗ്രാമപഞ്ചായത്ത് ഭരണ സമിതിയുടെ 08.11.2024-ലെ 7-ാം നമ്പർ തീരുമാനവും (SRG/131/25 - DA2/4/2025/LDGD)

വിഷയം:- കടപ്പുറം ഫെസ്റ്റ് എന്ന പ്രോജക്ട് നടപ്പാക്കാൻ അനുമതി സംബന്ധിച്ച്

| | | |
|---|---|---|
| *പ്രോ.നം:* 97/25 | *അടങ്കൽ* | *3.00 ലക്ഷം രൂപ* |
| | | *തനത് ഫണ്ട്* |
| *പേര്* | *കടപ്പുറം ഫെസ്റ്റ് 24* | |

കടപ്പുറം ഗ്രാമപഞ്ചായത്ത് ജനങ്ങളുടെ പരമ്പരാഗത മൂല്യങ്ങളെ പരിപോഷിപ്പിക്കുന്നതിനും കലാ സാംസ്കാരിക പ്രവർത്തനങ്ങൾക്കും മറ്റുമായി ഈ വർഷം കടപ്പുറം ഫെസ്റ്റ് എന്ന പരിപാടി നടപ്പാക്കുന്നു. പ്രതിഭകളെ ആദരിക്കൽ, കുടുംബശ്രീ വിപണനമേള, കുട്ടികൾക്കുള്ള വിനോദ പരിപാടി, ശുചിത്വ ബോധവൽക്കരണം, കർഷകരുടെയും മത്സ്യ തൊഴിലാളികളുടെയും കൂട്ടായ്മ എന്നിവയാണ് ഈ പ്രോജക്ടിന്റെ പ്രധാന പ്രവർത്തനങ്ങൾ. കഴിഞ്ഞ വർഷം ഈ പ്രോജക്ട് നടപ്പാക്കിയതിന് ഓഡിറ്റ് കുറിപ്പുണ്ട്. ഈ പ്രോജക്ട് 2024-25-ൽ നടത്താൻ പ്രത്യേക അനുമതി ആവശ്യപ്പെട്ടിരിക്കുന്നു. കഴിഞ്ഞ വർഷം ഈ പ്രോജക്ട് നടപ്പാക്കിയപ്പോൾ 57,250 രൂപ വാടകയിനത്തിൽ ഗ്രാമപഞ്ചായത്തിന് ലഭിച്ചു.

108

**4.108 വെള്ളനാട് ഗ്രാമപഞ്ചായത്ത്**

തിരുവനന്തപുരം ജില്ലാപ്ലാനിംഗ് ഓഫീസറുടെ 02.11.2024, 03.10.2024 എന്നീ തീയതികളിലെ കത്തുകൾ (SRG/1062/24 - CC/578/24)

വിഷയം:- പാലിയേറ്റീവ് പരിചരണത്തിനായി വാഹനം വാങ്ങുന്നത് സംബന്ധിച്ച്

| | | |
|---|---|---|
| *പ്രോ.നം:* 189/25 | *അടങ്കൽ* | *13,00,000 രൂപ (തനത് ഫണ്ട്)* |
| *പേര്* | പാലിയേറ്റീവ് കെയർ പ്രവർത്തനങ്ങൾക്ക് വാഹനം വാങ്ങൽ | |

പാലിയേറ്റീവ് കെയർ പ്രവർത്തനത്തിന് വാഹനം വാങ്ങാനുള്ള പ്രോജക്ടിന് അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

109

**4.109 ചെങ്ങന്നൂർ ബ്ലോക്ക് പഞ്ചായത്ത്**

ആലപ്പുഴ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 11.12.2024-ലെ കത്തും ചെങ്ങന്നൂർ ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതിയുടെ 13.09.2024-ലെ 2(4) -ാം നമ്പർ തീരുമാനവും (SRG/4/25 - CC/706/24)

വിഷയം:- ബ്ലോക്ക് പഞ്ചായത്തിലെ വിവിധ ഗ്രാമപഞ്ചായത്തു പ്രദേശത്തെ ക്ഷേത്രങ്ങളിലെ പള്ളിവിളക്കുകൾക്ക് ഗ്രാന്റ് നൽകുന്നത് സംബന്ധിച്ച് .

| | | |
|---|---|---|
| *പ്രോ.നം:* 60/25 | *അടങ്കൽ* | *2,00,000 രൂപ (തനത് ഫണ്ട്)* |
| *പേര്* | പള്ളി വിളക്കുകൾക്ക് ഗ്രാന്റ് | |

ചെങ്ങന്നൂർ ബ്ലോക്ക് പഞ്ചായത്ത് പരിധിയിലെ ചെറിയനാട്, ബുധനൂർ, പാണ്ടനാട് ഗ്രാമപഞ്ചായത്തുകളിലെ ക്ഷേത്രങ്ങളിൽ അനുഷ്ഠാനങ്ങളുടെ ഭാഗമായി പള്ളിവിളക്ക് എഴുന്നള്ളിപ്പ് എല്ലാവർഷവും ഉണ്ട്. 13 കരകളിൽ നിന്നായി 13 പള്ളിവിളക്കുകൾ ഉണ്ട്. പള്ളി വിളക്കുകൾക്ക് വർഷംതോറും അറ്റകുറ്റപ്പണി നടത്തണം. പ്രളയത്തിനുശേഷം പള്ളിവിളക്കുകളുടെ



110

അറ്റകുറ്റപ്പണിക്ക് ധനസഹായം നൽകാൻ കോഓർഡിനേഷൻ കമ്മിറ്റി അനുമതി നൽകിയിരുന്നു. ഒരു പള്ളി വിളക്കിന് പതിനായിരം രൂപ വീതം നൽകാനുള്ള പ്രോജക്റ്റിന് അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

**4.110 എറണാകുളം ജില്ലാ പഞ്ചായത്ത്**

എറണാകുളം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 13.12.2024-ലെ കത്തുകൾ - 2 എണ്ണം (SRG/6/25 - CC/756/24)

വിഷയം:- ഖാദി ഉല്പന്നങ്ങൾ വിപണനം നടത്തുന്നതിന് വാഹനം വാങ്ങാൻ അനുമതി സംബന്ധിച്ച്

| | | |
|---|---|---|
| *പ്രോ.നം:* 6/25 | *അടങ്കൽ* | *30,00,000 രൂപ (വികസനഫണ്ട് - ജനറൽ)* |
| *പേര്* | കിഴക്കമ്പലം ഖാദി യൂണിറ്റ് - സഞ്ചരിക്കുന്ന വില്പനശാല | |

എറണാകുളം ജില്ലയിലെ ഖാദി ഉല്പന്നങ്ങൾ വിറ്റഴിക്കുന്നതിന്റെ ഭാഗമായി കിഴക്കമ്പലം ഖാദി യൂണിറ്റിന് 'സഞ്ചരിക്കുന്ന വില്പനശാല' ക്കായി സെയിൽസ് വാൻ വാങ്ങുന്നതിന് പ്രോജക്റ്റ് തയ്യാറാക്കിയിട്ടുണ്ട്. ഇതിന് അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

111 **4.111 മൂന്നിലവ് ഗ്രാമപഞ്ചായത്ത്**

കോട്ടയം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 06.12.2024-ലെ കത്ത് (SRG/1221/24 - CC/680/24)

വിഷയം:- ഗ്രാമപഞ്ചായത്ത് അസി.എഞ്ചിനീയറുടെ ഓഫീസിൽ നിയമിച്ച ക്ലാർക്കിന് വേതനം നൽകുന്നത് സംബന്ധിച്ച്

| | | |
|---|---|---|
| *പ്രോ.നം:* 214/25 | *അടങ്കൽ* | *1,00,000 രൂപ (വികസനഫണ്ട് - ജനറൽ* |
| *പേര്* | അസി.എഞ്ചിനീയർ ഓഫീസിലെ താൽക്കാലിക ക്ലാർക്കിന് വേതനം നൽകുന്നതു സംബന്ധിച്ച് | |

മൂന്നിലവ് ഗ്രാമപഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയർ ഓഫീസിൽ താൽക്കാലിക അടിസ്ഥാനത്തിൽ ഒരു ക്ലാർക്കിനെ നിയമിച്ചിട്ടുണ്ട്. തനതു ഫണ്ടില്ലാത്തതിനാൽ ക്ലാർക്കിനുള്ള വേതനം വികസനഫണ്ടിൽ നിന്നു നൽകാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

112 **4.112 അട്ടപ്പാടി ബ്ലോക്ക് പഞ്ചായത്ത്**

പാലക്കാട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 17.12.2024-ലെ കത്തും അട്ടപ്പാടി ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതിയുടെ 06.08.2024-ല 48/24 (1)-ാം നമ്പർ തീരുമാനവും അനുബന്ധരേഖകളും (SRG/11/2025 - CC/737/24)

വിഷയം:- അഗളി IHRD കോളേജിന് കെട്ടിടം നിർമ്മിക്കാൻ ഭൂമി വാങ്ങുന്നതു സംബന്ധിച്ച്

അഗളി IHRD കോളേജിന് സ്വന്തമായി സ്ഥലം ഇല്ലാത്തതിനാൽ ജലസേചന വകുപ്പിന്റെ കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. IHRD കോളേജിന് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിന് അഗളി ഗ്രാമപഞ്ചായത്തിൽ 3.80 ഏക്കർ സ്ഥലം കണ്ടെത്തിയിട്ടുണ്ട്. സ്ഥലത്തിന്റെ ആകെ വില 1.90 കോടി രൂപ. സ്ഥലം വാങ്ങുന്നതിന് അട്ടപ്പാടി ബ്ലോക്ക് പഞ്ചായത്തും ബ്ലോക്ക് പഞ്ചായത്ത് പരിധിയിലെ പുതൂർ, ഷോളയൂർ, അഗളി എന്നീ ഗ്രാമപഞ്ചായത്തുകളും 50 ലക്ഷം രൂപ വീതം ചെലവഴിക്കാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു. ഇതിനായി അട്ടപ്പാടി ബ്ലോക്ക് പഞ്ചായത്ത്, പുതൂർ, ഷോളയൂർ, അഗളി എന്നീ ഗ്രാമപഞ്ചായത്തുകൾ ഭരണസമിതി തീരുമാനമെടുത്തിട്ടുണ്ട്. കോളേജ് വികസന സമിതിയുടെ ആവശ്യപ്രകാരമാണ് ഈ തദ്ദേശഭരണ സ്ഥാപനങ്ങൾ തീരുമാനമെടുത്തത്.

113

**4.113 അമ്പലവയൽ ഗ്രാമപഞ്ചായത്ത്**

വയനാട് ജില്ലാപ്ലാനിംഗ് ഓഫീസറുടെ 18.12.2024-ലെ കത്ത് (SRG/14/2025 - CC/750/25)

വിഷയം:- സർക്കാർ പ്രൈമറി സ്കൂളുകളിൽ സ്മാർട്ട് ക്ലാസ്സ് റൂം സജ്ജീകരിക്കുന്നതിന്റെ ഭാഗമായി ഇന്ററാക്ടീവ് പാനൽ വാങ്ങുന്നത് സംബന്ധിച്ച്

| | | |
|---|---|---|
| *പ്രോ.നം: 515/25* | *അടങ്കൽ* | *16,72,896 രൂപ* |
| | | *(മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ്)* |
| *പേര്* | *സർക്കാർ പ്രൈമറി സ്കൂളുകളിൽ സ്മാർട്ട് ക്ലാസ്സ് റൂം ഉപകരണങ്ങൾ വാങ്ങി സ്ഥാപിക്കൽ* | |

അമ്പലവയൽ ഗ്രാമപഞ്ചായത്തിലെ 7 സർക്കാർ പ്രൈമറി സ്കൂളുകളിൽ 17 സ്മാർട്ട് ക്ലാസ്സ് മുറികൾ സജ്ജീകരിക്കുന്നതിനാണ് പ്രോജക്ട്. 2023-ൽ എടുത്ത പ്രോജക്ട് ഈ വർഷം സ്പിൽ ഓവറായി തുടരുന്നുണ്ട്. ഇതിനായി ഇ-ടെണ്ടറിംഗിലൂടെ ഏജൻസിയെ കണ്ടെത്താൻ നടപടി സ്വീകരിച്ചെങ്കിലും പൊതു വിദ്യാഭ്യാസ വകുപ്പിന്റെ 30.01.2023-ലെ 818/2023/പൊ.വി.വ നമ്പർ ഉത്തരവിലെ മാനദണ്ഡങ്ങൾ അനുസരിച്ച് സ്മാർട്ട് ക്ലാസ്സ് റൂം ഉപകരണങ്ങൾ ലഭ്യമായില്ല. കെൽട്രോണിൽ നിന്ന് ഇത് വാങ്ങാൻ ശ്രമിച്ചുവെങ്കിലും സർക്കാരിന്റെ പ്രത്യേക അനുമതി ആവശ്യമുണ്ടെന്ന് കെൽട്രോൺ അറിയിച്ചു. ഈ സാഹചര്യത്തിൽ കെൽട്രോൺ മുഖേന ഈ ഉപകരണം വാങ്ങാൻ പ്രത്യേക അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

114

**4.114 മങ്കട ബ്ലോക്ക് പഞ്ചായത്ത്**

മലപ്പുറം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 15.01.2025-ലെ കത്തും അനുബന്ധരേഖകളും (SRG/95/2025 - CC/807/24)

വിഷയം:- പട്ടികജാതി നഗറുകളിൽ മിനിമാസ്റ്റ് സ്ഥാപിക്കാൻ അനുമതി സംബന്ധിച്ച്

| | | |
|---|---|---|
| *പ്രോ.നം: 149/25* | *അടങ്കൽ* | *8,00,000 രൂപ* |
| | | *(എസ്.സി.പി)* |
| *പേര്* | *ചട്ടിയിൽ പറമ്പ് അമ്പല പറമ്പ് മഞ്ഞളാംകുഴി തടിയിൽ കോളനിക്ക് മുകളിൽ മിനിമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ* | |

മങ്കട ബ്ലോക്ക് പഞ്ചായത്ത് പരിധിയിലെ പുഴക്കാട്ടിരി ഗ്രാമപഞ്ചായത്തിലെ തടിയൻ കോട്ടിൽ പട്ടികജാതി നഗർ, മഞ്ഞളാംകുഴി പട്ടികജാതി നഗർ, നേമത്തുകുഴി പട്ടികജാതി നഗർ, കൂട്ടിലങ്ങാടി ഗ്രാമപഞ്ചായത്തിലെ ചട്ടിയിൽ പറമ്പ് ആലുക്കൽ പട്ടികജാതി നഗർ, കുറുവ ഗ്രാമപഞ്ചായത്തിലെ അമ്പലപ്പറമ്പ് പട്ടികജാതി നഗർ എന്നീ പട്ടികജാതി നഗറുകളിൽ മിനിമാസ്റ്റ് സ്ഥാപിക്കാനാണ് പ്രോജക്ട്. ഈ മിനി മാസ്റ്റുകളുടെ ഭാവിയിലെ അറ്റകുറ്റപ്പണികൾ ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തുകൾ നടത്തുമെന്നറിയിച്ചിട്ടുണ്ട്. പ്രോജക്ടിന്റെ പേരിൽ എല്ലാ പട്ടികജാതി നഗറുകളുടെയും പേര് പരാമർശിച്ചിട്ടില്ലെങ്കിലും മുകളിൽ പറഞ്ഞ നഗറുകളിലാണ് മിനിമാസ്റ്റ് സ്ഥാപിക്കുന്നത്. 2024-25 വർഷം 4.00 ലക്ഷം രൂപയും 2025-26-ൽ 4 ലക്ഷം രൂപയുമാണ് വകയിരുത്തിയിരിക്കുന്നത്. ഈ പ്രോജക്ട് നടപ്പാക്കാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

115

4.115 **കേരള ഖാദി വ്യവസായ ബോർഡ്**

കേരള ഖാദി ഗ്രാമവ്യവസായ ബോർഡ് വൈസ് ചെയർമാന്റെ 20.12.2024-ലെ KB/4958/17/K5 നമ്പർ കത്ത് (SRG/160/2025)

വിഷയം:- ഖാദി സംഘങ്ങൾക്ക് അടിസ്ഥാന സൗകര്യ മൊരുക്കുന്നതിന് തദ്ദേശഭരണ സ്ഥാപനങ്ങളുടെ വിഹിതം വർദ്ധിപ്പിക്കണ മെന്നതു സംബന്ധിച്ച്

സർക്കാരിന്റെ 28.05.2022 -ലെ 115/2022/തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം കൈത്തറി ഖാദി അടക്കമുള്ള വിവിധ സഹകരണ സംഘങ്ങളുടെ ഉടമസ്ഥതയിലുള്ള ഭൂമിയിൽ നിർമ്മാണങ്ങൾക്ക് പ്രോജക്ട് പ്രകാരമുള്ള ചെലവിന്റെ 50% (15.00 ലക്ഷം രൂപ) ധനസഹായം നൽകാം. കോഓർഡിനേഷൻ കമ്മിറ്റിയുടെ 21.10.2022-ലെ യോഗ തീരുമാനപ്രകാരം ഇനി പറയുന്നവ കൂടി കൂട്ടിച്ചേർത്തിരുന്നു "ഖാദി ഗ്രാമവ്യവസായ കമ്മീഷന്റെയും കേരള ഖാദി വ്യവസായ ബോർഡിന്റേയും അംഗീകാരമുള്ള ഖാദി സ്ഥാപനങ്ങൾക്കും കേരള ഖാദി ഗ്രാമ വ്യവസായ ബോർഡിന് സ്വന്തമായി ഉള്ളതും മറ്റ് ഏജൻസികൾ വിട്ടു നല്കിയതുമായ സ്ഥലത്ത് നിലവിലുള്ള യൂണിറ്റുകൾക്ക് ഖാദി- ഗ്രാമ വ്യവസായ കെട്ടിട നിർമ്മാണത്തിനും അറ്റകുറ്റപ്പണികൾ നടത്തുന്നതിനും, ചർക്കകളും തറികളും മറ്റ് ഉപകരണങ്ങൾ വാങ്ങി നൽകുന്നതിനും 100 ശതമാനം സബ്സിഡി നൽകാവുന്നതാണ്". 100 ശതമാനം സബ്സിഡി നൽകുമ്പോൾ ഉയർന്ന പരിധി ബാധകമാണോ എന്നതു സംബന്ധിച്ച് തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് വ്യക്തത കുറവുണ്ട് എന്നു യോഗം വിലയിരുത്തിയിതിന്റെ അടിസ്ഥാനത്തിൽ കോഓർഡിനേഷൻ കമ്മിറ്റിയുടെ 17.07.2024-ലെ യോഗം താഴെപ്പറയും പ്രകാരം വ്യക്തത വരുത്തിയിരുന്നു.

"ഖാദി ഗ്രാമ വ്യവസായ കമ്മീഷന്റേയും കേരള ഖാദി വ്യവസായ ബോർഡിന്റേയും അംഗീകാരമുള്ള ഖാദി സ്ഥാപനങ്ങൾക്കും കേരള ഖാദി വ്യവസായ ബോർഡിന് സ്വന്തമായി ഉള്ളതും മറ്റ് ഏജൻസികൾ വിട്ടു നൽകിയതുമായ സ്ഥലത്ത് നിലവിലുള്ള യൂണിറ്റുകൾക്ക് ഖാദി-വ്യാവസായ കെട്ടിട നിർമ്മാണത്തിനും, അറ്റകുറ്റപ്പണികൾ നടത്തുന്നതിനും, ചർക്കകളും തറികളും മറ്റ് ഉപകരണങ്ങൾ വാങ്ങി നൽകുന്നതിനും ആകെ ചെലവിന്റെ 50 ശതമാനം നിരക്കിൽ പരമാവധി 30 ലക്ഷം രൂപ സബ്സിഡി നൽകാവുന്നതാണ്. ഖാദി യൂണിറ്റുകൾക്ക് മാത്രമാണ് ഈ നിരക്ക് ബാധകം" എന്നും നിർദ്ദേശിച്ചിരുന്നു. ഈ തീരുമാനം പുനഃപരിശോധിച്ച് 100 ശതമാനം സബ്സിഡിയും നൽകാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

116

## 4.116 മണ്ണഞ്ചേരി ഗ്രാമപഞ്ചായത്ത്

ആലപ്പുഴ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 18.12.2024-ലെ കത്തും മണ്ണഞ്ചേരി ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 09.12.2024-ലെ 1(2)-ാം നമ്പർ തീരുമാനവും (SRG/15/2023 - CC/800/24)

വിഷയം:- ബഡ്സ് സ്കൂൾ കെട്ടിടം നിർമ്മിക്കുന്നതിന് സ്ഥലത്തിന്റെ വിസ്തീർണ്ണത്തിൽ ഇളവ് നൽകുന്നത് സംബന്ധിച്ച്.

| | | |
|---|---|---|
| *പ്രോ.നം: 304/25* | *അടങ്കൽ* | *50,00,000 രൂപ* |
| | | *തനത് ഫണ്ട് -45,00,000 രൂപ* |
| | | *ബ്ലോക്ക് പഞ്ചായത്ത് വിഹിതം - 5,00,000 രൂപ* |
| *പേര്* | *ബഡ്സ് സ്കൂൾ കെട്ടിടം നിർമ്മാണം* | |

മണ്ണഞ്ചേരി ഗ്രാമപഞ്ചായത്ത് ബഡ്സ് സ്കൂളിന് കെട്ടിടം നിർമ്മിക്കുന്നതിന് ഈ വർഷം പ്രോജക്ട് എടുത്തിട്ടുണ്ട്. സർക്കാരിന്റെ 29.07.2009 ലെ 148/09/തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം ബഡ്സ് സ്കൂളിന് കെട്ടിടം നിർമ്മിക്കുന്നതിന് കുറഞ്ഞത് 15 സെന്റ് സ്ഥലം വേണം. എന്നാൽ ഗ്രാമപഞ്ചായത്തിന് വേറെ സ്ഥലം ലഭ്യമല്ല എന്നറിയിച്ചിരിക്കുന്നു. നിലവിൽ ഗ്രാമപഞ്ചായത്തിലെ ബഡ്സ് സ്കൂൾ വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. 45 കുട്ടികളാണ് ബഡ്സ് സ്കൂളിൽ ഉള്ളത്. സ്ഥലം കണ്ടെത്താൻ കഴിയാത്തതിനാൽ മണ്ണഞ്ചേരി ഗ്രാമപഞ്ചായത്ത് 20-ാം വാർഡിലെ സബ് സെന്ററിന് സമീപത്തുള്ള 6.5 സെന്റ് സ്ഥലത്ത് ബഡ്സ് സ്കൂൾ കെട്ടിടം നിർമ്മിക്കാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു. നിലവിലെ വാടക കെട്ടിടത്തിന് മതിയായ സൗകര്യം ഇല്ലാത്തതിനാൽ സ്കൂളിന് രജിസ്ട്രേഷൻ പുതുക്കി ലഭിച്ചിട്ടില്ല.

117

## 4.117 മണക്കാട് ഗ്രാമപഞ്ചായത്ത്

ഇടുക്കി ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 18.12.2024-ലെ കത്ത് (SRG/17/2025 - CC/740/24)

വിഷയം:- ദുർബല വിഭാഗത്തിൽപ്പെട്ട കുടുംബങ്ങൾക്ക് വാട്ടർടാങ്ക് നൽകുന്നതിന് അനുമതി സംബന്ധിച്ച്

| | | |
|---|---|---|
| *പ്രോ.നം: 91/25* | *അടങ്കൽ* | *6,60,000 രൂപ* |
| | | *CFC Tied Grant - 4,95,000 രൂപ* |
| | | *ഗുണഭോക്തൃ വിഹിതം - 1,65,000രൂപ* |
| *പേര്* | *ദുർബല ജനവിഭാഗങ്ങൾക്ക് പി.വി.സി വാട്ടർ ടാങ്ക് നൽകൽ* | |

പദ്ധതി ആസൂത്രണ സബ്സിഡി മാർഗ്ഗരേഖ പ്രകാരം പി.വി.സി. വാട്ടർ ടാങ്ക് നൽകാവുന്നത് പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് മാത്രമാണ്. മണക്കാട് ഗ്രാമപഞ്ചായത്തിലെ പട്ടികജാതി വിഭാഗത്തിലെ എല്ലാ കുടുംബത്തിലും ഇതിനകം വാട്ടർ ടാങ്ക് നൽകി. മറ്റ വിഭാഗത്തിൽപ്പെട്ട ദുർബല വിഭാഗക്കാർക്ക് കൂടി വാട്ടർ ടാങ്ക് നല്കാനും (500 ലിറ്റർ) യൂണിറ്റ് നിരക്കായ 4000 രൂപയുടെ 75 ശതമാനം നൽകാനും അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

118 **4.118 പന്തളം ബ്ലോക്ക് പഞ്ചായത്ത്**

പന്തളം ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ 19.12.2024-ലെ കത്തും ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതിയുടെ 18.10.2024-ലെ 7(3)-ാം നമ്പർ തീരുമാനവും കോഓർഡിനേഷൻ കമ്മിറ്റിയുടെ 21.10.2022-ലെ 4.46 -ാം നമ്പർ തീരുമാനവും അനുബന്ധരേഖകളും (SRG/19/2025 - CC/732/24)

വിഷയം:- സോളാർ സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കുന്നതിന് അനെർട്ടിൽ ഡെപ്പോസിറ്റ് ചെയ്ത് തിരികെ ലഭിച്ച തുക PMAY(G) ഭവന നിർമ്മാണത്തിന് ഉപയോഗിക്കുന്നത് സംബന്ധിച്ച്

പന്തളം ബ്ലോക്ക് പഞ്ചായത്ത് പട്ടികജാതി നഗറുകളിൽ സോളാർ സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കുന്നതിന് 08.04.2013-ൽ 18,40,058 രൂപ അനെർട്ടിൽ ഡെപ്പോസിറ്റ് ചെയ്തിരുന്നു. ആകെ 63 സ്ഥലങ്ങളിൽ സൗരോർജ്ജ വിളക്കുകൾ സ്ഥാപിക്കുന്നതിനായിരുന്നു ലക്ഷ്യം. ഈ പ്രവൃത്തിക്കായി 2013-14-ൽ ടെണ്ടർ ക്ഷണിച്ച് ഏറ്റവും കുറഞ്ഞ തുക ക്വാട്ട് ചെയ്ത M/Sസെഫ് ഗാർഡ് ലൈറ്റിനിംഗ് ഇന്ത്യ ലിമിറ്റഡ് എന്ന സ്ഥാപനത്തെ പ്രവൃത്തി ഏൽപ്പിച്ചെങ്കിലും ഈ സ്ഥാപനം സമയബന്ധിതമായി പ്രവൃത്തി പൂർത്തീകരിച്ചില്ല. തുടർന്ന് അനെർട്ട് റീ ടെണ്ടർ ചെയ്തുവെങ്കിലും പ്രവൃത്തി പൂർത്തീകരിക്കാൻ കഴിഞ്ഞില്ല. 2013-14 -ൽ നിലനിന്ന സബ്സിഡി ഇനി നൽകാൻ കഴിയുകയില്ലെന്ന് അനെർട്ട് അറിയിച്ചിട്ടുണ്ട്. തുടർന്ന് ഈ തുക തിരികെ നൽകാൻ പന്തളം ബ്ലോക്ക് പഞ്ചായത്ത് അനെർട്ടിനോടാവശ്യപ്പെട്ടു. 05.10.2024-ന് ഡെപ്പോസിറ്റ് ചെയ്ത 18,40,058 രൂപയും പലിശയായി ലഭിച്ച 6,96,179 രൂപയും ചേർത്ത് 25,36,237 രൂപ ബ്ലോക്ക് പഞ്ചായത്തിന് അനെർട്ട് തിരികെ നൽകി. ഈ തുക ബ്ലോക്ക് പഞ്ചായത്തിന്റെ PMAY(G) ഭവന പദ്ധതിക്ക് (പട്ടികജാതി വിഭാഗത്തിന്) ഉപയോഗിക്കാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

119 **4.119 ചങ്ങനാശ്ശേരി നഗരസഭ**

കോട്ടയം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 21.12.2024-ലെ കത്തും ചങ്ങനാശ്ശേരി മുനിസിപ്പൽ കൗൺസിലിന്റെ 23.10.2024-ലെ 19-ാം നമ്പർ തീരുമാനവും (SRG/21/2025 - CC/759/24)

വിഷയം:- ആശാവർക്കർമാർക്ക് യൂണിഫോം വാങ്ങി നൽകുന്നത് സംബന്ധിച്ച്.

| | | |
|---|---|---|
| *പ്രോ.നം: 127/25* | *അടങ്കൽ* | *50,000 രൂപ* |

| | | |
|---|---|---|
| | | *(CFC Basic Grant)* |
| *പേര്* | *ആശാവർക്കർമാർക്ക് യൂണിഫോം* | |

ആശാവർക്കർമാർക്ക് യൂണിഫോം വാങ്ങി നൽകുന്നതിനുള്ള പ്രോജക്ടിന് അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

120

**4.120 ചങ്ങനാശ്ശേരി നഗരസഭ**

കോട്ടയം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 21.12.2024-ലെ കത്ത് (SRG/22/2025 - CC/760/24)

വിഷയം:- അങ്കണവാടി കുട്ടികൾക്ക് യൂണിഫോം വാങ്ങി നൽകുന്നതിന് അനുമതി സംബന്ധിച്ച്

| | | |
|---|---|---|
| *പ്രോ.നം: 62/25* | *അടങ്കൽ* | *1,00,000 രൂപ (CFC Basic Grant)* |
| *പേര്* | അങ്കണവാടി കുട്ടികൾക്ക് യൂണിഫോം വാങ്ങി നൽകൽ | |

അങ്കണവാടി കുട്ടികൾക്ക് യൂണിഫോം വാങ്ങി നൽകുന്നതിനുള്ള പ്രോജക്ടിന് അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

121

**4.121 JOB CAFE**

Institute of Skill Development and Entrepreneurship Research and Training തൃക്കരിപ്പൂർ ഡയറക്ടറുടെ 09.07.2024-ലെ കത്ത്. (SRG/733/2025)

വിഷയം:- വനിതകൾക്ക് സംരംഭം തുടങ്ങുന്നതിന് ആവശ്യമായ പരിശീലനം നൽകുന്നതിന് Job Café ക്ക് അവസരം നൽകണമെന്നതു സംബന്ധിച്ച്

Institute of Skill Development and Entrepreneurship Research and Training (Job Cafe) ന് കുടുംബശ്രീ ജില്ലാ മിഷന്റെ അംഗീകാരമുള്ള ഒരു പരിശീലന സ്ഥാപനമാണ്. പരമ്പരാഗതവും നൂതനവുമായ പ്രാദേശിക സ്വയംതൊഴിൽ സംരംഭകത്വ സാധ്യതകൾ കണ്ടെത്തുകയും ആവശ്യമായ പരിശീലനവും സംരംഭകത്വ പിന്തുണയും Job Cafe എന്ന സ്ഥാപനം നൽകുന്നുണ്ട്. തദ്ദേശഭരണ സ്ഥാപനങ്ങളിൽ ഈ രീതിയിലുള്ള പരിശീലനം നൽകുന്നതിന് job caféയ്ക്ക് അനുമതി നൽകണമെന്നാവശ്യപ്പെട്ടിരിക്കുന്നു.

122

**4.122 ഏഴോം ഗ്രാമപഞ്ചായത്ത്**

കണ്ണൂർ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 14.01.2025-ലെ കത്തും ഏഴോം ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 10.12.2024 -ലെ 276/2024 (4) -ാം നമ്പർ തീരുമാനവും (SRG/83/2025 - CC/808/24)

വിഷയം:- നെൽക്കൃഷി വികസനത്തിന്റെ ഭാഗമായി തരിശുഭൂമിയിലെ കാട്ടുവെട്ടിത്തെളിക്കുന്നത് സംബന്ധിച്ച്

| | | |
|---|---|---|
| *പ്രോ.നം: 18/25* | *അടങ്കൽ* | *20,00,000 രൂപ* |
| | | *വികസനഫണ്ട് ജനറൽ1,00,000 രൂപ* |
| | | *ജില്ലാ പഞ്ചായത്ത് വിഹിതം 19,00,000 രൂപ* |
| *പേര്* | കൈപ്പാട് നെൽക്കൃഷി വികസന പദ്ധതി | |

ഏഴോം ഗ്രാമപഞ്ചായത്തിൽ അഞ്ച് പാടശേഖരങ്ങളിലായി 185 ഹെക്ടറോളം കൈപ്പാട് നിലങ്ങൾ ഉണ്ട്. 45 ഹെക്ടറോളം തരിശ് ഭൂമിയിൽ 20 ഹെക്ടർ സ്ഥലം കൃഷി യോഗ്യമാക്കാൻ ഉദ്ദേശിക്കുന്നു. ഈ പ്രദേശങ്ങളിൽ ചുള്ളിക്കാട് വളർന്നു നിൽക്കുന്നതിനാൽ കൃഷി യോഗ്യമല്ല. നെൽക്കൃഷി വികസനത്തിന്റെ ഭാഗമായി ചുള്ളിക്കാട് (മുള്ളുകാട്) വെട്ടിക്കളയുന്നതിന് വിഹിതം ഉപയോഗിക്കാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

123

## 4.123 എറണാകുളം ജില്ലാ പഞ്ചായത്ത്

എറണാകുളം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 30.12.2024-ലെ കത്തുകളും (2 എണ്ണം) എറണാകുളം ജില്ലാ പഞ്ചായത്ത് ഭരണസമിതിയുടെ 26.09.2024-ലെ 1(11)-ാം നമ്പർ തീരുമാനവും (SRG/46/2025 – CC/753/24)

വിഷയം:- ക്ഷീര കർഷകർക്ക് വൈക്കോൽ, തീറ്റപ്പുൽ, സൈലേജ് എന്നിവയ്ക്ക് സബ്സിഡി നൽകുന്നത് സംബന്ധിച്ച്

| | | |
|---|---|---|
| *പ്രോ.നം: 1105/25* | *അടങ്കൽ* | *20,00,000 രൂപ* |
| | | *വികസനഫണ്ട് ജനറൽ10,00,000 രൂപ* |
| | | *ഗുണഭോക്തൃ വിഹിതം 10,00,000 രൂപ* |
| *പേര്* | ക്ഷീര പോഷണി - സംഘങ്ങൾക്ക് വൈക്കോൽ തീറ്റപ്പുൽ സൈലേജ് സഹായം | |

ജില്ലയിലെ ക്ഷീര സംഘങ്ങൾ മുഖേന ക്ഷീര കർഷകർക്ക് വൈക്കോൽ, തീറ്റപ്പുല്ല്, സൈലേജ് എന്നിവ നൽകുന്നതിനാണ് പ്രോജക്ട്. ഈ പദ്ധതി പ്രകാരം ക്ഷീരസംഘങ്ങളിൽ പാലളക്കുന്ന കർഷകർക്ക് ഒരു കിലോഗ്രാം വൈക്കോലിന് 4.00 രൂപ നിരക്കിലും (പരമാവധി 5000 രൂപ) തീറ്റപ്പുൽ, സൈലേജ് എന്നിവ ഒരുകിലോ ഗ്രാമിന് 3.00 രൂപ നിരക്കിലും ധനസഹായം നൽകുന്നു. ഒരു ക്ഷീര സംഘത്തിന് പരമാവധി 1.00 ലക്ഷം രൂപ നൽകും. ഈ പ്രോജക്ട് നടപ്പാക്കാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

124

## 4.124 കടത്തനാട് കോക്കനട്ട് പ്രൊഡ്യൂസർ കമ്പനി

കോഴിക്കോട് ജില്ലാവ്യവസായ കേന്ദ്രം ജനറൽ മാനേജരുടെ 14.11.2024-ലെ DICKKD/3908/2019/P2 നമ്പർ കത്തും കോഓർഡിനേഷൻ കമ്മിറ്റി യോഗങ്ങളുടെ 06.06.2024-ലെ ഖണ്ഡിക 4.15, 05.02.2019-ലെ ഖണ്ഡിക 4.8 എന്നീ തീരുമാനങ്ങളും അനുബന്ധരേഖകളും (SRG/1108/24, SRG/ 898/24, LSGD/DB1/308/2024 – LSGD)

കടത്തനാട് കോക്കനട്ട് പ്രൊഡ്യൂസർ കമ്പനിയുടെ പരിധിയിൽ വരുന്ന കുന്നുമ്മൽ, തൂണേരി ബ്ലോക്ക് പഞ്ചായത്തുകളും അതിലുൾപ്പെടുന്ന പതിനാലു ഗ്രാമപഞ്ചായത്തുകളും കോഴിക്കോട് ജില്ലാ പഞ്ചായത്തുമായി ചേർന്ന് കാർഷിക മൂല്യവർദ്ധിത ഉല്പന്നങ്ങളുടെ സംഭരണവും വിപണനവും നടത്തുന്ന പദ്ധതി നടപ്പാക്കാൻ കടത്തനാട് കോക്കനട്ട് പ്രൊഡ്യൂസർ കമ്പനി ഒരു പ്രൊപ്പോസൽ നൽകിയിരുന്നു. ഇതിനായി ഗ്രാമപഞ്ചായത്തുകളും (14 എണ്ണം) ബ്ലോക്ക് പഞ്ചായത്തുകളും (2എണ്ണം) 5.00 ലക്ഷം രൂപ വീതവും ജില്ലാ പഞ്ചായത്ത് 15.00 ലക്ഷം രൂപയും റിവോൾവിംഗ് ഫണ്ടായി നൽകണമെന്ന് കടത്തനാട് കോക്കനട്ട് പ്രൊഡ്യൂസർ കമ്പനി ആവശ്യപ്പെടുകയും ഇത് കോഓർഡിനേഷൻ കമ്മറ്റിയുടെ 05.02.2019-ലെ യോഗം പരിഗണിക്കുകയും താഴെപ്പറയുന്ന രീതിയിൽ തീരുമാനമെടുക്കുകയും ചെയ്തിരുന്നു.

കോക്കനട്ട് പ്രൊഡ്യൂസർ കമ്പനിയുടെ സേവന പരിധിയിൽ വരുന്ന കുന്നുമ്മൽ, തൂണേരി ബ്ലോക്ക് പഞ്ചായത്തുകളും അതിനു കീഴിൽ വരുന്ന ഗ്രാമപഞ്ചായത്തുകളും ജില്ലാ പഞ്ചായത്തും യോഗം ചേർന്ന് തീരുമാനമെടുത്ത് ഇതിനായി അനുയോജ്യമായ സംയുക്ത പ്രോജക്ട് തയ്യാറാക്കുന്ന മുറയ്ക്ക് മുകളിൽ പറഞ്ഞ പ്രകാരം പദ്ധതി നടപ്പാക്കാൻ കോഓർഡിനേഷൻ കമ്മിറ്റി അനുമതി നല്കി.

ഇതനുസരിച്ച് വിവിധ തദ്ദേശഭരണസ്ഥാപനങ്ങൾ 47,70,455 രൂപ ഈ കമ്പനിക്ക് റിവോൾവിംഗ് ഫണ്ടായി നൽകി. ഇത് പ്രതിമാസ തവണകളായി തിരിച്ചടയ്ക്കണമെന്ന നിബന്ധന നിർവ്വഹണ ഉദ്യോഗസ്ഥനായ ജില്ലാവ്യവസായ കേന്ദ്രം മാനേജർ നിർദ്ദേശിച്ചിരുന്നു. എന്നാൽ ഇതുവരെ 5.00 ലക്ഷം രൂപ മാത്രമാണ് കമ്പനി തിരിച്ചടച്ചത്. ഇതിന്റെ തിരിച്ചടവ് കാലാവധി 4 വർഷത്തേയ്ക്ക് നീട്ടി നൽകണമെന്ന് കടത്തനാട് കോക്കനട്ട് പ്രൊഡ്യൂസർ കമ്പനി ആവശ്യപ്പെടുകയും ഇത് കോഓർഡിനേഷൻ കമ്മിറ്റിയുടെ 06.06.2024-ലെ യോഗം പരിഗണിക്കുകയും ചെയ്തിരുന്നു. കടത്തനാട് കോക്കനട്ട് പ്രൊഡ്യൂസർ കമ്പനിക്ക് റിവോൾവിംഗ് ഫണ്ട് നല്കിയപ്പോൾ നിശ്ചയിച്ചിരുന്ന നിബന്ധന എന്തായിരുന്നുവെന്ന് വ്യവസായ കേന്ദ്രം ജനറൽ മാനേജർ/മാനേജറുടെ റിപ്പോർട്ട് സഹിതം നൽകാൻ 06.06.2024-ലെ കോഓർഡിനേഷൻ കമ്മിറ്റി യോഗം നിർദ്ദേശിച്ചിരുന്നു. ഇതനുസരിച്ച് വിശദമായ റിപ്പോർട്ട് DIC മാനേജർ നൽകിയിട്ടുണ്ട്. റിവോൾവിംഗ് ഫണ്ട് ഗുണഭോക്താവിനുള്ള ധനസഹായമല്ലെന്നും താൽക്കാലിക പലിശരഹിത പ്രോത്സാഹനം (ധനസഹായം) മാത്രമാണ് എന്നതാണ് ഒരു പ്രധാന നിബന്ധന. കമ്പനിക്ക് നൽകുന്ന തുക 48 മാസം കൊണ്ട് പ്രതിമാസ തവണകളായി തിരികെ നൽകണം എന്നതടക്കം 10 നിബന്ധനകളോടെയാണ് റിവോൾവിംഗ് ഫണ്ട് നൽകിയത് എന്ന് DIC മാനേജർ അറിയിച്ചിട്ടുണ്ട്. ഈ കരാറിൽ കടത്തനാട് കോക്കനട്ട് പ്രൊഡ്യൂസർ കമ്പനി ഭാരവാഹികളും DIC മാനേജരും ഒപ്പിട്ടിട്ടുണ്ട്.

ഈ റിപ്പോർട്ടിന്റെ കൂടി അടിസ്ഥാനത്തിൽ ഫണ്ടിന്റെ തിരിച്ചടവ് കാലാവധി 4 വർഷത്തേയ്ക്ക് നീട്ടി നൽകണമെന്ന കമ്പനിയുടെ ആവശ്യത്തിന്മേൽ തീരുമാനമെടുക്കുന്നത് സംബന്ധിച്ച്.

125

## 4.125 പാമ്പാടി ബ്ലോക്ക് പഞ്ചായത്ത്

കോട്ടയം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 05.12.2024-ലെ കത്തും പാമ്പാടി ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതിയുടെ 20.07.2024-ലെ 3-ാം നമ്പർ തീരുമാനവും (SRG/1188/2024 – CC/532/24)

വിഷയം:- ക്ഷീര സംഘങ്ങളുടെ അതിരുകൾ ഡിജിറ്റലൈസു ചെയ്ത് മാപ്പ ചെയ്യുന്നത് സംബന്ധിച്ച്

| | | |
|---|---|---|
| *പ്രോ.നം: 105/25* | *അടങ്കൽ* | *1,50,000 രൂപ* |
| | | *വികസനഫണ്ട് ജനറൽ* |
| *പേര്* | ക്ഷീര സംഘങ്ങളുടെ അതിരുകൾ ഡിജിറ്റൽ മാപ്പ് ചെയ്ത് പൊതുരേഖയായി പ്രസിദ്ധീകരിക്കൽ | |

ക്ഷീര സംഘങ്ങൾ 1980 – 2000 കാലഘട്ടത്തിൽ രണ്ട് വാർഡുകൾ ചേർത്ത് രൂപീകരിച്ചതാണ്. വാർഡ് ഡിലിമിറ്റേഷൻ മൂലം അതിരുകൾ പല പ്രാവശ്യം മാറിയിട്ടുണ്ട്. അതിനാൽ ബൈലോ പലപ്പോഴും ഭേദഗതി ചെയ്യേണ്ടി വന്നിട്ടുണ്ട്. സഹകരണ നിയമം അനുസരിച്ച് ഒരു സംഘത്തിന്റെ പ്രവർത്തന പരിധി മറ്റൊരു സംഘത്തിന്റെ പ്രവർത്തന പരിധിയിലേയ്ക്ക് കടക്കരുതെന്നുണ്ട്. ഇതിന്റെയൊക്കെ പശ്ചാത്തലത്തിൽ തർക്ക രഹിതമായ അതിരുകൾ നിശ്ചയിക്കുന്നതിന്റെ ഭാഗമായി ബ്ലോക്ക് പഞ്ചായത്ത് പ്രദേശത്തെ 8 ഗ്രാമപഞ്ചായത്തുകളിലായുള്ള 28 ക്ഷീര സംഘങ്ങളുടെയും അതിരുകൾ GIS സർവ്വേ നടത്തി മാപ്പ തയ്യാറാക്കുന്നതിനാണ് ഈ വർഷം പ്രോജക്ട് തയ്യാറാക്കിയിട്ടുള്ളത്. ഫീൽഡ് സർവ്വേയും GIS മാപ്പിംഗിനുമായി 1.25 ലക്ഷം രൂപയും വെബ് GIS പബ്ലിക്കേഷന് 25,000 രൂപയും ചെലവ് പ്രതീക്ഷിക്കുന്നു. ഈ പ്രോജക്ട് നടപ്പാക്കാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

126

## 4.126 വെളിയം ഗ്രാമപഞ്ചായത്ത്

കൊല്ലം ജില്ലാപ്ലാനിംഗ് ഓഫീസറുടെ 25.10.2024-ലെ കത്തും വെളിയം ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 06.11.2023-ലെ 14(1) -ാം നമ്പർ തീരുമാനവും അനുബന്ധരേഖകളും (SRG/1039/24 – CC/968/23)

വിഷയം:- KSEB ക്ക് നൽകാനുള്ള തെരുവുവിളക്കുകളുടെ കുടിശ്ശിക നൽകുന്നത് സംബന്ധിച്ച്

| | | |
|---|---|---|
| *പ്രോ.നം: 183/2013* | *അടങ്കൽ* | *1,00,000 രൂപ* |

| | |
|---|---|
| പേര് | സ്ട്രീറ്റ് ലൈറ്റ് - ട്യൂബ് സെറ്റ് വാങ്ങൽ (ഫിറ്റിംഗ് ചാർജ്ജോടു കൂടി) |

വെളിയം ഗ്രാമപഞ്ചായത്ത് 2012-13 ൽ തെരുവുവിളക്കിനായി ട്യൂബ് ലൈറ്റ് വാങ്ങി സ്ഥാപിക്കുന്നതിന് പ്രോജക്ട് ഏറ്റെടുത്തിരുന്നു. ഇതിന് 67,150 രൂപ ചെലവഴിച്ചു. 2013 മാർച്ച് മാസം 200 ട്യൂബ് ലൈറ്റ് സ്ഥാപിക്കാൻ 40,000 രൂപ KSEB യിൽ അടച്ചു. KSEB 2014 ജൂലൈ മാസം മുതലുള്ള ബില്ലുകളിൽ മുകളിൽ പറഞ്ഞ 200 ട്യൂബുകളുടെ കറന്റ് ചാർജ്ജ് ഉൾപ്പെടുത്തിയിരുന്നില്ല. അതിനാൽ ഈ കറന്റ് ചാർജ്ജ് കൂടി ഉൾപ്പെടുത്തി 2014 ജൂലൈ മുതൽ 2022 ഒക്ടോബർ വരെയുള്ള തെരുവുവിളക്കിന്റെ വൈദ്യുതി കുടിശ്ശികയായി 13,28,448 രൂപ അടയ്ക്കാൻ KSEB ആവശ്യപ്പെട്ടിരുന്നു. എന്നാൽ മുകളിൽ പറഞ്ഞ ട്യൂബ് ലൈറ്റുകൾ നിലാവു പദ്ധതി പ്രകാരം അഴിച്ചു മാറ്റി LED ബൾബ് സ്ഥാപിച്ചു എന്നതിനാൽ ബിൽ പുനർ നിർണ്ണയിച്ച് 9,74,293 രൂപയാക്കി KSEB നൽകിയിട്ടുണ്ട്. ഈ തുക നൽകാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

127

### 4.127 കോഴിക്കോട് ബ്ലോക്ക് പഞ്ചായത്ത്

ബഹു. കുന്ദമംഗലം എം.എൽ.എയുടെ 26.12.2024-ലെ K-385/2024 -ലെ കത്തും കോഴിക്കോട് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന്റെ 24.12.2024-ലെ കത്തും കോഴിക്കോട് ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതിയുടെ 20.12.2024-ലെ 11.1 -ാം നമ്പർ തീരുമാനവും (SRG/59/25)

വിഷയം:- വയോമിത്രം പദ്ധതിയുടെ ഭാഗമായുള്ള വയോജന യൂണിറ്റുകളുടെ പ്രവർത്തനത്തിന് JPHN/മറ്റു സ്റ്റാഫുകൾ എന്നിവരെ നിയമിക്കുന്നത് സംബന്ധിച്ച്

കേരള സർക്കാരിന്റെ വയോമിത്രം പദ്ധതി കോഴിക്കോട് ബ്ലോക്ക് പഞ്ചായത്തിൽ 20 കേന്ദ്രങ്ങളിലായി നടപ്പാക്കുന്നുണ്ട്. ഇവിടെ കഴിഞ്ഞ രണ്ട് മാസത്തോളമായി JPHN സ്റ്റാഫ് നേഴ്സ് തസ്തിക ഒഴിഞ്ഞു കിടക്കുകയാണ്. ഈ തസ്തികയിലേയ്ക്ക് നേഴസുമാരെ നിയമിക്കുന്നതുവരെ ബ്ലോക്ക് പഞ്ചായത്തിൽ നിന്ന് നേഴ്സുമാരെ നിയമിക്കാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

128

### 4.128 മങ്കട ബ്ലോക്ക് പഞ്ചായത്ത്

മലപ്പുറം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 15.01.2025-ലെ കത്തും, മങ്കട ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ 20.02.2025-ലെ LSGD/BP/MKD/(MPM)/184/2025 – B നമ്പർ കത്തും അനുബന്ധരേഖകളും (SRG/181/25 – CC/810/25)

വിഷയം:- പുഴക്കാട്ടിരി ഗ്രാമപഞ്ചായത്തിലെ നാറാണത്ത് പട്ടികജാതി നഗറിൽ വിവിധ പദ്ധതികൾ നടപ്പാക്കുന്നത് സംബന്ധിച്ച്

| | | |
|---|---|---|
| പ്രോ.നം. 190/25 | അടങ്കൽ | 2,50,000 രൂപ എസ്.സി.പി |
| പേര് | പുഴക്കാട്ടിരി നാറാണത്ത് എസ്.സി. നഗർ സംരക്ഷണം | |

മങ്കട ബ്ലോക്ക് പഞ്ചായത്തിലെ പുഴക്കാട്ടിരി നാറാണത്ത് പട്ടികജാതി നഗറിൽ വീടിന് ചുറ്റുമതിൽ കെട്ടി നെൽവയലിൽ നിന്നും വെള്ളം കയറുന്നത് തടയുക, മുറ്റം കട്ട വിരിക്കുക എന്നീ പ്രവൃത്തികൾക്കാണ് പ്രോജക്ട് തയ്യാറാക്കിയിരിക്കുന്നത്. 6 കുടുംബങ്ങളാണ് ഈ നഗറിൽ താമസിക്കുന്നത്. ഗ്രാമപഞ്ചായത്തിന് ഫണ്ട് തികയാതെ വന്നതിനാലാണ് ബ്ലോക്ക് പഞ്ചായത്ത് തുക വകയിരുത്തുന്നതെന്നറിയിച്ചുകൊണ്ട് പ്രോജക്ട് നടപ്പാക്കാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

129

### 4.129 മങ്കട ബ്ലോക്ക് പഞ്ചായത്ത്

മലപ്പുറം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 15.01.2025-ലെ കത്തും മങ്കട ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ 20.02.2025-ലെ LSGD/BP/MKD/(MPM)/184/2025 - B യുടെ നമ്പർ കത്തും അനുബന്ധരേഖകളും (SRG/180/25 - CC/809/24)

വിഷയം:- പുഴക്കാട്ടിരി ഗ്രാമപഞ്ചായത്തിലെ ചകിടി പറമ്പ് പട്ടികജാതി നഗറിൽ വിവിധ പദ്ധതികൾ നടപ്പാക്കുന്നത് സംബന്ധിച്ച്

| | | |
|---|---|---|
| പ്രോ.നം. 189/25 | അടങ്കൽ | 2,50,000 രൂപ എസ്.സി.പി |
| പേര് | പുഴക്കാട്ടിരി ചകിടി പറമ്പ് എസ്.സി. നഗർ സമഗ്ര വികസനം | |

മങ്കട ബ്ലോക്ക് പഞ്ചായത്തിലെ പുഴക്കാട്ടിരി ചകിടി പറമ്പ് പട്ടികജാതി നഗറിൽ നടപ്പാതയുടെ സൈഡ് കെട്ടി കോൺക്രീറ്റ് ചെയ്യുക, കട്ട പതിപ്പിക്കുക, രണ്ട് വീടുകളുടെ സംരക്ഷണ പ്രവൃത്തികൾ തുടങ്ങിയ നിർമ്മാണ പ്രവൃത്തികൾക്കാണ് പ്രോജക്ട് തയ്യാറാക്കിയിരിക്കുന്നത്. 18 കുടുംബങ്ങളാണ് ഈ നഗറിൽ താമസിക്കുന്നത്. പുഴക്കാട്ടിരി ഗ്രാമപഞ്ചായത്തിനു ഫണ്ട് തികയാതെ വന്നതു കൊണ്ടാണ് ബ്ലോക്ക് പഞ്ചായത്ത് വിഹിതം വകയിരുത്തുന്നതെന്നറിയിച്ചുകൊണ്ട് പ്രോജക്ട് നടപ്പാക്കാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

130

**4.130 <u>അരീക്കോട് ബ്ലോക്ക് പഞ്ചായത്ത്</u>**

ബഹു. ഏറനാട് എം.എൽ.എ.യുടെ 07.10.2024-ലെ കത്തും സർക്കാരിന്റെ 13.01.2025-ലെ DA1/462/2024-ാം നമ്പർ കത്തും അരീക്കോട് ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതിയുടെ 24.09.2024-ലെ 3(1)-ാം നമ്പർ തീരുമാനവും. (SRG/99/25)

വിഷയം:- സീതി ഹാജി സ്മാരക മൈത്രെ ജലോത്സവത്തിന് ബ്ലോക്ക് പഞ്ചായത്തിൽ നിന്ന് വിഹിതം നൽകാൻ അനുമതി സംബന്ധിച്ച്

| | | |
|---|---|---|
| പ്രോ.നം. 258/25 | അടങ്കൽ | 1,00,000 രൂപ (തനത് ഫണ്ട്) |
| പേര് | സീതി ഹാജി സ്മാരക മൈത്രെ ജലോത്സവത്തിന് വിഹിതം നൽകൽ | |

ബ്ലോക്ക് പഞ്ചായത്ത് പ്രദേശത്തെ ഊർങ്ങാട്ടിരി ഗ്രാമപഞ്ചായത്തിൽ നടക്കുന്ന സീതി ഹാജി സ്മാരക മൈത്രെ ജലോത്സവത്തിന് ബ്ലോക്ക് പഞ്ചായത്തിൽ നിന്ന് ഒരു ലക്ഷം രൂപ നൽകാനുള്ള പ്രോജക്ടിന് അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

131

**4.131 <u>കണ്ണൂർ ജില്ലാ പഞ്ചായത്ത്</u>**

കണ്ണൂർ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 14.01.2025-ലെ കത്തും കണ്ണൂർ ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ 16.12.2024-ലെ A2 - 3919/23-ാം നമ്പർ കത്തും (SRG/85/25 - CC/798/24)

വിഷയം:- ജില്ലാ പഞ്ചായത്തിന്റെ കീഴിലുള്ള വിത്തുല്പാദന കേന്ദ്രത്തിന്റെ മതിൽ പുനർ നിർമ്മിക്കുന്നതിന് നോൺ റോഡ് മെയിന്റനൻസ് ഗ്രാന്റ് ഉപയോഗിക്കാൻ അനുമതി സംബന്ധിച്ച്

| | | |
|---|---|---|
| പ്രോ.നം. 684/25 | അടങ്കൽ | 5,30,000 രൂപ (മെയിന്റനൻസ് ഗ്രാന്റ് - നോൺ റോഡ്) |
| പേര് | സംസ്ഥാന വിത്തുല്പാദന കേന്ദ്രം കാങ്കോലിന്റെ മതിൽ പുനർ നിർമ്മാണം. | |

കണ്ണൂർ ജില്ലാ പഞ്ചായത്തിന്റെ നിയന്ത്രണത്തിലുള്ള നാലുകൃഷി ഫാമുകളിലൊന്നാണ് കാങ്കോൽ സ്റ്റേറ്റ് സീഡ് ഫാം. ഫാമുകളിൽ നിന്നുള്ള വരുമാനം തികയാത്തതിനാൽ ഈ ഫാമിന്റെ മതിലിന്റെ പുനർ നിർമ്മാണത്തിന് നോൺ റോഡ് മെയിന്റനൻസ് ഗ്രാന്റ് ഉപയോഗിക്കുവാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

132

**4.132 <u>കുറ്റിപ്പുറം ബ്ലോക്ക് പഞ്ചായത്ത്</u>**

മലപ്പുറം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 15.01.2025-ലെ കത്തും കുറ്റിപ്പുറം ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതിയുടെ 02.07.2024-ലെ 3(2) -ാം നമ്പർ തീരുമാനവും (SRG/97/24 - CC/441/24)

വിഷയം:- കുറ്റിപ്പുറം ബ്ലോക്ക് പഞ്ചായത്തിന്റെ ഇൻഡസ്ട്രീയൽ എസ്റ്റേറ്റിന് ചുറ്റുമതിൽ നിർമ്മാണം/നവീകരണം നടത്തുന്നത് സംബന്ധിച്ച്

| | | |
|---|---|---|
| പ്രോ.നം. 94/25 | അടങ്കൽ | 18,88,900 രൂപ (മെയിന്റനൻസ് ഗ്രാന്റ് - നോൺ റോഡ്) |
| പേര് | കുറ്റിപ്പുറം ബ്ലോക്ക് പഞ്ചായത്ത് ഇൻഡസ്ട്രീയൽ എസ്റ്റേറ്റ് ചുറ്റമതിൽ നവീകരണം | |

കുറ്റിപ്പുറം ബ്ലോക്ക് പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ഇൻഡസ്ട്രീയൽ എസ്റ്റേറ്റിന്റെ ചുറ്റമതിൽ നിർമ്മാണം/ നവീകരണത്തിന് നോൺറോഡ് മെയിന്റനൻസ് ഗ്രാന്റ് ഉപയോഗിക്കാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

133

## 4.133 മാവേലിക്കര ബ്ലോക്ക് പഞ്ചായത്ത്

ആലപ്പുഴ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 08.01.2025-ലെ കത്ത് (SRG/132/24 - CC/9/25)

വിഷയം:- ലൈബ്രറി കൗൺസിലിന്റെ അംഗീകാരമുള്ള ഗ്രന്ഥശാലകൾക്ക് പുസ്തകം വാങ്ങി നൽകാൻ അനുമതി സംബന്ധിച്ച്

| | | |
|---|---|---|
| പ്രോ.നം. 36/25 | അടങ്കൽ | 2,00,000 രൂപ (വികസനഫണ്ട് ജനറൽ) |
| പേര് | ലൈബ്രറികൾക്കാവശ്യമായ പുസ്തകങ്ങൾ വാങ്ങി നൽകൽ | |

മാവേലിക്കര ബ്ലോക്ക് പഞ്ചായത്ത് പരിധിയിലുള്ള ലൈബ്രറി കൗൺസിലിന്റെ അംഗീകാരമുള്ള ഗ്രന്ഥശാലകൾക്ക് പുസ്തകം വാങ്ങി നൽകാൻ പ്രോജക്ട് തയ്യാറാക്കിയിട്ടുണ്ട്. മാർഗ്ഗരേഖ പ്രകാരം ലൈബ്രറി കൗൺസിലിന്റെ അംഗീകാരമുള്ള ഗ്രന്ഥശാലകളിൽ ഭൗതിക സൗകര്യം ഒരുക്കുന്നതിന് ഗ്രാമ/ബ്ലോക്ക് പഞ്ചായത്തുകൾക്ക് വിഹിതം നൽകാം. ഇത്തരം ലൈബ്രറികൾക്ക് പുസ്തകം കൂടി നൽകാമോ എന്ന് വ്യക്തമാക്കി ഈ പ്രോജക്ട് നടപ്പാക്കാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

134

## 4.134 എറണാകുളം ജില്ലാ പഞ്ചായത്ത്

എറണാകുളം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 29.01.2025, 25.01.2025 എന്നീ തീയതികളിലെ കത്തുകളും എറണാകുളം ജില്ലാ പഞ്ചായത്ത് ഭരണസമിതിയുടെ 30.12.2024-ലെ 7(17) -ാം നമ്പർ തീരുമാനവും (SRG/142/25 - CC/32/25)

വിഷയം:- പുത്തൻ വേലിക്കര ഗ്രാമപഞ്ചായത്തിലുള്ള പഞ്ഞിപ്പള്ളം പാലത്തിനിടയിൽ ഷട്ടർ സ്ഥാപിക്കാനുള്ള പ്രോജക്ട് ഇറിഗേഷൻ വകുപ്പ് മുഖേന നടപ്പാക്കുന്നത് സംബന്ധിച്ച്

| | | |
|---|---|---|
| പ്രോ.നം. 1441/25 | അടങ്കൽ | 5,00,000 രൂപ (വികസനഫണ്ട് ജനറൽ) |
| പേര് | ആലങ്ങാട് - ഡിവിഷൻ- തുരുത്തൂർ പഞ്ഞിപ്പള്ളം പാലത്തിനടിയിൽ ഷട്ടർ സാഥാപിക്കൽ - പുത്തൻവേലിക്കര ഗ്രാമപഞ്ചായത്ത് | |

എറണാകുളം ജില്ലയിൽ പുത്തൻവേലിക്കര ഗ്രാമപഞ്ചായത്തിൽ തുരുത്തൂർ പഞ്ഞിപ്പള്ളം പാലത്തിനടിയിൽ ഷട്ടർ സ്ഥാപിക്കുന്നതിന് പ്രോജക്ട് എടുത്തിട്ടുണ്ട്. ഷട്ടർ നിർമ്മാണത്തിനുള്ള പ്രോജക്ടാണ് ഇതെന്നും സിവിൽ പ്രവൃത്തികൾ ഒന്നും ഇല്ലായെന്നും തദ്ദേശസ്വയംഭരണ വകുപ്പ് എക്സിക്യൂട്ടീവ് എഞ്ചിനീയർ അറിയിച്ചിട്ടുണ്ട്. അതിനാൽ ഈ പ്രവൃത്തി ഇറിഗേഷൻ വകുപ്പ് മുഖേന നടപ്പാക്കാനും തുക ഇറിഗേഷൻ വകുപ്പിന് ഡിപ്പോസിറ്റ് ചെയ്യാനും അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

135

## 4.135 എറണാകുളം ജില്ലാ പഞ്ചായത്ത്

എറണാകുളം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 29.01.2025, 25.01.2025 തീയതികളിലെ കത്തുകളും (2 എണ്ണം) എറണാകുളം ജില്ലാ പഞ്ചായത്ത് ഭരണസമിതിയുടെ 30.12.2024-ലെ 3(16) -ാം നമ്പർ തീരുമാനവും (SRG/148/25 – CC/33/25)

വിഷയം:- ജലസേചന വകുപ്പ് മുഖേന തോട് ശുചീകരണ പദ്ധതി നടപ്പാക്കുന്നത് സംബന്ധിച്ച്

| | | |
|---|---|---|
| പ്രോ.നം. 666/25 | അടങ്കൽ | 10,00,000 രൂപ (CFC Tied Grant) |
| പേര് | പാലക്കുഴതോട് ശുചീകരണം - പാലക്കുഴ ഗ്രാമപഞ്ചായത്ത് | |

പാലക്കുഴ ഗ്രാമപഞ്ചായത്തിലെ പാലക്കുഴത്തോട് ശുചീകരണത്തിന് എറണാകുളം ജില്ലാ പഞ്ചായത്ത് പ്രോജക്ട് തയ്യാറാക്കിയിട്ടുണ്ട്. ഇതിനുള്ള തുക ഇറിഗേഷൻ വകുപ്പിന് ഡെപ്പോസിറ്റ് ചെയ്ത് ഇറിഗേഷൻ വകുപ്പ മുഖേന നടപ്പാക്കാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

136

## 4.136 വോർക്കാടി ഗ്രാമപഞ്ചായത്ത്

കാസർഗോഡ് പ്ലാനിംഗ് ഓഫീസറുടെ 31.01.2025 -ലെ കത്തും വോർക്കാടി ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 12.09.2024-ലെ കത്തും (SRG/152/25 – CC/545/24)

വിഷയം:- ലൈഫ് ഭവന പദ്ധതിക്കായി ലഭിച്ച സംസ്ഥാന വിഹിതവും ലോൺ വിഹിതവും ഉപയോഗിക്കുന്നത് സംബന്ധിച്ച്

ലൈഫ് ഭവന പദ്ധതി ലിസ്റ്റിൽ ഉൾപ്പെട്ടവർക്ക് സംസ്ഥാനാവിഷ്കൃത ഫണ്ടും ലോൺ വിഹിതവും ലഭിക്കാൻ താമസിച്ചു. എന്നാൽ ഗ്രാമ/ബ്ലോക്ക്/ജില്ലാ പഞ്ചായത്ത് വിഹിതം ഉപയോഗിച്ച് ഈ കുറവ് നികത്തി. ഗുണഭോക്താക്കൾക്ക് ധനസഹായം നൽകി. ഇപ്പോൾ സംസ്ഥാന വിഹിതമായി 15,80,012 രൂപയും ഹഡ്കോ ലോൺ വിഹിതമായി 17,41,555 രൂപയും ഉൾപ്പെടെ ആകെ 33,21,567 രൂപ ലഭിച്ചു. സംസ്ഥാനാവിഷ്കൃത വിഹിതം, ലോൺ വിഹിതം എന്നിവയ്ക്ക് പകരമായി ഗ്രാമപഞ്ചായത്ത് വിഹിതം ചെലവഴിച്ച സാഹചര്യത്തിൽ ഇപ്പോൾ ലഭിച്ച വിഹിതം ലൈഫ് ഭവന പദ്ധതിയിൽ ഇനി വീട് നിർമ്മിക്കാനുള്ളവർക്ക് നൽകാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

137

## 4.137 ചവറ ബ്ലോക്ക് പഞ്ചായത്ത്

കൊല്ലം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 31.01.2025-ലെ കത്തും കൊല്ലം ജില്ലാ ആസൂത്രണ സമിതിയുടെ 18.11.2024-ലെ യോഗത്തിന്റെ മിനിറ്റ്സും (SRG/150/25 – CC/30/25)

വിഷയം:- ബ്ലോക്ക് പഞ്ചായത്തിൽ സംയുക്ത പ്രോജക്ടായി ഡബിൾ ചേംബേർഡ് ഇൻസിനറേറ്റർ സ്ഥാപിക്കുന്നത് സംബന്ധിച്ച്

| | | |
|---|---|---|
| പ്രോ.നം. 144/25 | അടങ്കൽ | 1,48,00,000 രൂപ |
| | | TSC വിഹിതം - 13,99,844 രൂപ |
| | | തനത് ഫണ്ട് - 31,70,976 രൂപ |
| | | ഗ്രാമപഞ്ചായത്ത് വിഹിതം - 85,00,000 രൂപ |
| | | നിർമ്മൽ പുരസ്കാര അവാർഡ് വിഹിതം - 17,29,180 രൂപ |
| പേര് | ഡബിൾ ചേംബേർഡ് ഇൻസിനറേറ്റർ സ്ഥാപിക്കൽ | |

ചവറ ബ്ലോക്ക് പഞ്ചായത്തിന് TSC വിഹിതമായി ലഭിച്ച 13,99,844 രൂപയും നിർമ്മൽ പുരസ്കാരമായി ലഭിച്ചതിൽ 17,29,180 രൂപയും ചെലവഴിക്കാതെ ബാക്കിയായി ഉണ്ട്. ഈ തുകയും തനതു ഫണ്ടും ഗ്രാമപഞ്ചായത്തുകളുടെ വിഹിതവും ഉപയോഗിച്ച് ഡബിൾ ചേംബേർഡ് ഇൻസിനറേറ്റർ സ്ഥാപിക്കാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.TSC വിഹിതവും നിർമ്മൽ പുരസ്കാരവും ഉപോഗിക്കുന്നതിന് കോഓർഡിനേഷൻ കമ്മിറ്റിയുടെ അനുമതി വാങ്ങണമെന്ന നിബന്ധനയോടെയാണ് ജില്ലാ ആസൂത്രണസമിതി ഈ പ്രോജക്ടിന് അനുമതി നൽകിയത്.

138

### 4.138 നീലേശ്വരം ബ്ലോക്ക് പഞ്ചായത്ത്

കാസർഗോഡ് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 31.01.2025-ലെ കത്ത്. (SRG/153/25 - CC/591/25)

വിഷയം:- ബ്ലോക്ക് തലത്തിൽ പ്രവർത്തിക്കുന്ന അഗ്രോ സർവ്വീസ് കേന്ദ്രങ്ങളുടെ ഉപകരണങ്ങൾ റിപ്പയർ ചെയ്യുന്നത് സംബന്ധിച്ച്

| | | |
|---|---|---|
| പ്രോ.നം. 80/25 | അടങ്കൽ | 2,50,000 രൂപ (തനത് ഫണ്ട് ) |
| പേര് | അഗ്രോ സർവ്വീസ് സെന്ററിലെ കാർഷിക ഉപകരണങ്ങളുടെ റിപ്പയർ. | |

പതിനാലാം പഞ്ചവത്സര പദ്ധതി സബ്സിഡി ധനസഹായ മാർഗരേഖ പ്രകാരം സ്ഥിരമായി കാർഷിക യന്ത്രോപകരണങ്ങളും ജലസേചന മോട്ടോറുകളും ഉപയോഗിച്ച് കൃഷി ചെയ്തുവരുന്ന നാമമാത്ര ചെറുകിട കർഷകർ, കർഷക ഗ്രൂപ്പുകൾ, കാർഷിക കർമ്മസേന എന്നിവർക്ക് വർഷത്തിൽ ഒരുതവണ അറ്റകുറ്റപ്പണിക്ക് ധനസഹായം നൽകാം. നെൽകൃഷിക്ക് ആണെങ്കിൽ വർഷത്തിൽ രണ്ട് തവണ നൽകാം. പൊതുവിഭാഗത്തിന് 50% (പരമാവധി 5000 രൂപ) പട്ടികജാതി വിഭാഗത്തിന് 75% (പരമാവധി 7500 രൂപ) പട്ടികവർഗ്ഗ വിഭാഗത്തിന് 100% എന്ന നിരക്കിലാണ് നൽകാവുന്നത്. മുകളിൽ പറഞ്ഞ ഗുണഭോക്തൃഗ്രൂപ്പുകൾക്കൊപ്പം ബ്ലോക്ക് പഞ്ചായത്തിന്റെ അഗ്രോ സർവീസ് സെന്ററുകൾ കൂടി ഉൾപ്പെടുത്തണമെന്നും ഇത്തരം സർവീസ് സെന്ററുകളുടെ ഉപകരണങ്ങളുടെ റിപ്പയറിംഗിന് 90% ധനസഹായം നൽകണമെന്ന് ആവശ്യപ്പെട്ടിരിക്കുന്നു.

139

### 4.139 തിരുവനന്തപുരം കോർപ്പറേഷൻ

തിരുവനന്തപുരം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 09.01.2025-ലെ കത്തുകളും (2 എണ്ണം) തിരുവനന്തപുരം കോർപ്പറേഷൻ സെക്രട്ടറിയുടെ 23.10.2024-ലെ J1/83020/23-ാം നമ്പർ കത്തും അനുബന്ധരേഖകളും (SRG/52/25 - CC/742/24)

വിഷയം:- നിലവിലെ വീടുകളിൽ വയോജനങ്ങൾക്കായി പ്രത്യേക മുറി നിർമ്മിച്ചു നൽകുന്നത് സംബന്ധിച്ച്

| | | |
|---|---|---|
| പ്രോ.നം. 109/25 | അടങ്കൽ | 50,00,000 രൂപ |
| | | വികസനഫണ്ട് ജനറൽ - 1,00,000 രൂപ |
| | | തനത് ഫണ്ട് - 49,00,000 രൂപ |
| പേര് | വയോജന മുറി | |

തിരുവനന്തപുരം നഗരസഭ നിലവിലുള്ള വീടിനോട് ചേർന്ന് 60 വയസ്സ് കഴിഞ്ഞ വയോജനങ്ങൾക്ക് പ്രത്യേകമുറി നിർമ്മിച്ചു നൽകുന്നതിന് നൂതന പ്രോജക്ട് തയ്യാറാക്കിയിട്ടുണ്ട്. ഇതിന് ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരം ലഭിച്ചില്ല. 120 സ്ക്വയർ ഫീറ്റ് വിസ്തീർണത്തിൽ മുറി നിർമ്മിക്കുന്നതിന് 2 ലക്ഷം രൂപയാണ് നൽകാൻ ഉദ്ദേശിക്കുന്നത്. ഈ പ്രോജക്ട് നടപ്പാക്കാൻ പ്രത്യേക അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

140

### 4.140 പൂതക്കുളം ഗ്രാമപഞ്ചായത്ത്

കൊല്ലം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 04.01.2025–ലെ കത്തും പൂതക്കുളം ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 27.11.2024 –ലെ SC1/7530/2024 –ാം നമ്പർ കത്തും പൂതക്കുളം ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 19.11.2024–ലെ 6(7)–ാം നമ്പർ തീരുമാനവും ബഹു.കേരള സംസ്ഥാന മനുഷ്യാവകാശ കമ്മീഷന്റെ 20.01.2023–ലെ HRMP നമ്പർ 9340/1111/2019/KLM നമ്പർ ഉത്തരവും ലൈഫ് മിഷൻ ജില്ലാ കോഓർഡിനേറ്ററുടെ 15.11.2024–ലെ കത്തും (SRG/47/25 – CC/764/24)

വിഷയം:– ലൈഫ് ഭവന പദ്ധതി പ്രകാരം സ്ഥലവും വീടും നൽകുന്നത് സംബന്ധിച്ച്

പൂതക്കുളം ഗ്രാമപഞ്ചായത്തിലെ കോട്ടുവൻക്കോണം കോളനിയിൽ താമസിക്കുന്ന ശ്രീ.കൃഷ്ണന് സ്വന്തമായി വീടും ഭൂമിയും ഇല്ല. ഇവർ നിലവിലുള്ള ലൈഫ് ഭവന പദ്ധതി ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ല. ഈ വ്യക്തി മാനസികാസ്വാസ്ഥ്യമുള്ള മകനോടൊപ്പം വാടകവീട്ടിലാണ് താമസിക്കുന്നത്. ഇവർക്ക് ഭൂമിയും വീടും നൽകണമെന്ന് ആവശ്യപ്പെട്ട് ബഹു. കേരള സംസ്ഥാന മനുഷ്യാവകാശ കമ്മീഷന് ഹർജി നൽകി. ഇവർക്ക് ഭൂമിയും വീടും അനുവദിക്കണമെന്ന് ബഹു. മനുഷ്യാവകാശ കമ്മീഷൻ 20.01.2023–ൽ ഉത്തരവായിട്ടുണ്ട്. ഇവർ പുനരധിവാസ കേന്ദ്രത്തിൽ താമസിക്കാൻ തയ്യാറല്ല എന്ന് ഗ്രാമപഞ്ചായത്ത് അറിയിച്ചിട്ടുണ്ട്. ഇതനുസരിച്ച് ഈ കുടുംബത്തിന് ഭൂമിയും വീടും നൽകുന്നതിന് അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

141

**4.141 ഏറാമല ഗ്രാമപഞ്ചായത്ത്**

കോഴിക്കോട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 11.02.2025–ലെ കത്തും ഏറാമല ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 1(8) –ാം നമ്പർ തീരുമാനവും ഏറാമല ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 06.03.2025–ലെ SC2 – 6503/24–ാം നമ്പർ കത്തും (SRG/158/25 – CC/34/2025)

വിഷയം:– ഹെൽത്ത് ഗ്രാന്റ് ഉപയോഗിച്ച് സബ്സെന്റർ നിർമ്മിക്കുന്നത് സംബന്ധിച്ച്

| | | |
|---|---|---|
| പ്രോ.നം. 325/25 | അടങ്കൽ | 27,75,000 രൂപ (ഹെൽത്ത് ഗ്രാന്റ്) |
| *പേര്* | *ഓർക്കാട്ടേരി സൗത്ത് ആരോഗ്യ ഉപകേന്ദ്രം , കാർത്തികപ്പള്ളി* – ഏറാമല ഗ്രാമപഞ്ചായത്തിൽ ഓർക്കാട്ടേരി സൗത്ത് ഹെൽത്ത് ആന്റ് വെൽനെസ് സെന്ററിന് കെട്ടിടം നിർമ്മിക്കുന്നതിന് | |

കാർത്തികപ്പള്ളി സബ്സെന്ററിന് കെട്ടിടം നിർമ്മിക്കുന്നതിന് സ്കീം 1 –ൽ 55.00 ലക്ഷം രൂപ ഹെൽത്ത് ഗ്രാന്റിൽ നിന്നനുവദിച്ചിരുന്നു. എന്നാൽ ബഹു. രാജ്യസഭാ MP (ശ്രീ. ബിനോയ് വിശ്വം) യുടെ MPLAD ഫണ്ടിൽ നിന്ന് ഈ സെന്ററിന് കെട്ടിടം നിർമ്മിച്ചു. അതിനാൽ കാർത്തികപ്പള്ളി സബ്സെന്ററിന് അനുവദിച്ച ഹെൽത്ത് ഗ്രാന്റ് ഓർക്കാട്ടേരി സൗത്ത് ഹെൽത്ത് ആന്റ് വെൽനസ് സെന്ററിന് മാറ്റി അനുവദിക്കണമെന്നാവശ്യപ്പെട്ടിരിക്കുന്നു. ഇത് കോഴിക്കോട് ജില്ലാ മെഡിക്കൽ ഓഫീസറും ശുപാർശ ചെയ്തിട്ടുണ്ട്.

142

**4.142 കടലുണ്ടി ഗ്രാമപഞ്ചായത്ത്**

കോഴിക്കോട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 18.02.2025–ലെ കത്തും കടലുണ്ടി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 11.02.2025–ലെ 400996/DPO C01/GPO/2025/834/(2) –ാം നമ്പർ കത്തും (SRG/166/25 – CC/85/2025)

വിഷയം:– ഹെൽത്ത് ഗ്രാന്റുപയോഗിച്ച് കുടുംബാരോഗ്യ സബ്സെന്ററിന് കെട്ടിടം നിർമ്മിക്കുന്നതു സംബന്ധിച്ച്

ചാലിയം കുടുംബാരോഗ്യ കേന്ദ്രത്തിന് കീഴിലെ മുരികല്ലിങ്ങൽ സബ്സെന്ററിന് കെട്ടിടം നിർമ്മിക്കാനായി 55.00 ലക്ഷം രൂപ ഹെൽത്ത് ഗ്രാന്റിനത്തിൽ ലഭിച്ചിട്ടുണ്ട്. എന്നാൽ സബ് സെന്റർ പണിയുന്നതിന് നിർദ്ദിഷ്ട സ്ഥലത്തെ മണ്ണ് പരിശോധിച്ചപ്പോൾ 18 മീറ്റർ ആഴത്തിൽ പൈലിംഗ് നടത്തണം. ഇപ്രകാരം പൈലിംഗ് നടത്തി കെട്ടിടം നിർമ്മിക്കാൻ ഒരു കോടി രൂപയെങ്കിലും വേണം. അതിനാൽ മുരികല്ലിങ്ങൽ സബ്സെന്ററിന് അനുവദിച്ച തുക ചാലിയം

ഗ്രാമപഞ്ചായത്തിലെ തന്നെ ചാലിയം സബ്സെന്ററിന്റെ കെട്ടിട നിർമ്മാണത്തിലേയ്ക്ക് മാറ്റി നൽകണമെന്നാവശ്യപ്പെട്ടിരിക്കുന്നു. ചാലിയം കുടുംബാരോഗ്യ കേന്ദ്രം 1, 3, 4 വാർഡുകളിലെ 1800 കുടുംബങ്ങൾക്ക് പ്രയോജനം ലഭിക്കുന്നതാണെന്നും ചാലിയം കുടുംബാരോഗ്യ കേന്ദ്രത്തിലെ മെഡിക്കൽ ഓഫീസർ അറിയിച്ചിട്ടുണ്ട്.

143

**4.143 മൃഗസംരക്ഷണ വകുപ്പ്**

മൃഗസംരക്ഷണ വകുപ്പ് ഡയറക്ടറുടെ 18.02.2025-ലെ AHD/814/2025 - E2 നമ്പർ കത്തും കോഓർഡിനേഷൻ കമ്മിറ്റിയുടെ 30.01.2025-ലെ 4.85 -ാം നമ്പർ തീരുമാനവും (SRG/216/25)

വിഷയം:- ABC പദ്ധതിയുടെ ഭാഗമായി തെരുവുനായ്ക്കൾക്ക് ട്രാൻസ്പോർട്ടേഷൻ ചാർജ്ജ് വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച്

സർക്കാരിന്റെ 23.08.2022-ലെ 2065/2022/തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം ABC പദ്ധതിയുടെ ഭാഗമായി തെരുവുനായ്ക്കളെ പിടികൂടി സെന്ററിൽ എത്തിച്ച് സർജറിക്കുശേഷം തിരികെ പിടികൂടിയ സ്ഥലത്ത് വിടുന്നതിന് 300 രൂപ ഡോഗ് കാച്ചേഴ്സിന് നൽകാം. ഇതിന് പുറമെ വാഹന കൂലി ഇനത്തിൽ 200 രൂപയും നൽകാം. എന്നാൽ ABC സെന്ററുമായുള്ള ദൂരം കൂടുതലായതിനാലും ഉയർന്ന വാടക കാരണവും ഡോഗ് കാച്ചർമാർ ജോലിയിൽ നിന്നു വിട്ടു നിൽക്കുന്നു. അതിനാൽ ABC കേന്ദ്രം സ്ഥിതി ചെയ്യുന്ന ഗ്രാമപഞ്ചായത്ത്/നഗരസഭയിൽ നിന്ന് നായയെ പിടിക്കുമ്പോൾ 200 രൂപയായി നിലനിർത്തി മറ്റു ഗ്രാമപഞ്ചായത്ത്/ നഗരസഭയിൽ പോയി നായയെ പിടിക്കുന്നതിന് 400 രൂപയായി വർദ്ധിപ്പിക്കണമെന്ന് ആവശ്യപ്പെട്ടിരിക്കുന്നു.

144

**4.144 പനങ്ങാട് ഗ്രാമപഞ്ചായത്ത്**

കോഴിക്കോട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 18.02.2025-ലെ കത്തും പനങ്ങാട് ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 27.01.2025-ലെ 1(2)-ാം നമ്പർ തീരുമാനവും (SRG/167/25 - CC/88/2025)

വിഷയം:- വയോജനങ്ങൾക്കായി റേഡിയോ വാങ്ങി നൽകുന്നതിനുള്ള പ്രോജക്റ്റിന് അനുമതി സംബന്ധിച്ച്.

| | | |
|---|---|---|
| പ്രോ.നം. 73/25 | അടങ്കൽ | 50,000 രൂപ (വികസനഫണ്ട് - ജനറൽ) |
| *പേര്* | *വയോജനങ്ങൾക്ക് റേഡിയോ* | |

കിടപ്പിലായ രോഗികൾക്കും പ്രായാധിക്യം മൂലം വീടിന് പുറത്ത് പോകാൻ കഴിയാത്തവർക്കും മാനസിക ആരോഗ്യത്തിനും ഉല്ലാസത്തിനുമായി റേഡിയോ വാങ്ങി നല്കാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

145

**4.145 ആരക്കുഴ ഗ്രാമപഞ്ചായത്ത്**

MGNREGS മിഷൻ ഡയറക്ടറുടെ 13.01.2025-ലെ NREGA/303/2023/A4 നമ്പർ കത്തും ആരക്കുഴ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 11.12.2024-ലെ SC1-421/24-ാം നമ്പർ കത്തും അനുബന്ധരേഖകളും (SRG/261/25 , LSGD/DD2/14/2025/LSGD)

വിഷയം:- എറണാകുളം ജില്ലയിൽ ആരക്കുഴ ഗ്രാമപഞ്ചായത്തിൽ MGNREGS പദ്ധതിയിൽ ഏറ്റെടുത്ത റോഡ് പ്രവൃത്തികളുടെ ബിൽ തുക നൽകുന്നത് സംബന്ധിച്ച്

ആരക്കുഴ ഗ്രാമപഞ്ചായത്തിൽ കടുക്കാസിറ്റി തൃക്കാരക്കുന്നേൽ റോഡ് കോൺക്രീറ്റിംഗ്, മാറ്റാപ്പിള്ളി മലമാളിയകത്തടം തൊണ്ട് കോൺക്രീറ്റിംഗ് എന്നീ പ്രവൃത്തികൾ 2020-21 വർഷത്തിൽ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്നു. ഈ പ്രവൃത്തികൾക്കാവശ്യമായ സാധന സാമഗ്രികൾ ശ്രീ. പി.കെ. ശിവൻ, പുന്നക്കുഴിയിൽ വീട്, ശ്രീ. എ.കെ. വാസുദേവൻ, ആരാശ്ശേരിൽ എന്നിവരാണ് നൽകിയത്. ഈ പ്രവൃത്തികളുടെ നിർവ്വഹണ വേളയിൽ മസ്റ്റർ റോൾ എടുക്കാത്തതിനാൽ കരാറുകാരന് മെറ്റീരിയൽ സപ്ലൈ ചെയ്തതിന്റെ തുക നൽകാൻ കഴിഞ്ഞില്ല. തുടർന്ന് കരാറുകാരൻ ബഹു. MGNREGS ഓംബുഡ്സ്മാന് പരാതി നൽകി. ശ്രീ.എം.കെ. വാസുദേവന് 2,95,950 രൂപയും ശ്രീ ശിവന് 4,20,473 രൂപയുമാണ് കരാർ പ്രകാരം ലഭിക്കേണ്ട തുക. ഈ തുക 31.03.2023-നകം MGNREGS ഫണ്ടിൽ നിന്നോ ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നോ

യുക്തമായ മറ്റ് സ്രോതസ്സിൽ നിന്നോ നൽകാൻ ബഹു.ഓംബുഡ്സ്മാൻ 13.03.2023-ൽ ഉത്തരവായി. ഈ പ്രവൃത്തിയുമായി ബന്ധപ്പെട്ട് വീഴ്ച വരുത്തിയ ഉദ്യോഗസ്ഥരുടെ പേരിൽ വകുപ്പുതല നടപടി സ്വീകരിക്കാനും ഉത്തരവായിട്ടുണ്ട്. തുക കിട്ടാൻ കാലതാമസമുണ്ടായതിനാൽ മുകളിൽ പറഞ്ഞ കാരാറുകാർ ബഹു. ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്തു. ഒപ്പം ഗ്രാമപഞ്ചായത്ത് അപ്പീലും നൽകി. ബഹു. ഓംബുഡ്സ്മാന്റെ ഉത്തരവ് പ്രകാരമുള്ള തുക പരാതിക്കാർക്ക് 3 മാസത്തിനകം നൽകാൻ ബഹു. ഹൈക്കോടതി 13.11.2024-ന് WP(C)Nos.13280, 13331,26029 of 2024 പ്രകാരം ഉത്തരവായിട്ടുണ്ട്.

ഗ്രാമപഞ്ചായത്തിന് തനത് ഫണ്ടില്ലാത്തതിനാൽ MGNREGS ൽ നിന്ന് ഈ തുക നൽകണമെന്ന് ആരക്കുഴ ഗ്രാമപഞ്ചായത്ത് സെക്രട്ടറി MGNREGS മിഷൻ ഡയറക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട്. MGNREGS ന്റെ നടപടിക്രമങ്ങൾ പാലിക്കാതെയാണ് പ്രവൃത്തികൾ ചെയ്തതെന്നതിനാൽ തൊഴിലുറപ്പ് പദ്ധതിയിൽ നിന്ന് തുക നൽകാൻ കഴിയില്ലെന്നും ഈ തുക ഗ്രാമപഞ്ചായത്തിന്റെ വികസനഫണ്ടിൽ നിന്നും നൽകണമെന്നും മിഷൻ ഡയറക്ടർ ആവശ്യപ്പെട്ടിരിക്കുന്നു. ഈ വിഹിതം ഗ്രാമപഞ്ചായത്തിന്റെ വികസനഫണ്ടിൽ നിന്നു നൽകണമെന്ന മിഷൻ ഡയറക്ടറുടെ ആവശ്യം സംബന്ധിച്ച്

146

**4.146 വണ്ടൂർ ബ്ലോക്ക് പഞ്ചായത്ത്**

വണ്ടൂർ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന്റെ 20.01.2025-ലെ A2/100/2025-ാം SRG/260/25) LSGD/FM2/34/2025/LSGD

വിഷയം:- ഡയാലിസിസ് സെന്ററിന്റെ പ്രവർത്തനത്തിന് തദ്ദേശഭരണ സ്ഥാപനങ്ങൾ വിഹിതം വകയിരുത്തുന്നത് സംബന്ധിച്ച്

വണ്ടൂർ താലൂക്കാശുപത്രിയോട് ചേർന്ന് ഒരു ഡയാലിസിസ് സെന്റർ തുടങ്ങുന്നതിനുള്ള സൗകര്യം ഒരുക്കിയിട്ടുണ്ട്. ഇതിന്റെ പ്രവർത്തനം 2025 ഏപ്രിൽ മാസത്തോടെ ആരംഭിക്കാൻ ഉദ്ദേശിക്കുന്നു. ഈ സെന്ററിലേയ്ക്ക് ടെക്നീഷ്യന്മാർ, സ്റ്റാഫ് നേഴ്സ്, ക്ലീനിംഗ് സ്റ്റാഫ്, കോഓർഡിനേറ്റർ എന്നിവർക്കുള്ള വേതനം മരുന്ന്, മെഷീനറി മെയിന്റനൻസ് എന്നിവയ്ക്കായി ഒരു കോടി രൂപയോളം ചെലവ് പ്രതീക്ഷിക്കുന്നു. ഇതിനായി വണ്ടൂർ ബ്ലോക്ക് പഞ്ചായത്ത് പ്രദേശത്തെ 6 ഗ്രാമപഞ്ചായത്തുകളിൽ നിന്നും തനതു ഫണ്ടിനത്തിൽ 10.00 ലക്ഷം രൂപ വീതവും വണ്ടൂർ ബ്ലോക്ക് പഞ്ചായത്തിൽ നിന്ന് തനത് ഫണ്ടിനത്തിൽ 10.00 ലക്ഷം രൂപയും എല്ലാ വർഷവും അനുവദിക്കുന്നതിന് അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.